കാവാലം ഗ്രാമപഞ്ചായത്ത്

വികസനരേഖ



“ ഗ്രാമങ്ങളിലൂടെ ഇൻഡ്യ ജീവിയ്ക്കുന്നു. ”



വി. എം. സുധീരൻ **M. P.**

Dr. K. C. ജോസഫ് M. L. A.

അഡ്വ. C. S. സുജാത
പ്രസിഡൻറ്,
ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ജോസഫ് K. നെല്ലുവേലി
പ്രസിഡൻറ്,
വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്

പുഷ്പ പി ജോസഫ്
മെമ്പർ,
ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആദ്യ പ്രസിഡൻറ്

തൊമ്മൻ ജോസഫ്
മുരിക്കുംമുട്ടിൽ

പി.കെ.മുൻഷി
പ്രസിഡൻറ്



ജോസഫ് സെബാസ്റ്റ്യൻ
വൈസ് പ്രസിഡൻറ്

പി.ഉദയകുമാർ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ

ടി.ജി രവീന്ദ്രനാഥൻ പിള്ള
സെക്രട്ടറി

കാവാലം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റുമാർ

★

തൊമ്മൻജോസഫ് മുരിക്കുംമൂട്ടിൽ

★

ചാലയിൽ കേശവപ്പണിക്കർ

★

കെ. വൈ. കുഞ്ഞപ്പായി

★

വി. പി. ജനാർദ്ദനൻ

★

കെ. ഇ. പ്രഭാകരൻനായർ

★

കെ. കെ. ഗോപിദാസ്

★

കെ. വി. കുഞ്ഞച്ചൻ

★

ബേബിമാത്യു

★

പി. വി. രാമഭദ്രൻ

എഡിറ്റോറിയൽ ബോർഡ്

പി.കെ. മുൻഷി

ജോസഫ് സെബാസ്റ്റ്യൻ

റ്റി.ജി. രവീന്ദ്രനാഥൻ പിള്ള

സജി നെൻമലാറയ്ക്കൽ

കാവാലം ഗോപകുമാർ

ഷാജി പുത്തൻപറമ്പ്

സുരേന്ദ്രൻ നായർ

പി.വി. തോമസ്

അശോകൻ

സുരേഷ്

കേശവൻ

രാഘവൻ

കാവാലം ഗ്രാമ പഞ്ചായത്ത് - ഒറ്റ നോട്ടത്തിൽ

പേര്	—	കാവാലം A
വില്ലേജുകൾ	—	കാവാലം & കുന്നുമ്മ ഭാഗീകം
ബ്ലോക്ക്	—	വെളിയനാട്
താലൂക്ക്	—	കുട്ടനാട്
ജില്ല	—	ആലപ്പുഴ
ജില്ലാ പഞ്ചായത്തു ഡിവിഷൻ	—	1 ഭാഗീകം
അസംബ്ളി മണ്ഡലം	—	കുട്ടനാട്
പാർലമെൻറ്	—	ആലപ്പുഴ
വിസ്തീർണ്ണം	—	17.25 ച.കി.മീ.
ജനസംഖ്യ	—	14452 (ജനകീയ ആസൂത്രണ സർവ്വേ)
1991 സെൻസസ്	—	14427
സ്ത്രീകൾ	—	7227
പുരുഷൻമാർ	—	7200

പഞ്ചായത്ത് ഭരണസമിതി

ഓഫീസ്	—	കാവാലം (സ്വന്തംകെട്ടിടം)
പ്രസിഡൻറ്	—	പി. കെ. മുൻഷി
വൈസ് പ്രസിഡൻറ്	—	ജോസഫ് സെബാസ്റ്റ്യൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	—	പി. ഉദയകുമാർ
മെമ്പർമാർ	—	സി. ടി. രാധാമണി
		ഗൗരിക്കുട്ടി ഹരിലാൽ
		രമ വിദ്യാധരൻ
		പി. എൻ. ലികൺ
		കെ. കെ. രമണൻ

ഗ്രാമസഭാ ചിത്രം - കാവാലം പഞ്ചായത്ത്

വാർഡ് നമ്പർ	ഗ്രാമസഭ നടത്തിയ സ്ഥലങ്ങളും	തീയതി	സമയം	ഗ്രാമസഭയിൽ പങ്കെടുത്തവരുടെ എണ്ണം പുരുഷന്മാർ	സ്ത്രീകളും	ആകെ
1.	S. N. D. P. No. 4 ഹാളും, കന്നമ്മ	22-9-96	9 a. m. to 1 p. m.	109	75	184
2.	ലിറിൽ ഫ്ളവർ ഹൈസ്കൂൾ, കാവാലം	22-9-96	2 p. m. to 6 p. m.	107	156	263
3.	ഗവ. L. P S. വെളിയനാട്	29-9 96	2 p. m. to 6 p. m.	88	24	112
4.	കൃപാ തീയേറ്റർ, കാവാലം	29-9-96	9 a. m. to 1 p. m.	48	80	128
5.	ഗവ. L. P. G. S. കാവാലം	2 10-96	9 a. m. to 1 p. m.	83	51	134
6.	ധീവരസഭാ കരയോഗമന്ദിരം, കാവാലം	2-10-96	2 p. m. to 6 p. m.	135	60	195
7.	ശ്രീ. പീതാംബരന്റെ വസതിക്കുസമീപം കാവാലം	9-10-96	9 a. m. to 1 p. m.	106	120	226
8.	സെന്റ് ത്രേസ്യാസ് L. P. S. കാവാലം	9-10-96	1 p. m. to 6 p. m.	99	70	169
			ആകെ	775	636	1411
	പഞ്ചായത്ത് തല ശില്പശാല	16-11-96	10 a. m. to 5 p. m.	107	37	144

ഉള്ളടക്കം

ആമുഖം

ചരിത്രം

പാർപ്പിടം, സാമൂഹ്യക്ഷേമം

വ്യവസായം

വനിത

പട്ടികജാതി – പട്ടികവർഗ്ഗം

സഹകരണം

ആരോഗ്യം – കുടിവെള്ളം

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം – മത്സ്യബന്ധനം

വിദ്യാഭ്യാസം, സംസ്കാരം

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

വിഭവ സമാഹരണം, ബാങ്ക് സ്റ്റേറ്റ്മെൻറ്

ഉപസംഹാരം

തിരുത്തലുകൾ

സപ്ലിമെൻറ്

ആമുഖം

കേരളസംസ്ഥാനത്തിന്റെ ആസൂത്രണ ചരിത്രത്തിൽ പുതിയ അനുഭവമാകാൻ പോകുന്ന ജനകീയ ആസൂത്രണത്തിന്റെ ഒരു പ്രധാന ലക്ഷ്യം ഒമ്പതാം പദ്ധതി അടങ്കലിന്റെ 30-40 ശതമാനം തുകയ്ക്കുള്ള വികസന പരിപാടികൾ താഴെത്തലത്തിൽ തന്നെ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുക എന്നതാണ്.

ഈ ലക്ഷ്യത്തോടെ നമ്മുടെ പഞ്ചായത്ത് വാർഡുകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകൾ ആയിശേഖരിക്കുകയും അവ വികസന ശിൽപ്പശാലയിൽ വച്ച് ക്രോഡീകരിച്ച് വികസന റിപ്പോർട്ടുകൾ ആക്കുന്നതിന്, ജനകീയ ആസൂത്രണ സർവ്വേ, സെക്കൻററി ഡേറ്റാ കളക്ഷൻ, വിവിധ ഡിപ്പാർട്ടുമെൻറിലെ തലവൻമാരുടെ നിർദ്ദേശങ്ങൾ, നാട്ടിലെ വിദഗ്ധൻമാരുടെ അഭിപ്രായങ്ങൾ എന്നിവയുടെ പിൻബലമുണ്ട്.

ഇതിലൂടെ ഉരുത്തിരിയുന്ന വികസന കർമ്മ പദ്ധതികൾ നാട്ടാരുടെദാരിദ്ര്യം, അജ്ഞത, രോഗം എന്നിവ ഇല്ലാതാക്കി നമ്മുടെ കാർഷിക-വ്യാവസായിക - സാംസ്കാരിക - സാമ്പത്തിക - വളർച്ചയെ ത്വരിതപ്പെടുത്തുവാനുള്ള യജ്ഞത്തിൽതാങ്കളുംപങ്കാളിയാകുന്നതിന്ഈവികസന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

ജനകീയ ആസൂത്രണ സമിതി,

കാവാലം പഞ്ചായത്ത്

ചരിത്രം

കുട്ടനാടൻ നെല്ലറയുടെ നായക സ്ഥാനം വഹിക്കുന്ന കാവാലം ഗ്രാമം കായൽ രാജാവിന്റെയും കലാകാരന്മാരുടേയും ജന്മദേശമാണ്. ചെമ്പക ശ്ശേരി രാജസ്മരണയുടെ ചിരസ്മാരകങ്ങളായി നിൽക്കുന്ന ക്ഷേത്രങ്ങളും, പഴയ തറവാടുകളിലെ നെല്ലറകളും ഈ ദേശത്തിന്റെ ചരിത്രം വിളിച്ചോതുന്നവയാണ്. ദ്വീപിന് സമാനമായ സ്ഥലത്തു് വസിച്ച് അശ്രാന്ത പരിശ്രമത്തിലൂടെ ആയിരങ്ങൾക്ക് അന്നം വിളയിക്കുന്ന ഭൂമി കുത്തിച്ചെടുത്ത ഈ ഗ്രാമത്തിൽ മനുഷ്യ വിദ്വേശേഷിയുടെ ഉത്തമ മാതൃകയാണ് നൂറാണ്ടുകൾക്ക് മുൻപ് രൂപപ്പെട്ടത്. മനുഷ്യാദ്ധ്വാനം കൊണ്ട് പരന്നൊഴുകിയ ജലാശയങ്ങളെ വളച്ചുകെട്ടി നെൽപാടങ്ങളാക്കുന്നതിൽ പൂർവ്വികർ വഹിച്ച പങ്ക് ആർക്കാണ് മറക്കാൻ കഴിയുക. കായൽവാരമാണ് കാവാലമായി മാറിയതെന്ന് പറയപ്പെടുന്നു.

പരന്നൊഴുകുന്ന പുണ്യവാഹിനിയായ പമ്പാനദിയുടെ കൈവഴിയും ഇതോട് ചേർന്നുകിടക്കുന്ന മറ്റു ജലാശയങ്ങളും നാടിനെ ഫലഭൂയിഷ്ടമാക്കുന്നു. കർഷകരും കർഷകത്തൊഴിലാളികളും അധിവസിക്കുന്ന ഈ ഗ്രാമത്തിന്റെ കഥ അദ്ധ്വാനത്തിന്റെ കഥ മാത്രമാണ്. കുട്ടനാടിന്റെ ഇതിഹാസകാരനായ തകഴി ശിവശങ്കരപ്പിള്ള ഒരിക്കൽ പറഞ്ഞു: ''കുട്ടനാട് മനുഷ്യാദ്ധ്വാനത്തിന്റെ ഭൂമിയാണ്.'' ബുദ്ധിയും ശക്തിയും സമ്മേളിച്ച അദ്ധ്വാനത്തിന് അതിർവരമ്പുകൾ കണ്ടെത്താൻ കഴിയാത്ത കായലുകൾ കുത്തിച്ചെടുത്തവരുടേയും കുത്ത് യെടുക്കാൻ പോരാനീരാക്കിയവരുടേയും കഥ ഇവിടെ തുടങ്ങുന്നു. കായൽ രാജാവെന്നും പുകൾപെറ്റ മുരിക്കൻറേയും, ആദ്യനാളിൽ കായലുകൾ കുത്തിച്ചെടുത്തതിൽ മുഖ്യ പങ്കുവഹിച്ച ചാലയിൽ ഇരയി രാമകൃഷ്ണപണിക്കരുടേയും പേരുകളും പ്രവൃത്തികളും ആർക്കും മറക്കാൻ കഴിയില്ല. തൊഴിലാളികൾക്കും അതിലേറെ മുതലാളിമാർക്കും ഇടയിൽ അന്നു നിലനിന്ന അകൽച്ചകളും ആശയവ്യത്യാസങ്ങളും നെൽപാടങ്ങൾ രൂപപ്പെടുത്തുന്നതിൽ തടസ്സമായില്ല അന്നുള്ളവർ തുടങ്ങിവച്ച ''ഇന്നു് കഴിയാത്ത'' കായൽ കുത്തിയെടുക്കലും നെൽകൃഷി ഇക്കരും ഇന്നും കാണുന്നവർക്കൊക്കെ അത്ഭുതമായി വർത്തിക്കുന്നു. വ്യത്യാസങ്ങൾ

എന്തൊക്കെയുണ്ടെങ്കിലും അന്നത്തെ പ്രവർത്തികൾ എന്നും വിലമതിക്കുന്നതും ആർക്കും തള്ളിപ്പറയാൻ കഴിയാത്തതുമായി അവശേഷിക്കുന്നു.

സാഹിത്യ നയതന്ത്ര രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച സർദാർ കെ എ . പണിക്കർ ഈ ഗ്രാമത്തിന്റെ അഭിമാനമായിരുന്നു. ഇവിടെ ജനിച്ചുവളർന്ന അദ്ദേഹം നേടിയ സ്ഥാനമാനങ്ങളും പ്രശസ്തിയും അദ്ദേഹത്തിന്റെ സംഭാവനകളും നാടിനും നാട്ടുകാർക്കും എന്നും ഓർക്കാവുന്നതാണ്. കാവാലം മാധവപണിക്കരെന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം 1894 ൽ ചാലയിൽ കുടുംബത്തിലാണ് ജനിച്ചത്. കവിയും ആട്ടക്കഥാകാരനുമായ ഇട്ടിരാരിശമേനോൻ, ഡോ: കെ. പി. പണിക്കർ, ഡോ: കെ. അയ്യപ്പപ്പണിക്കർ, കാവാലം നാരായണപണിക്കർ, കാവാലം വിശ്വനാഥക്കുറുപ്പ്, കാവാലം ബാലചന്ദ്രൻ, കാവാലം ജോസഫ്, കാവാലം ശ്രീകുമാർ, ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന

ചരിത്രൻ സോളമൻ കുന്നമ്മ തുടങ്ങി ഒട്ടനവധി കലാകാരന്മാരുടേയും ജന്മദേശമാണ് ഇവിടം. ജന്മംകൊണ്ട് ഈ ഗ്രാമവാസികളായവരിൽ പല പ്രമുഖരും ഇവിടെനിന്ന് ദൂരെദിക്കിൽ താമസമാക്കുന്നതായാണ് കാണാറുള്ളത്. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി നാട്ടിൽ നിന്ന് മാറിനില്ക്കുമ്പോഴും നാടിന്റെ പേരിൽ അറിയപ്പെടാനോ, അറിയുകയോ ആണ് അവരെപ്പറ്റി ഉണ്ടായ അനുഭവം പേരിലും പെരുമയിലും ഈ ഗ്രാമത്തിലെ പ്രതിഭാധനന്മാർ ഉയർന്നുപോയെങ്കിലും ഗ്രാമത്തിനുമാത്രം അതിനൊത്ത് ഉയരാൻ കഴിഞ്ഞില്ല. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകിടക്കുന്നതും നദികളാൽ വേർതിരിക്കപ്പെട്ടുകിടക്കുന്നതുംമൂലം ഈ ഗ്രാമത്തെ യാത്രാബുദ്ധിമുട്ട് കൂടുതലുള്ള പ്രദേശമാക്കി നിലനിർത്തിപ്പോന്നു.

കാവാലം ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1887 ഹെക്ടറാണ്. നിലം 1322 ഹെക്ടർ, പുരയിടം 350 ഹെക്ടർ, പുറംപോക്ക്— 126 ഹെക്ടർ, കൃഷിയോഗ്യമായ തരിശിടം - 87 ഹെക്ടർ എന്നിങ്ങനെയാണുള്ളത്. 2 വലിയ കായലുകളും എട്ട് പാടശേഖരങ്ങളും ഇവിടെയുണ്ട്.

ഗ്രാമത്തിന്റെ അതിരുകൾ:

വടക്ക് കരിയൂർ മംഗലം പ്രദേശം, തെക്ക് വണ്ടകപ്പള്ളി തോട്, കിഴക്ക് പുളിമൂട് ഉച്ചേത്തറ തോട്, പടിഞ്ഞാറ് ആറുമുഖം തരിശ്ശ്കായൽ എന്നിവയാണ് രാജഭരണകാലത്ത് എട്ട് കുടുംബക്കാരാണ് ഈ ഗ്രാമ ഭരണത്തിനു ചുക്കാൻ പിടിച്ചിരുന്നത്.

വെള്ളത്താൽ ചുറ്റപ്പെട്ട ഗ്രാമമായതിനാൽ ഇവിടുത്തുകാക്ക് യാത്രഎന്നും ബുദ്ധിമുട്ട് ഉളവാക്കിയിരുന്നു. പണ്ട് കമ്പനിവള്ളങ്ങളെയാണ് യാത്രാവാഹനമായി ഉപയോഗിച്ചിരുന്നത്. അദ്ധ്വാനശീലരായ ഗ്രാമീണർക്ക് വള്ളങ്ങളിൽ യാത്ര അന്ന് ആയാസകരമായിരുന്നില്ല. തുടർന്നിങ്ങോട്ട് സ്വകാര്യ ബോട്ട് സർവ്വീസുകളും, പിന്നീട് സർക്കാർ വക ബോട്ട് സർവ്വീസുകളും വരികയാണുണ്ടായത്. 1990 ഓടെയാണ് കുട്ടനാടിനെ കീറിമുറിച്ച് കടന്നുപോകുന്ന പള്ളിക്കുട്ടുമ്മ—നീലംപേരൂർ റോഡിന്റെഭാഗമായി രണ്ടര കിലോമീറ്ററോളം റോഡ് കാവാലം ഗ്രാമത്തിൽക്കൂടി കടന്നുപോകുന്നതിനു നടപടി ആയത്. കായൽ രാജാക്കന്മാരുടെ ദേശമായി അറിയുന്ന ഈ ഗ്രാമത്തിൽപ്പെട്ട പാടത്താണ് ആദ്യമായി ചക്രങ്ങൾക്കു ശേഷം വെള്ളം വറ്റിക്കാനുള്ള നീരാവിയന്ത്രം പ്രവർത്തിപ്പിച്ചത്. ജോർജ് ബ്രണ്ടൻ സായിപ്പിന്റെ നേതൃത്വത്തിൽ മണ്ണെണ്ണ കൊണ്ട് പ്രവർത്തിപ്പിക്കുന്ന എഞ്ചിൻ പ്രവർത്തിപ്പിച്ചുകൊണ്ടാണ് മാറ്റത്തിനു തുടക്കമിട്ടത്.

കാർഷിക സംസ്കാരത്തിന്റെ വിളഭൂമിയായ ഈ ഗ്രാമത്തിലെ രണ്ട് പ്രമുഖ കുടുംബക്കാർ കൃഷിയിടങ്ങൾ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് അവിസ്മരണീയമാണ്. ചാലയിൽ കുടുംബവും, മുരിയ്ക്കുംമൂട്ടിൽ കുടുംബവും വഹിച്ച പങ്ക് മറക്കാനാവാത്തതാണ്. ഇന്ന് കൃഷി നിലങ്ങളായി നാം കാണുന്ന നെൽപാടങ്ങൾ രൂപപ്പെടുത്തുന്നതിൽ അവർ വഹിച്ച പങ്കിനോടൊപ്പം തന്നെ പണിയെടുത്തവരായി അശ്രാന്ത പരിശ്രമികളായ ആയിരക്കണക്കിന് തൊഴിലാളികളും അവർക്ക് വഴികാട്ടിയായി നിന്നവരുമുണ്ട്. അതിൽ മുരിക്കന്റെ കായൽ രൂപപ്പെടുത്തൽ ആശയത്തിന് പ്രവൃത്തിരൂപം നൽകാൻ അരയും തലയും മുറുക്കി ഇറങ്ങിയ പള്ളിവാതുക്കൽ പോത്തൻമാത്യു (മാത്തച്ചൻ) വിന്റെ പേര് എടുത്തു പറയേണ്ടതാണ്, കാവാലം പഞ്ചായത്തിലെ 1370 ഏക്കർ വരുന്ന രാമരാജപുരം കായലാണ് ആദ്യമായി ചാലയിൽ ഇരവി രാമകൃഷ്ണപണിക്കർ മുൻകൈ എടുത്ത് കൃത്തിച്ചെടുത്തത്. രാജഭരണകാലത്താണ് കായലുകളൊക്കെ കൃത്തിയെടുത്തത്, ഇതിന് മുന്നോട്ട വന്നവർക്ക് ആവശ്യമായ സഹായങ്ങൾ അവർ ചെയ്തു കൊടുത്തിരുന്നതായും പറയുന്നുണ്ട്. ഭൂപരിഷ്കരണ നിയമം നിലവിലില്ലാതിരുന്നതിനാൽ അന്ന് എത്ര ഏക്കർ ഭൂമി വേണമെങ്കിലും ആർക്കും കൈവശം വയ്ക്കാമായിരുന്നു, കൃഷിയിടങ്ങൾ രൂപപ്പെടുത്തുന്നതിന് ഇറങ്ങി പുറപ്പെട്ടവരുടെ പിന്നാലെ നിന്ന തൊഴിലാളികളെ കൈയ്മെയ് മറന്ന് പണിയെടുത്ത് രൂപപ്പെടുത്തിയ കായൽ നിലങ്ങൾ ഒടുവിൽ അവരുടെ വരും തലമുറയ്ക്ക്തന്നെ പ്രയോജനം ചെയ്തു. 1968 ലെ ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായി 15 ഏക്കറിൽ കൂടുതൽ ഭൂമി ഒരാൾ കൈവശം വയ്ക്കരുതെന്ന് നിയമം വരികയും ഭൂരഹിതരായ അനേകംപേർക്ക് സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി പതിച്ചുനൽകുകയുമാണ് പിന്നീട് ചെയ്തത്.

32000 പറനിലം സ്വന്തമായി കൃഷിചെയ്തു 300 കുടുംബങ്ങൾക്ക് നിത്യവും കൃഷിപ്പണി നല്കിയ ആളായിരുന്ന കായൽ രാജാവെന്ന പില്ക്കാലത്തു

അറിയപ്പെട്ട മുരിക്കുംമൂട്ടിൽ തൊമ്മൻ ജോസഫ്. കാവാലം ഗ്രാമത്തിന്റെ പ്രഥമ പഞ്ചായത്ത് പ്രസിഡന്റു കൂടിയായിരുന്ന ഇദ്ദേഹം കാർഷികമേഖലയ്ക്ക് നല്കിയ സംഭാവനകളും ശാസ്ത്രജ്ഞന്മാർക്കു തന്നെ ഇന്ന് അൽഭുതമുളവാക്കുന്നവയാണ്. കാവാലം ആലപ്പുഴ റൂട്ടിൽ ബോട്ട് സർവ്വീസ് ആരംഭിക്കാൻ വേണ്ടി തോട്ടപ്പെട്ടന്നതിനു അദ്ദേഹം മുൻകൈ എടുത്തു പ്രവത്തിച്ചു. പിതാവിന്റെ സഹായവും പ്രചോദനവും ഒത്തു കൂടുകയും അന്ന് ചീഫ് സെക്രട്ടറിയായിരുന്ന മങ്കാമ്പ് നീലകണ്ഠയ്യരുമായുള്ള പരിചയവും മുരിക്കനു കായൽകൃത്തിയെടുക്കുന്നതിനു സഹായകമായി. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ സഹായവുംകൂടി കൃഷിയിടം രൂപപ്പെടുത്താൻ ലഭിച്ചപ്പോൾ കേരളത്തിന്റെ നെല്ലറയെന്നു പേരുകേട്ട കുട്ടനാടൻ നെല്പാടങ്ങളുടെ കൂട്ടത്തിൽ റാണി, ചിത്തിര, മാത്താണ്ഡം കായലുകളുംകൂടി രൂപപ്പെട്ടു. കാവാലം ഗ്രാമത്തിൽ നിന്നാണ് അന്ന് റാണി, ചിത്തിര കായലുകളും കൃത്തിയെടുക്കാൻ കൂടുതൽ തൊഴിലാളികളെ കൊണ്ടുപോയതു്. മുരിക്കന്റെ ബന്ധുവായ പള്ളിവാതുക്കൽ പോത്തൻ മാത്യുവാണു് (മത്തച്ചൻ) അന്ന് കായൽ കൃത്തിയെടുക്കാനുള്ള ആശയത്തിനു പ്രായോഗിക രൂപംനൽകാൻ തൊഴിലാളികൾക്കു മുന്നിൽ നിന്നു നിർദ്ദേശം നൽകിയതു്. ഈ അനുഭവത്തിൽനിന്നായിരിക്കാം സാങ്കേതിക വിദ്യ പരാജയപ്പെട്ട തണ്ണീർമുക്കം ബണ്ടു് കൂട്ടിയോജിപ്പിക്കുന്ന പ്രവത്തനത്തിനു് മാത്തച്ചൻ നേതൃത്വം കൊടുത്തതു്. വിശ്വവിഖ്യാതമായ നെഹ്രുട്രോഫി അരങ്ങേറുന്ന പുന്നമടക്കായലിനു നടുവിലുള്ള ''ഐലൻറ്'' രൂപപ്പെടുത്തുന്നതിലും ഇദ്ദേഹം വഹിച്ച പങ്കു് അവിസ്മരണീയമാണ്. മുരിക്കുംമൂട്ടിൽ തൊമ്മൻ ജോസഫ് കായൽ കൃത്തിയെടുക്കാൻ ആശയവും പണവും ലഭ്യമാക്കിയപ്പോൾ അതു് തൊഴിലാളികളെക്കൊണ്ടു് പ്രവൃത്തിപഥത്തിൽ എത്തിച്ചതിനു് ഭഗീരഥപ്രയത്നം നടത്തിയതു് മത്തച്ചനായിരുന്നു.

മണ്ണിനോടും കൃഷിയോടും ഏറെ ആധിപത്യം കാട്ടിയിരുന്ന മുരിക്കും മൂട്ടിൽ തൊമ്മൻ ജോസഫ് മിക്ക ദിവസവും കായലിൽ പോയിരുന്നു. തൊഴിലാളികൾക്ക് വൈകുന്നേരങ്ങളിൽ കൂലിനൽകുന്നതും ചിലവേളയിൽ അദ്ദേഹം തന്നെയായിരുന്നു എന്നും പറയുന്നു. ഒരുവർഷം കൊണ്ടാണ് ചിത്തിര കായൽ കൃത്തിയെടുത്തത്. രാജഭരണകാലത്തു് കായൽ കൃത്തിയെടുക്കാൻ ലഭിച്ച സഹായങ്ങൾ പരിഗണിച്ചാകാം അന്ന് കായലുകൾക്കൊക്കെ രാജാക്കന്മാരുടേയും മറ്റും പേര് നൽകിയത്. ശ്രീചിത്തിര തിരുനാൾ മഹാരാജാവാണ് ചിത്തിരകായലിലെത്തി തളികയിൽ വിത്തു് വിതച്ചു് കൃഷിയിറക്ക് ഉൽഘാടനം ചെയ്തത്. രാജകുടുംബാംഗങ്ങളുടെ പേര് കായലുകൾക്ക് നൽകുകവഴി (റാണി, മാർത്താണ്ഡം എന്നിവയ്ക്കു്) മുരിക്കൻ ഒരിക്കലും മറക്കാനാവാത്ത നെൽപാടങ്ങൾക്ക് നാമകരണം ചെയ്യുകയാണെന്നു് അന്നു് ആരും കരുതിയിരിക്കില്ല.

എട്ടു് മണിക്കുറായിരുന്ന അന്ന് തൊഴിലാളികളുടെ പാടത്തെ ജോലിസമയം. ആറു് കൂലിയാൻ നെല്ലായിരുന്ന കൂലി നൽകിയിരുന്നതു്. ഒരു കൂലിയാൻ എന്നാൽ ഒന്നരനാഴി നെല്ല് ആണ്. മൂപ്പൻമാരായി നിന്നവർക്കു് എട്ടു് കൂലിയാൻവരെ നെല്ല് നല്കിയിരുന്നു. ചിത്തിര കായലിലെ ആദ്യ കൃഷിയിൽനിന്നു് 16 വിളവ് ലഭിച്ചതായി കൃഷിപണിക്കാരായിരുന്നവർ പറയുന്നു. ഒരു പറ നെല്ലിനു് ആറേമുക്കാൽ ചക്രമായിരുന്നു അന്നത്തെ വില. ഭക്ഷ്യക്ഷാമം രൂക്ഷമായ വേളയിൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുക കൂടി ചെയ്തപ്പോൾ നെല്ലിനു് വില ലഭിക്കുകയും അതു് കൃഷി തുടരുന്നതിനു് സഹായകരമാവുകയും ചെയ്തു. 1800 ഏക്കർ വരുന്ന റാണി, ചിത്തിര, മാർത്താണ്ഡം കായലുകളും ട്രേവൻകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് കായൽ കൃത്തിയെടുക്കുന്നതിനു് പാട്ടത്തിനു നൽകിയതു്. പിന്നീടതു് ഭൂരഹിതരായ കർഷകതൊഴിലാളികൾക്കു് പതിച്ചു നൽകി. 5 പറ നിലം മുതൽ 10 പറ നിലത്തിനു വരെ ഉടമകളായ കർഷകതൊഴിലാളികളും അവരുടെ മുൻതലമുറക്കാരുടെ കഠിനാദ്ധ്വാനത്തിന്റെ സുകൃതം അനുഭവിക്കാൻ ഭാഗ്യം ലഭിക്കുമെന്നു് കരുതിക്കാണില്ല.

പഴയ കാലഘട്ടത്തിലെ നെൽപാടങ്ങൾക്ക് ഇന്നത്തേതിൽ നിന്നും ഏറെ വ്യത്യാസമുണ്ടായിരുന്നു. മുളയും ചവറും ഉപയോഗിച്ചു് പുറം വരമ്പ് ബലപ്പെടുത്തിയാണ് അന്നു് നെൽകൃഷി ഇറക്കിയിരുന്നതു് തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പിൽവേയും രൂപപ്പെട്ടിട്ടില്ലാതിരുന്നതിനാൽ കൃഷിരീതിയിൽ കാതലായ മാറ്റമൊന്നുമില്ലായിരുന്നു. രാസവളവും കീടനാശിനിയും ഉപയോഗിക്കാതെയുള്ള കൃഷിസമ്പ്രദായത്തിൽ പ്രായോഗിക പരിചയത്തിനായിരുന്നു മുൻതൂക്കം. ഞാറ് നടീലിനു് ഞാറുപാട്ട അന്നു് നിർബന്ധം പോലെയായിരുന്നു. പാട്ടപാടുന്ന തൊഴിലാളിയ്ക്കു് പ്രത്യേകം ഒരു തുകയും നൽകിപോന്നു. കൊയ്ത്തിനു് ശേഷം കർഷകർ കളങ്ങളിൽവച്ചു് നെല്ല് വിൽക്കാറില്ല. വള്ളങ്ങളിൽ പൊലി വാരിക്കൂട്ടി വീടുകളിലെ നെല്ലറകളും നിറ

സ്ഥിക പതിവായിരുന്നു. ഇതിൽ നിന്നുതന്നെ അടുത്ത വർഷത്തെ വിത്തും കണ്ടെത്താൻ പഴയ കർഷകർ മറന്നില്ല.

നെൽപാടങ്ങളും രൂപപ്പെടുത്തിയവർക്കും കൂട്ടനാട്ടിലെ തന്നെ പ്രമുഖ കുടുംബങ്ങളുമായി സൗഹൃദബന്ധമുണ്ടായിരുന്നു. തൊഴിലാളികൾക്കു സംഘടനയും അവകാശ ബോധവും വന്നവേളയിൽ രൂപപ്പെട്ട കാർഷിക സമരങ്ങളും തൊഴിലാളി സമരവും ഇവിടെയും മാറ്റത്തിന്റെ കാറ്റു വീശാൻ പ്രചോദനമേകി. തൊഴിലാളികൾകൂടി നിലം ഉടമകളാകുന്ന ഒരു വ്യവസ്ഥിതി എത്തിയപ്പോഴും അതു പുത്തൻ കാർഷിക സംസ്കാരത്തിനു നാന്ദികുറിച്ചു.

കാവാലം ഗ്രാമത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തിനു കെട്ടിട സൗകര്യം നൽകി പ്രവർത്തിപ്പിക്കുന്നതിലും മുരിക്കുംമൂട്ടിൽ തൊമ്മൻ ജോസഫ് വഹിച്ച പങ്ക് നിസ്തുലമാണ്. ഇന്നു ഗ്രാമപഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം അദ്ദേഹത്തിന്റെ കുടുംബക്കാർ സൗജന്യമായി നൽകിയതാണ്. കാർഷികരംഗത്തെന്ന പോലെതന്നെ സാമൂഹ്യ പുരോഗതിയ്ക്കു ആധാരമായ ഔദ്യോഗിക കാര്യങ്ങൾ നടപ്പാക്കുന്നതിലും അദ്ദേഹത്തിന് താൽപര്യമുണ്ടെന്നു വ്യക്തമാക്കുന്നതാണ് ഈ നടപടി. കാവാലം വഴി കടന്നു പോകുന്നവിധം ആലപ്പുഴയെ ചങ്ങനാശ്ശേരിയുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണവും അദ്ദേഹത്തിന്റെ ഭാവനയിലുണ്ടായിരുന്നു. വെള്ളക്കെട്ടായി ഒറ്റപ്പെട്ട കിടക്കുന്ന കൂട്ടനാട്ടിലെ ഏറ്റവും അവികസിത മേഖലയായ കാവാലം ഗ്രാമത്തിൽ പോസ്റ്റാഫീസും ടെലിഗ്രാഫ് ഓഫീസും പ്രവർത്തിക്കുന്നത് ഇന്നും മുരിക്കുംമൂട്ടിലെ വാടക കെട്ടിടത്തിലാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കർഷക ഗ്രാമത്തിൽ സർക്കാരാഫീസുകൾക്കു കെട്ടിടം നൽകിയതുപോലുള്ള നടപടികളും തുടക്കം മുതലുള്ള ജനപ്രതിനിധികളുടെ പ്രവർത്തനത്തിനു സഹായകമായിരുന്നു.

നാലു വയസ്സിൽ ചാലയിൽ വീട്ടിൽ വെച്ചു അമ്മാവനായിരുന്ന ഇരവി കേശവപ്പണിക്കരുടെ മേൽനോട്ടത്തിൽ മലയാളം അക്ഷരമാല സ്വായത്തമാക്കിയ സർദാർ കെ. എം. പണിക്കർ കുഞ്ചൻനമ്പ്യാരുടെ തുള്ളൽപാട്ടുകളും ഹൃദിസ്ഥമാക്കുന്നതിൽ പ്രാഗത്ഭ്യം കാട്ടിയിരുന്നു. അഞ്ചാം ക്ലാസ്സ് വിദ്യാഭ്യാസത്തിനുശേഷം, അദ്ദേഹം തലവടിയിലും കോട്ടയത്തുമാണ് വിദ്യാഭ്യാസം നടത്തിയതു. പിന്നീടദ്ദേഹം മദ്രാസിലും ഓക്സ്ഫോർഡിലും പഠനത്തിൽ ഏർപ്പെട്ടു. തുടർന്നാണ് സാഹിത്യസപര്യയിൽ ഏർപ്പെട്ടതു. പിന്നീടിങ്ങോട്ട് അദ്ദേഹത്തിന്റെ ഉയർച്ചയുടെ കാലഘട്ടമാണ്. 1933ൽ പാട്യാല മഹാരാജാവുമായി ചങ്ങാത്തം സ്ഥാപിച്ചു. 1948 ൽചൈനയിലെ ഇൻഡ്യൻ അംബാസിഡറായി. 1954ൽ സംസ്ഥാന പുനഃസംഘടനാകമ്മീഷൻ അംഗമായും 1963ൽ മൈസൂർ യൂണിവേഴ്സിറ്റി പ്രൊഫസറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. കൂട്ടനാടൻ നെൽപാടങ്ങളും കായലോളങ്ങളും എന്നും അദ്ദേഹത്തിന് ആവേശം പകർന്നിരുന്ന ഒന്നാണ്. ചാലയിൽതറവീട്ടിൽ കെ. എം പണിക്കർ എത്തിയാൽ അന്നു ഗ്രാമംതന്നെ ഉത്സവ ലഹരിയിൽ അമരുമായിരുന്നു. കവികളും, കലാകാരന്മാരും ആസ്വാദകരും തിങ്ങിക്കൂടി ആട്ടം, പാട്ടം, തുള്ളലും കൊണ്ടു ഗൃഹം മുഖരിതമാകുമായിരുന്നു. നാടിനും നാട്ടാർക്കും ഉത്സവമേളമൊരുക്കുന്ന കവികളുടെ സമ്മേളന വേദിക്കൂടിയായിരുന്നു അന്നു കർഷക മൂലകുടുംബമായ ചാലയിൽ തറവാട്. Dr K P. പണിക്കരുടെ സേവനങ്ങളും പ്രത്യേകം സ്മരണീയമാണ്. മഹാകവി വള്ളത്തോളും ഉൾപ്പടെയുള്ള പ്രതിഭാധനൻമാർ അന്നു കാവാലം ഗ്രാമത്തിൽ സർദാർ കെ. എം പണിക്കരുമായി സൗഹൃദം പങ്കുവയ്ക്കാൻ എത്തിയിരുന്നു എന്നു പറയുമ്പോൾ അന്നത്തെ സാംസ്കാരിക സാമീപ്യം മനസ്സിലാക്കാൻ കഴിയും. 1929 ലാണ് കെ. എം. പണിക്കർ ഉൾപ്പടെയുള്ള സാഹിത്യകാരൻമാർക്കു വായനയ്ക്കു തണലേകിയ കാവാലം ദേശീയ വായനശാല ആൻറ ഗ്രന്ഥശാല രൂപീകൃതമായതു. ഗ്രന്ഥശാലാസംഘം സ്ഥാപക നേതാവുകൂടിയായിരുന്ന അന്തരിച്ച പി. എൻ പണിക്കരുടേയും കാവാലത്തെ പൊതുപ്രവർത്തകരുടേയും നിരന്തര പരിശ്രമഫലമായാണ് പതിമൂന്നാം നമ്പരായി രജിസ്റ്റർ ചെയ്തത് കാവാലം ദേശീയ വായനശാല പ്രവർത്തനം ആരംഭിച്ചതു. വായനശാല രൂപീകരണത്തിനു തറയിൽ നാരായണ പണിക്കർ അനുഷ്ഠിച്ച സേവനങ്ങളും സ്മരണീയമാണ്. സർദാർ കെ. എം. പണിക്കർ, ഡോ: കെ. അയ്യപ്പപണിക്കർ, ശ്രീ. കാവാലം നാരായണ പണിക്കർ തുടങ്ങി വിവിധ സാഹിത്യ സാംസ്കാരിക നായകൻമാർക്കും ഈ വായനശാല വായനാ കേന്ദ്രമായിത്തീർന്നിട്ടുണ്ട്. ഭാരതീയ സംസ്കാരത്തെപ്പറ്റിയും, ദ്രാവിഡ സംസ്കാരത്തിന്റെ മാനുഷിക മൂല്യത്തെപ്പറ്റിയും തന്റെ പുസ്തകങ്ങളിലൂടെ

ലോക ജനതയെ മനസ്സിലാക്കിക്കൊടുത്ത സർദാർ കെ. എം. പണിക്കരുടെ നാമധേയത്തിൽ കാവാലം ദേശീയ വായനശാല പുനർനാമകരണം ചെയ്തത് അദ്ദേഹത്തിന്റെ പേരിൽ ഒരു അനശ്വരസ്മാരകം നിലനിർത്തുന്നതിന് തുല്യമാണ്. 1963 ലാണ് ലോകാരാദ്ധ്യനായ സർദാർ കെ. എം. പണിക്കർ അന്തരിച്ചത്.

ചാലയിൽ കുടുംബത്തിലെ പ്രധാനികളിൽ ഒരാളായ കേശവപണിക്കർ കാവാലം പഞ്ചായത്തു് പ്രസിഡൻറ് കൂടിയായിരുന്നു. ഇദ്ദേഹം കർഷക താൽപര്യം വച്ചുപുലർത്തിയ പ്രമുഖ കർഷകൻ തന്നെയായിരുന്നു. ഏറ്റവും ഒടുവിൽ കത്തിയെടുത്ത മതികായലിൽ അദ്ദേഹത്തിന് ഇപ്പോഴും നിലമുണ്ട്.

ഒരൊറ്റ ആട്ടക്കഥ എഴുതി പ്രസിദ്ധനായ വണ്ടകപ്പള്ളി ഇട്ടിരാരിശ്ശമേനോനും ഈ ഗ്രാമവാസിയായിരുന്നു. ''സന്താന ഗോപാലം'' കഥകളി എഴുതി സാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹത്തെ ഇന്നും കലാകാരൻമാരും പൊതുജനങ്ങളും'' നാടിന്റെ കലാകാരനായി സ്മരിക്കുന്നു. പഴയകാലത്ത് തറവാടുകളോടനുബന്ധിച്ച് കുടുംബക്ഷേത്രങ്ങളും കളരികളും നിലനിന്നിരുന്നു. മുഞ്ഞനാട് തറവാട്ടിലെ കളരിയുടെ അവശിഷ്ടങ്ങളും ഇന്നും കാണാൻ കഴിയും.

പ്രസിദ്ധകവി അയ്യപ്പ പണിക്കരും കാവാലവുമായുള്ള ബന്ധം അഭേദ്യമാണ്. ഓലിക്കൽ തറവാട് അംഗമായ അയ്യപ്പപ്പണിക്കർ വിശ്വസാഹിത്യത്തിൽ അദ്വിതീയസ്ഥാനം അലങ്കരിക്കുന്ന വ്യക്തിയായി മാറിയിട്ടും ഇന്നും അദ്ദേഹം കാവാലം ഗ്രാമവുമായുള്ള ബന്ധം പുതുക്കിപ്പോരുന്നു.

നാടൻ കലകളുടെ ഉപാസകനായി ഇന്നും അറിയപ്പെടുന്ന കാവാലം നാരായണപ്പണിക്കർ നാടകരചനയിലും ഗാനരചനയിലും പുതിയ മാനങ്ങൾ കണ്ടെത്തിയ പ്രതിഭയാണ്. കാളിദാസസമ്മാനം ഉൾപ്പടെയുള്ള ബഹുമതികൾക്ക് അർഹനായ ചാലയിൽ കുടുംബത്തിലെ അംഗമായ നാരായണപ്പണിക്കർ നാടുമായും, വീടുമായുമുള്ള സമ്പർക്കം ഇന്നും നിലനിർത്തിപ്പോരുന്നു. അച്ഛന്റെ പാതപിൻതുടർന്നപോലെ കാവാലം നാരായണപ്പണിക്കരുടെ മകൻ കാവാലം ശ്രീകുമാറും കലാലോകത്തിൽ തന്നെ. ആകാശവാണിയിൽ സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹത്തിന്റെ ഗാനാലാപനം ഇന്നും ആസ്വാദകർക്ക് ആഹ്ലാദകാരിയാണ്.

കായൽ രാജാവായ മുരിക്കുംമൂട്ടിൽ തൊമ്മൻ ജോസഫിന്റെ ജീവിതത്തെ അനുസ്മരിപ്പിക്കുന്ന വിധം ''കായൽരാജാവെന്ന'' നോവൽ എഴുതി കുട്ടനാട്ടുകാരുടെയിടയിൽ മറക്കാനാവാത്ത വ്യക്തിമുദ്ര പതിപ്പിച്ചയാളാണ് കാവാലം വിശ്വനാഥക്കുറുപ്പ്. കുട്ടനാടിന്റെ പഴമയേയും അന്നത്തെ ജനജീവിതവും തന്റെകൃതികളിലൂടെ വരച്ചുകാട്ടുന്നതിൽ ഇദ്ദേഹം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. കാവാലം ഗ്രാമവാസിയായ ഇദ്ദേഹത്തിന് കായലും തീരവും കുട്ടനാടൻ മക്കളും ഹൃദിസ്ഥമായിരുന്നു.

കുന്നുമ്മ നിവാസിയായിരുന്ന ബാലചന്ദ്രനും നാടിന്റെ പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്ന സാഹിത്യകാരനാണ്. പൊതുമരാമത്തുവകുപ്പിലെ ഉദ്യോഗസ്ഥനാണ് ഇദ്ദേഹം.

കുട്ടനാട്ടിലും ആലപ്പുഴയിലും ഉടനീളം ഈ ഗ്രാമവാസികളായ ചിലർ സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരുന്നു. ഇവരൊക്കെ രാഷ്ട്രീയനേതാക്കളും കൂടിയായിരുന്നതിനാൽ ഇന്നും അവരുടെ പേരുകളും മനുഷ്യമനസ്സുകളിൽ മായാതെ നിലനിൽക്കുന്നു.

ഗാനഗന്ധർവ്വന്മാരുടെ ചുണ്ടുകളിലും വള്ളംകളിപ്രേമികളുടെ മനസ്സിലും മായാതെനിൽക്കുന്ന കാവാലം ചുണ്ടൻ നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായി നിൽക്കുന്നു. കൊച്ചുപുരയ്ക്കൽ തൊമ്മൻജോസഫിന്റെ വകയാണ് ചുണ്ടനെങ്കിലും നാടിന്റെ പേരിലാണ് ഈ കളിവെള്ളം അറിയപ്പെടുന്നത്. വെള്ളിത്തിരയിലും പുന്നമടക്കായലിലെ ഓളപ്പരപ്പിലും അത്ഭുതങ്ങൾ സൃഷ്ടിച്ച കാവാലം ചുണ്ടൻ പലതവണ നെഹ്രുട്രോഫി കരസ്ഥമാക്കിയിട്ടുണ്ട്. ചരിത്രപ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവം, എറണാകുളത്തെ ഇന്ദിരാഗാന്ധിട്രോഫി വള്ളംകളി, പുളിങ്കുന്നാറിലെ രാജീവ്ട്രോഫി ജലമേള, കാവാലത്താറ്റിൽ നടന്ന ശ്രീചിത്തിരതിരുനാൾ ട്രോഫി എന്നീ മത്സര വള്ളംകളികളിൽ കാവാലം ജേതാവായിട്ടുണ്ട്. വഞ്ചിപ്പാട്ട പാട്ടുന്നരംഗത്ത് കുന്നുമ്മ അറയ്ക്കൽ സ്കറിയയും പോട്ടയിൽ പരമേശ്വരൻ പിള്ളയും തുഴച്ചിൽക്കാർക്ക് മറക്കാനാവാത്തവരാണ്.

നൂറ്റാണ്ടുകൾ പഴക്കമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും തറവാടുകളും ഈ ഗ്രാമത്തിന്റെ പാരമ്പര്യം വിളിച്ചോതുന്നു. സാമൂഹ്യമാറ്റ

ങ്ങൾക്കുവേണ്ടി യത്നിക്കുന്ന പല പ്രസ്ഥാനങ്ങൾക്കും തുടക്കംകുറിച്ചത് ഈ ഗ്രാമത്തിൽനിന്നാണ്. തച്ചുശാസ്ത്രവിദഗ്ദരായ കാരിക്കശ്ശേരി കേശവനും കടമ്പനാട് ഗോവിന്ദനും നാട്ടിൽ അന്ന് അറിയപ്പെട്ടന്നവരായിരുന്നു.

കാവാലം ഗ്രാമക്കാരുടെ യാത്രാബുദ്ധിമുട്ട് പരിഹരിക്കുന്നതിനു ഒരു പരിധിവരെ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിനു ഇതുവരെ കാര്യമായ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആരോഗ്യപരിപാലനരംഗത്ത് ഒരു പ്രാഥമികാരോഗ്യകേന്ദ്രമുണ്ടെങ്കിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇതുവരെ രൂപപ്പെട്ടിട്ടില്ല. മാരകമായ രോഗങ്ങൾക്കടിമയായി പലരും മരണപ്പെട്ട ഈ ഗ്രാമത്തിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കാനുള്ള ശ്രമം പ്രവൃത്തിപഥത്തിലെത്തിയില്ല. വൈദ്യുതികണക്ഷൻ വ്യാപകമായിട്ടുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമംമൂലം വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു.

മൊത്തം 14452 ജനങ്ങളാണ് കാവാലം ഗ്രാമത്തിലുള്ളത്. ഇതിൽ 137 കുടുംബങ്ങൾക്ക് സ്വന്തമായി താമസയോഗ്യമായ വീടുണ്ടായിട്ടില്ല. 1800 പേർക്ക് നല്ല കക്കൂസുകളും ഇല്ല. 1374 വീടുകൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല. മൊത്തം കാവാലത്തു് 60 പൊതുടാപ്പുകളാണുള്ളത്. ഹൗസ് കണക്ഷനുണ്ട്.

പേരും പെരുമയും നേടിയ നാടിനൊപ്പം ജനങ്ങളുടേയും ജീവിത നിലവാരം മെച്ചപ്പെട്ടത്തേണ്ടതുണ്ട്. വരുമാനത്തിന്റെ നല്ലൊരു പങ്ക് രോഗചികിത്സയ്ക്കായി ചിലവഴിക്കുന്ന ജനവിഭാഗത്തിന്റെ ആരോഗ്യ പരിപാലനത്തിനു് മുന്തിയ പരിഗണന നല്കാൻ നടപടികൾ ഉണ്ടാകേണ്ടതു് ആവശ്യമാണ്. പഞ്ചായത്തിലെ പ്രധാന രംഗമായ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിയ്ക്ക് മാറിയ കാലാവസ്ഥയിൽ വന്നുപെട്ട കഴൽരോഗത്തിന്റെ വെളിച്ചത്തിൽ പ്രതിരോധ നടപടികൾ ആവശ്യമാണ്. വരുംകാലത്തിൽ നെൽകർഷകരെ മുൻകൂട്ടി കീടരോഗബാധ അറിയിക്കാൻ സംവിധാനം ഏർപ്പെടുത്താനുള്ള ബാധ്യത ഇന്നാട്ടിലെ കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്കുണ്ട്.

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽകാലം പ്രസിഡൻറ്പദം അലങ്കരിച്ചിരുന്നതും പരേതനായ ശ്രീ. കെ. വൈ. കുഞ്ഞപ്പായി ആയിരുന്നു. സർവ്വ സമ്മതനായ അദ്ദേഹത്തിന്റെ സേവനങ്ങൾ വിസ്മരിക്കാൻ കഴിയുന്നതല്ല.

ഭൂപരിഷ്കരണനിയമം നടപ്പിലാക്കൽ, കർഷകതൊഴിലാളികളുടെ കൂലിവർദ്ധനവ്,തൊഴിൽസമയം ക്രിപ്പപ്പെടുത്തൽ മുതലായ ആവശ്യങ്ങൾക്കുവേണ്ടി കുട്ടനാടൻ കർഷകതൊഴിലാളികൾ നടത്തിയ ഐതിഹാസികമായ സമരചരിത്രത്തിൽ കാവാലത്തെ കർഷകതൊഴിലാളികൾക്കുള്ള പങ്ക് നിസ്തുലമാണ്.

പാർപ്പിടവും സാമൂഹ്യക്ഷേമവും



ആമുഖം

സ്വന്തമായി ഒരു വീട് എന്ന സങ്കല്പം ഇല്ലാത്ത ആരും ഉണ്ടാകുമെന്നു തോന്നുന്നില്ല. പുരാതന മനുഷ്യൻ നായാടി നടന്നിരുന്ന കാലം മുതൽ അവന്റെ സുരക്ഷിതത്വത്തിന് വേണ്ടി മരപ്പൊത്തുകളും ഗുഹകളും ഉപയോഗിച്ചിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. ഉപജീവനത്തിന് ഇടങ്ങൾ തേടിപ്പോകുമ്പോൾ അവന്റെ താമസസ്ഥലവും മാറിക്കൊണ്ടിരുന്നു. കൃഷിയുടെ കണ്ടെത്തലോടെ സ്ഥി

രമായ താമസസൗകര്യങ്ങൾ അവന് നിർമ്മിക്കേണ്ടിവന്നു. അന്നുള്ള മനുഷ്യരുടെ ആവശ്യം പരിമിതമായിരുന്നുവെന്നതിനാൽ പാർപ്പിടത്തിലുള്ള സൗകര്യങ്ങൾ തുലോം കുറവായിരുന്നു. ആധുനിക സമൂഹത്തിന് സങ്കല്പിക്കുവാൻപോലും കഴിയാത്ത അവസ്ഥാവിശേത്തിൽ നിന്നും ബഹുദൂരം നാം പിന്നിട്ടിരിക്കുന്നു.

വീട് എന്നു പറയുമ്പോൾ കേവലം മഴയും വെയിലും ഏൽക്കാത്ത ഒരു കൂരയെന്നല്ല അർത്ഥമാക്കേണ്ടത്. പ്രതികൂലകാലാവസ്ഥയിൽ നിന്നും മോചനം, ശുദ്ധമായ വായുസഞ്ചാരം, ആരോഗ്യകരമായ അവസ്ഥ നൽകുന്ന അടുക്കളയും അടുപ്പും, മെച്ചപ്പെട്ട കക്കൂസ് സംവിധാനം, ശുദ്ധമായ കുടിവെള്ള ലഭ്യത, വൈദ്യുതി, പഠനത്തിനും വിശ്രമത്തിനുമുള്ള സൗകര്യം, ശുചിത്വമുള്ള പരിസരം എന്നിവയാണ് പാർപ്പിടത്തിന് അടിസ്ഥാനമായി വേണ്ടത്. മോശമായ പാർപ്പിടവും പരിസരവും, ആരോഗ്യവും പരിഷ്കാരവുമുള്ള ഒരു ജനതയെ വാർത്തെടുക്കുകയില്ല. ആഢംബരത്തിലൂന്നിയാവരുത്, ആവശ്യകതയിൽ അടിസ്ഥാനമാക്കിയാവണം വീടുകൾ നിർമ്മിക്കുവാൻ. സാമ്പത്തിക സാമൂഹിക സാംസ്കാരിക ഘടകങ്ങളെ സമന്വയിപ്പിച്ചാലെ നാം ഉദ്ദേശലക്ഷ്യത്തിലെത്തുകയുള്ളു.

ഗ്രാമത്തിലെ പാർപ്പിട സൗകര്യം പരിശോധിക്കുമ്പോൾ ആവശ്യമായത്ര കുടുംബങ്ങൾക്ക് പാർപ്പിടം ലഭിച്ചിട്ടില്ല. നാലാം പഞ്ചവത്സരപദ്ധതിക്കാലത്ത് കർഷകത്തൊഴിലാളികുടുംബങ്ങളെ ഉദ്ദേശിച്ച് ആവിഷ്കരിച്ച ലക്ഷംവീട് പദ്ധതി തുടങ്ങി ദുർബല വിഭാഗങ്ങൾക്കുള്ള പദ്ധതി, ഇടത്തര വരുമാനക്കാർക്കുള്ള പദ്ധതി, ഉയർന്ന വരുമാനക്കാർക്കുള്ള പദ്ധതി, പൊതുഭവന നിർമ്മാണ പദ്ധതി, പ്രകൃതിക്ഷോഭപുനരധിവാസ പദ്ധതി തുടങ്ങിയവയിലൂടെ കേരളസംസ്ഥാനത്ത് വീടുകൾ നിർമ്മിച്ച് പാർപ്പിട നിർമ്മാണരംഗത്ത് വിപ്ലവം സൃഷ്ടിച്ചെങ്കിലും കാവാലം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ഗ്രാമസഭ നടത്തിയ സർവ്വേയുടെ കണക്കുകൾ ബോധ്യപ്പെടുത്തുന്നു. പഞ്ചായത്തിലെ കുടുംബങ്ങളിൽ 21 % വും കുടിലിൽ അന്തിയുറങ്ങുന്നവരാണ്. ഈ കുടുംബങ്ങളുടെ എണ്ണം 700 എന്നു പറയുമ്പോൾ പാർപ്പിട ദൗർലഭ്യം എത്ര ഭീകരമാണെന്നു മനസ്സിലാക്കാം.

ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്ക് സാധ്യമാകുന്നിടത്തോളം പട്ടയം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കുടിയൊഴിപ്പിക്കേണ്ടിവരുന്നവരെ മറ്റു സ്ഥലങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കണം. ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചാൽ മാത്രമേ വീടുകൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ തേടുവാൻ ഇവർക്ക് കഴിയുകയുള്ളൂ.

കൂട്ടുകുടുംബമായി ജീവിക്കുന്നവർ 4.26 % (135 കുടുംബം) എന്ന് കണക്കുകൾ കാണിക്കുന്നു. ഇത്തരം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടിയിരിക്കുന്നു. 228 ഇടത്തരം വീടുകൾ ഗ്രാമത്തിലുണ്ടെങ്കിലും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തവയാണ് അധികവും. പഞ്ചായത്തിൽ 57.66% കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യം ഇല്ലെന്നുള്ളത് ശ്രദ്ധേയമാണ്.

പാർപ്പിടത്തിന്റെ സ്വഭാവം

പട്ടിക 1

വാർഡുകൾ	കുടിൽ	ഇടത്തരം	മേൽത്തരം	വീടില്ലാത്തവർ
1	67	257	3	11
2	96	367	21	20
3	69	291	7	5
4	54	277	7	35
5	86	298	15	25
6	98	328	12	19
7	98	157	16	9
8	132	279	13	13

കേരളത്തിലെ പരമ്പരാഗതമായ വാസ്തു ശില്പ മാതൃകയും അസംസ്കൃത വസ്തുക്കളുമാണ് പാർപ്പിട നിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നത്. വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന കുട്ടനാടൻ പ്രദേശങ്ങൾക്ക് അനുയോജ്യമായ കെട്ടിട നിർമ്മാണ രീതികൾ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. വെള്ളപ്പൊക്ക കാലഘട്ടത്തിലും വരൾച്ചാ സമയത്തും നിലവിലുള്ള കെട്ടിടങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകുന്നു. ഭാരം കുറഞ്ഞ അസംസ്കൃത വസ്തുക്കൾകൊണ്ട് കെട്ടിടം നിർമ്മിക്കുന്നത് ഗുണകരമാണോയെന്ന് പരിശോധിക്കണം. ഭവനനിർമ്മാണ സാമഗ്രികളുടെ വില കുത്തനെ ഉയർന്നിരിക്കുന്നു. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭ്യമല്ലാത്തതിനാൽ കൂലിച്ചിലവും അദ്ധ്വാനഭാരവും ഏറിയിരിക്കുന്നു. അത് പരിഹരിക്കുവാൻ കെട്ടിടനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്ന സഹകരണ സംഘം പഞ്ചായത്തു തലത്തിൽ സ്ഥാ

പിക്കണം. വിവിധ പദ്ധതികളിലൂടെ നൽകിവരുന്ന ഭവനിർമ്മാണ വായ്പ തുക അപര്യാപ്തമായതിനാൽ കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് തുകവർദ്ധിപ്പിക്കുയും, വായ്പ ലഭ്യമാക്കുന്ന രീതി ലഘൂകരിക്കുകയും വേണം. ഭവന രഹിതരെ കണ്ടത്തി വായ്പ ലഭിക്കുന്നതുമുതൽ പാർപ്പിട നിർമ്മാണത്തിന്റെ അവസാനഘട്ടം വരെ നിയന്ത്രിക്കുന്ന ഒരു ജനകീയ കമ്മറ്റി ഓരോ വാർഡിലും രൂപീകരിക്കണം.

മെച്ചപ്പെട്ട ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള നിർമ്മിതി കേന്ദ്രത്തിലൂടെ കെട്ടിട നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ഈ രംഗത്തേയ്ക്ക് കടന്നു വരുവാൻ താല്പര്യമുള്ള യുവതീയുവാക്കൾക്കും പരിശീലനം നൽകിക്കൊണ്ട് തൊഴിലാളി ദൗർലഭ്യം പരിഹരിക്കുകയും ദുർവ്യയം ഒഴിവാക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യാം.

പഞ്ചായത്തിലെ കെട്ടിടങ്ങൾ

പട്ടിക 2

വാർഡുകൾ	നികുതിയുള്ളത്	നികുതിയില്ലാത്തത്.
1	216	111
2	431	163
3	308	82
4	312	117
5	210	112
6	314	180
7	180	156
8	291	161

കാവാലം പഞ്ചായത്തിലെ 8 വാർഡുകളിലൂടെയും വൈദ്യുതി വിതരണ കമ്പി കടന്നു പോകുന്നുണ്ടെങ്കിലും വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം 1374 എന്ന് സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഈ വീടുകളിൽ അടിയന്തിരമായി വൈദ്യുത കണക്ഷൻ നൽകുവാനുള്ള നിയമനടപടികൾ പഞ്ചായത്തിൽ നിന്നും ഉണ്ടാവണം.

ഊർജ്ജ ഉല്പാദനം പരിമിതമായ സാഹചര്യത്തിൽ ലഭ്യമായ ഊർജ്ജത്തെ ശരിയായി വിനിയോഗിക്കുവാൻ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു. വനനശീകരണം മൂലമുള്ള പ്രത്യാഘാതം ഒഴിവാക്കുവാനും, അന്തരീക്ഷമലനീകരണത്തിന്റെ തോത് കുറയ്ക്കുവാനും വീട്ടമ്മമാർക്ക് ഉണ്ടാകുന്ന അനീമിയ (വിളർച്ച) ആസ്ത്മ തുടങ്ങിയ രോഗങ്ങളിൽ നിന്നും മോചനം നേടുവാനും പുകയില്ലാത്തതും, ദക്ഷത കൂടിയതുമായ അടുപ്പുകളുടെ സ്ഥാപനത്തോടെ കഴിയും. പഞ്ചായത്തിൽ ആകെ 14 ദക്ഷതകൂടിയ അടുപ്പുകളും 54 ഗ്യാസടുപ്പുകളും ഉപയോഗിക്കുന്നതായി മാത്രമേ സർവ്വേയിൽ കാണുന്നുള്ളു. ബാക്കി 3157 കുടുംബങ്ങളിൽ തുറന്ന വിറകടുപ്പുകൾ ഉപയോഗിച്ചു വരുന്നു. ഈ കുടുംബങ്ങളിൽ ദക്ഷത കൂടിയ അടുപ്പുകളുടെ സ്ഥാപനത്തോടെ ഇന്നു ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വിറകിന്റെ ഉപയോഗം 1/3 ആയി ചുരുക്കുവാൻ കഴിയും. അതിനാൽ പുകയില്ലാത്ത അടുപ്പുകളുടെ വ്യാപനത്തിൽ അടിയന്തിരമായി ശ്രദ്ധപതിയണം.

പഞ്ചായത്തിൽ ജലനിർഗ്ഗമനമാർഗ്ഗങ്ങളും പാടങ്ങളും നികത്തി വീടുവയ്ക്കുന്ന പ്രവണത വ്യാപകമാണ്. ഇനിയും അധികമായി ഉണ്ടാകുന്ന വീടുകൾ വെയ്ക്കുവാൻ പുതിയ സ്ഥലങ്ങൾ കണ്ടെത്തുവാൻ കഴിയുമോ എന്നത് പ്രശ്നമാണ്. ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഭവനരഹിതർക്ക് മുഴുവൻ വീടുവെച്ചുകൊടുക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുക.
2. അടിസ്ഥാനസൗകര്യങ്ങളോടുകൂടി ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുക.
3. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
4. സർക്കാർ ഭവനനിർമ്മാണ വായ്പകളുടെ പരിധി ഉയർത്തുകയും വായ്പാ നിയമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
5. പഞ്ചായത്തിൽ നിന്നും പുകയില്ലാത്ത അടുപ്പുകൾ സബ്സിഡിയോടുകൂടി എല്ലാ വീടുകൾക്കും നൽകുക.
6. പഞ്ചായത്തിലുള്ള ലക്ഷംവീട് കോളനികളെല്ലാം സെറ്റിൽമെന്റ് കോളനിയായി പ്രഖ്യാപിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുക.
7. നിർമ്മാണ സാമഗ്രി ചെലവ് കുറച്ചുകൊണ്ടുവരുന്ന പാർപ്പിടസംസ്കാരം പ്രചരിപ്പിക്കുക.
8. ഗവഃ ധനസഹായത്തോടെ പണിതിട്ട് പൂർത്തീകരിക്കുവാൻ സാധിക്കാത്ത വീടുകൾക്ക് പണി പൂർത്തീകരിക്കുവാനുള്ള ധനസഹായം നൽകുക.

സാമൂഹ്യക്ഷേമം

ജനപങ്കാളിത്തം ഏറ്റവും കൂടുതൽ ഉണ്ടാകേണ്ട മേഖലയാണ് സാമൂഹ്യക്ഷേമം. മനുഷ്യരുടെ പ്രാഥമിക ആവശ്യങ്ങളായ വിദ്യാഭ്യാസം, ഭക്ഷണം , പാർപ്പിടം, എന്നീ മൂന്നു കാര്യങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ദേശിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളും ക്ഷേമനിധിബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളും പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളുമാണ് പ്രധാനമായുംസാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നത്

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ കാര്യമാത്രമായ സ്വാധീനം ചെലുത്തുവാൻ മേൽവിവരിച്ച പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടണം. തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാൻ ആസൂത്രണം ചെയ്ത ട്രൈസം പദ്ധതി തൊഴിൽ രംഗത്ത് അരാജകത്വം സൃഷ്ടിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വൈദഗ്ദ്യം ഏറെ വേണ്ട തൊഴിൽ മേഖലകളിലേക്ക് നാമമാത്രമായ പരിശീലനം നൽകിക്കൊണ്ട് കടത്തിവിടുന്നത് ഭാവി തലമുറയോടുകാണിക്കുന്ന ദ്രോഹമാണ്. കൂടുതൽ തൊഴിൽ സാധ്യതയുള്ള വിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തുവേണം പരിശീലനം നൽകുകയും സ്വയം തൊഴിൽ ചെയ്യാൻ പരിശീലനം നേടിയവ്യക്തി അതിനു പ്രാപ്തനാണോയെന്നു പരിശോധിക്കത്തക്ക സംവിധാനവും ഉണ്ടെങ്കിൽ മാത്രമേ പ്രയോജനം ഉണ്ടാവുകയുള്ളു.

ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കൈത്തൊഴിലുകൾ (ചൂരൽ, തയ്യൽ, പ്ലാസ്റ്റിക് മുതലായവ) പഠിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുകയും തൊഴിൽ കൊടുക്കുന്നതിനുള്ള അസംസ്കൃത സാധനങ്ങൾ എത്തിച്ചു കൊടുക്കുകയും വേണം. കുട്ടികളുടെ കലാകായിക വളർച്ചയ്ക്ക് ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുകയും പരിശീലനത്തിന് അദ്ധ്യാപകരെ ലഭ്യമാക്കുകയും വേണം. നാടൻ കലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അവയെ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമം നടത്തുകയും, ഗ്രാമോത്സവങ്ങൾക്ക് വേദിയൊരുക്കുകയും ചെയ്യുക.

പഞ്ചയത്തിലെ ഓരോ വാർഡിലും സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ ക്രെഷ് അംഗനവാടി, ബാലവാടി എന്നിവ സ്ഥാപിക്കേണ്ടതാണ്.

വിലനിയന്ത്രിക്കുന്നതിനും, പൊതുവിതരണം മെച്ചപ്പെടുത്തുന്നതിനും സിവിൽ സപ്ലൈസിന്റെ മാവേലിസ്റ്റോറുകളും റേഷൻ കടയും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥാപിക്കണം. വിവിധ പെൻഷനുകൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സർക്കാരിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയുവാൻ പഞ്ചായത്തുതലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കണം.

അവശരും ആലംബഹീനരുമായ വൃദ്ധരുടെ പുനരധിവാസത്തിനുവേണ്ടി ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും പൊതു വിജ്ഞാനസമ്പാദനത്തിനും വേണ്ടി കുറഞ്ഞത് 2 ടി. വി. സെറ്റുകൾ സ്ഥാപിക്കുക.

പുനരധിവാസപ്രവർത്തനങ്ങളുടെ ഭാഗമായിപുതിയ ലക്ഷം വീടുകോളനികൾക്ക് സ്ഥലം ലഭ്യമാകുമെങ്കിൽ കോളനികൾ സ്ഥാപിക്കേണ്ടതാണ്.

കാവാലം പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് (തട്ടാശ്ശേരി) ഒരു പൊതു ചന്ത സ്ഥാപിക്കണം. വാർത്താവിതരണത്തിനായി എല്ലാ വാർഡുകളിലും E.D. പോസ്റ്റോഫീസ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

വ്യവസായം – ഒരു ആമുഖം



വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കാവാലം പഞ്ചായത്ത്. വൻകിട വ്യവസായങ്ങൾക്കൊന്നും യാതൊരുവിധമായ സാദ്ധ്യതകളും ഇല്ലെങ്കിലും ചെറുകിട വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ കാര്യത്തിൽ ഏറ്റവും സ്വയം പര്യാപ്തമായ പഞ്ചായത്താണ് കാവാലം എങ്കിലും. ഭൂപ്രകൃതിയുടെ പ്രത്യേകതകളും യാത്രാമാർഗ്ഗത്തിന്റെ അഭാവവും മൂലം അവസരങ്ങളും സൗകര്യങ്ങളും ചൂഷണം ചെയ്യപ്പെടാത്ത അമൂല്യഖനിയുടെ ഉറവിടമാണ് ഇവിടം.

കാവാലത്തിന്റെ വ്യാവസായിക വളർച്ച ഉണ്ടാകണമെങ്കിൽ അത്യാവശ്യമായും വേണ്ടത് അടിസ്ഥാനസൗകര്യങ്ങളായ റോഡുകളുടെയും മറ്റുഗതാഗത സൗകര്യങ്ങളുടെയും ലഭ്യതയാണ്; പിന്നീട് വൈദ്യുതിയും.

ഏതാണ്ട് 3000 ഏക്കറിൽ അധികം സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിലൂടെ ലഭിക്കുന്ന 45000 ക്വിന്റൽ നെല്ല് കഴിച്ചാൽ 20000 ടൺ വൈക്കോൽ, കളയായി പറിച്ചുനീക്കുന്ന 1000 ടണ്ണിൽ, അധികംവരുന്ന കവുട തുടങ്ങിയ കളകൾ ഉണക്കിയെടുത്താൽ ലഭ്യമാകുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റകൾ ഉല്പാദിപ്പിക്കുവാൻ ആവശ്യമായ അസംസ്കൃത വസ്തുക്കളും ബ്രൗൺ പേപ്പർ, കട്ടിക്കടലാസ് നിർമ്മിക്കുവാൻ ഉപയോഗിക്കാവുന്ന വെട്ടുകച്ചി എന്നവയെല്ലാം പാഴായിപ്പോകുന്ന അമൂല്യ അസംസ്കൃത വസ്തുക്കളാണ്.

കന്നുകാലി വളർത്തലിന് ഏറ്റവും അധികം സാദ്ധ്യതയുള്ള ഇവിടെ കുറഞ്ഞചെലവിൽ കന്നുകാലികളെ സംരക്ഷിക്കാവുന്ന എല്ലാവിധ അനുകൂലഘടകങ്ങളുമുണ്ട്.

കേരളത്തിൽ ഏറ്റവും ഡിമാന്റുള്ള "വീൽ ബീഫ്" ഉല്പാദിപ്പിക്കുവാനുള്ള കാളക്കുട്ടികളെ കുറഞ്ഞചെലവിൽ വളർത്താവുന്ന ഒരു പ്രദേശമാണ് കാവാലം.

കന്നുകാലി വളർത്തൽ (ക്ഷീര ഉല്പാദനം ലക്ഷ്യമാക്കിയുള്ളത്) വീൽബീഫ് ലക്ഷ്യമാക്കി വളർത്തുന്ന കാളക്കുട്ടികൾ എന്നിവയുടെ വിസർജ്ജ്യങ്ങളിൽ നിന്നും ഉണ്ടാക്കാവുന്ന ജൈവവളം ഇന്നു നല്ല ഡിമാന്റുള്ള ഒരു പ്രോഡക്ട് ആണ്. ബൈപ്രോഡക്ട് ആയി ലഭിക്കുന്ന ബയോഗ്യാസ് ഊർജ്ജപ്രതിസന്ധിക്കു ഒരളവുവരെ സഹായം നൽ

കുന്നതുമാണ്.

പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചുള്ള അറിവില്ലായ്മ, ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത അതുമൂലം ലഭിക്കുന്ന തൊഴിൽ സാദ്ധ്യതകളും, സാമ്പത്തിക നേട്ടങ്ങളും ജനങ്ങളെയും വ്യവസായ തല്പരരെയും വേണ്ടരീതിയിൽ ബോദ്ധ്യപ്പെടുത്തുകയാണ് ആദ്യം വേണ്ടത്. തുടർന്നു വ്യവസായങ്ങൾ തുടങ്ങാനുള്ള പ്രാഥമിക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുകയും വേണം.

കുറഞ്ഞമുതൽമുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിലും കൂടുതൽ സാമ്പത്തിക നേട്ടങ്ങളും ഉണ്ടാക്കുവാൻ കഴിയുമെന്നു മനസ്സിലാക്കാൻ കഴിഞ്ഞാൽ വ്യവസായികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ കഴിയുമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

വ്യവസായ വകുപ്പ് 1990 മുതൽ 1995 ലേക്ക് വരെ നടപ്പിലാക്കിയ പദ്ധതികൾ

1. സ്ഥിരം വ്യവസായ രജിസ്ട്രേഷൻ

കാവാലം ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 115 പേർക്കു തൊഴിൽ ലഭ്യതയുണ്ടാകുന്നതിനായി 65 ലക്ഷം രൂപചെലവിൽ 20 ലഘു വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സേവന വ്യാപാരം (S.S.B.E.) പദ്ധതിയിൽ 210 പേർക്ക് തൊഴിൽ ലഭിക്കുന്ന 35 സ്ഥാപനങ്ങൾക്ക് 80 ലക്ഷം രൂപ സഹായധനമായി ലഭിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സ്ഥാപനങ്ങളോ (SSI) അനുബന്ധ വ്യവസായ സ്ഥാപനങ്ങളോ (ANC),കയറ്റുമതി വ്യവസായ സ്ഥാപനങ്ങളോ (EOU) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഈ പഞ്ചായത്ത് അതിർത്തിയിൽ വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്യുകയോ, സ്ഥിരവ്യവസായം രജിസ്ട്രേഷൻ ലഭിക്കുകയോ ചെയ്തിട്ടില്ലാത്തതാകുന്നു.

2. താല്ക്കാലിക രജിസ്ട്രേഷൻ

താലൂക്ക് വ്യവസായ കേന്ദ്രത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് (SSI) ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല ലഘുവ്യവസായ (TINY) സ്ഥാപനങ്ങളായി 40 എണ്ണം95 ലക്ഷം രൂപാ ചെലവിൽ ആരംഭിച്ചിട്ടുള്ളതും ആയതിൽനിന്നും 230 പേർക്ക് തൊഴിൽ ലഭിച്ചിട്ടുള്ളതുമാണ്. അനുബന്ധ വ്യവസായ സ്ഥാപനങ്ങളായി (ANC) താൽക്കാലിക രജിസ്ട്രേഷൻ ഒന്നുമില്ലാത്തതും ചെറുകിട വ്യവസായ സേവന വ്യാപാര സ്ഥാപനങ്ങളായി (SSBE) 125 ലക്ഷം രൂപ മുതൽമുടക്കി60 സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷനിൽ പ്രവർത്തിക്കുന്നു. ഇതുമൂലം 350 പേർക്ക് തൊഴിൽ ലഭിച്ചിട്ടുള്ളതുമാകുന്നു. കയറ്റുമതി വ്യവസായ സ്ഥാപനങ്ങൾ (EOU) ഒന്നും തന്നെ താൽക്കാലിക രജിസ്ട്രേഷനിൽ പ്രവർത്തിക്കുന്നില്ല.

മേൽപ്പറഞ്ഞ സ്ഥിരം – താൽക്കാലിക വ്യവസായ സ്ഥാപനങ്ങളിലെല്ലാം കൂടി മൂലധന സബ്സിഡിയായി 15% വിഹിതം 5 ലക്ഷം രൂപ 10 യൂണിറ്റുകൾക്കായി ലഭിച്ചിട്ടുണ്ട്. 6 യൂണിറ്റുകൾക്ക് നികുതിയിളവിനത്തിൽ 8 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 30 പേർക്ക് 20 ലക്ഷം രൂപ സ്വയംതൊഴിലിന് വായ്പ നൽകിയിട്ടുണ്ട്.

SC/ST പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 10 പേർക്ക് ഒരുലക്ഷം രൂപ തൊഴിൽദാന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ഗ്രാമീണ കരകൗശല പദ്ധതി (RAP) പ്രകാരം കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 12 പേർക്ക് സ്വയംതൊഴിൽ ലഭിക്കുന്നതിന് 80,000 രൂപ വായ്പയായും 35,000 രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്.

വനിതാവ്യവസായ പദ്ധതി (WIP)– ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 15 വനിതകൾക്ക് നാലുലക്ഷം രൂപ വായ്പയായും ഒരു ലക്ഷം രൂപ സബ്സിഡിയായും ലഭിച്ചിട്ടുണ്ട്.

1996 മുതൽ അഞ്ചുവർഷത്തേക്ക് കാവാലം പഞ്ചായത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ വികസന പരിപാടികൾ.

സ്ഥിരം വ്യവസായ രജിസ്ട്രേഷൻ

ചെറുകിട വ്യവസായ പദ്ധതിയിൽ ഈ പഞ്ചായത്തിൽ 160 പേരു സ്ഥിരം തൊഴിൽ ലഭിക്കുന്നതിന് 120 ലക്ഷം രൂപ മുടക്കിൽ 2 സ്ഥാപനങ്ങൾ തുടങ്ങാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നു. ലഘുവ്യവസായപദ്ധതിയിൽ 65 ലക്ഷം രൂപ മുതൽമു

ടക്കിൽ 220 പേർക്കു തൊഴിൽ ലഭിക്കുന്നതിലേക്ക് ആയി 30 സ്ഥാപനങ്ങൾ ആരംഭിയ്ക്കുവാൻ വ്യവ സായ വകുപ്പ് ഉദ്ദേശിക്കുന്നു.

ചെറുകിടവ്യവസായ സേവനവ്യാപാരം

ഈ പദ്ധതിയനുസരിച്ച് കാവാലം പഞ്ചാ യത്തിൽ അടുത്ത 5 വർഷത്തിനുള്ളിൽ 330 പേർ ക്ക് തൊഴിൽ സാദ്ധ്യതയുണ്ടാക്കുവാൻവേണ്ടി 90 ലക്ഷം രൂപ മൂലധനം മുടക്കി 45 സ്ഥാപനങ്ങൾ ആരം ഭിക്കുവാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നു.

താൽക്കാലിക വ്യവസായ രജിസ്ട്രേഷൻ.

SSI പദ്ധതിയനുസരിച്ച് കാവാലം പഞ്ചാ യത്തിൽ അടുത്ത 5 വർഷത്തിനുള്ളിൽ 180 ലക്ഷം രൂപ മൂലധനം മുടക്കിൽ 210 പേർക്ക് സ്ഥിരം തൊ ഴിൽ സാദ്ധ്യതകണക്കാക്കി 3 സ്ഥാപനങ്ങൾ ആരം ഭിക്കുവാൻ വ്യവസായ വകുപ്പിന് പരിപാടി ഉണ്ട്.

ലഘുവ്യവസായ പദ്ധതി (TINY) യനുസ രിച്ച് 250 പേർക്ക് തൊഴിൽസാദ്ധ്യതകളുള്ള 50 സ്ഥാ പനങ്ങൾ 80 ലക്ഷം രൂപ മൂലധനമുടക്കിൽ തുട ങ്ങുവാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നു.

ചെറുകിട വ്യവസായ സേവനവ്യാപാരം (SSBE). ഈ പദ്ധതിയനുസരിച്ച് 315 പേർക്ക് തൊ ഴിൽ സാദ്ധ്യതയുള്ള 60 സ്ഥാപനങ്ങൾ 120 ലക്ഷം രൂപ മൂലധനം മുടക്കിൽ ആരംഭിക്കുവാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

മേൽപ്രസ്താവിച്ച സ്ഥിരം താൽക്കാലിക രജിസ്ട്രേഷനുകളോടെ പ്രവർത്തനം ആരംഭിക്കു വാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായി 15% സബ്സി ഡിയിനത്തിൽ 10 ലക്ഷം രൂപയും വില്പന നികുതി യിളവ് ഇനത്തിൽ 20 ലക്ഷം രൂപയും 12 വ്യവ സായ സ്ഥാപങ്ങൾക്കായി നൽകുവാൻ വ്യവസായ വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു.

SC/ST പദ്ധതി

പട്ടികജാതി പട്ടികവർഗ്ഗ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ അടുത്ത 5 വർഷത്തിനുള്ളിൽ 20 പേർക്ക് 3 ലക്ഷം രൂപ വിവിധ സ്വയംതൊഴിൽ പദ്ധതിക്കായി വായ്പ നൽകുവാൻ വ്യവസായ വകു പ്പിനു പരിപാടി ഉണ്ട്.

ഗ്രാമീണ കരകൗശലപദ്ധതി (RAP)

ഈ പദ്ധതി പ്രകാരം 20 പേർക്ക് സ്വയംതൊഴിൽ ലഭിക്കുവാനായി 2 ലക്ഷം രൂപ ഈ വിഭാഗത്തിനു നൽകുവാനുള്ള പരിപാടി ഉണ്ട്.

വനിതാ വ്യവസായ പദ്ധതി (WIP)

വനിതാ വ്യവസായ പദ്ധതിയിൻ പ്രകാരം കാവാ ലം പഞ്ചായത്തിൽ 25 വനിതാ വ്യവസായ യൂണിറ്റു കൾ തുടങ്ങുന്നതിനു 10 ലക്ഷം രൂപ ധനസഹായം നൽകുവാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

കൂടാതെ ഈ പഞ്ചായത്തിൽ പ്രവർത്തി ച്ചുകൊണ്ടിരിക്കുന്ന മുഴുവൻ വനിതാ സൊസൈറ്റി കളും സ്വയംതൊഴിൽ പദ്ധതികളുമായി വന്നാൽ അം ഗീകാരം നൽകേണ്ടതും അവയുടെ പ്രവർത്തനത്തി ന് ആവശ്യമായ എല്ലാ സഹകരണങ്ങളും സഹായ ങ്ങളും ചെയ്തുകൊടുത്തു പ്രോത്സാഹിപ്പിക്കുവാൻ ബന്ധപ്പെട്ടവർ നടപടിയെടുക്കുകയും ചെയ്യണമെന്ന് കാവാലം പഞ്ചായത്ത് വികസന സമിതി ആവശ്യ പ്പെടുന്നു.

വനിത

സമൂഹത്തിൽ പ്രാചീനകാലം മുതൽ നിലനിന്നിരുന്ന സ്ത്രീസമൂഹത്തോടുള്ള അവഗണന കാലമിത്രയും ആയിട്ടും കാര്യമായ മാറ്റമില്ലാതെ തുടരുകയാണ്. ഇന്നും, 'മനുവിന്റെ' സിദ്ധാന്തത്തിൽ കടുങ്ങി 'ന. സ്ത്രീസ്വാതന്ത്ര്യമർഹതി' എന്ന ചിന്താഗതി വ്യക്തികളിൽ മാത്രമല്ല പ്രസ്ഥാനങ്ങളിലും മാറ്റമില്ലാതെ തുടരുന്നതായി ആക്ഷേപം നിലനിൽക്കുന്നു. സംവരണം കൊണ്ടുമാത്രം ഇതിനു പരിഹാരമാകുന്നില്ല. എല്ലാ രംഗങ്ങളിലും സ്ത്രീകൾക്കു തുല്യപദവി നൽകുകയാണ് വേണ്ടത്. 'തുല്യ ജോലിക്കു തുല്യ വേതനം' എന്ന രീതി സർക്കാർ സർവ്വീസിലൊഴികെ മറ്റൊരിടത്തും ഇന്നും നടപ്പിലാക്കിയിട്ടില്ല. പല രംഗങ്ങളിലും ചില 'പ്രത്യേക' ജോലികൾ സ്ത്രീകൾക്കായി മാത്രമുള്ളതായിട്ടാണ് കരുതപ്പെടുന്നത്. സ്ത്രീകളുടെ 'സാമൂഹ്യപദവി' ഉയർത്തണമെന്നു ഉറക്കെപ്പറയുമ്പോഴും വിദ്യാഭ്യാസത്തിലും, സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു.

കാവാലം പഞ്ചായത്തിലെ ജനസംഖ്യയിൽ 6194 പുരുഷൻമാർ ഉള്ളപ്പോൾ 6160 സ്ത്രീകളാണ് ഉള്ളത്. പുരുഷൻമാരുടെ ഒപ്പത്തിനൊപ്പം തന്നെ നിൽക്കുന്ന സ്ത്രീജനങ്ങൾ തൊഴിൽ മേഖലയിൽ പുരുഷന്മാരെക്കാൾ വളരെ മുന്നിലാണ്. കാർഷിക മേഖലയായ കാവാലത്തു കർഷകത്തൊഴിലാളികളുടെ 80%വും സ്ത്രീകളാണ്. എന്നാൽ വേതനത്തിന്റെ കാര്യത്തിൻ പുരുഷന്മാർക്കു ലഭിക്കുന്ന വേതനത്തിന്റെ 50% മാത്രമാണ് സ്ത്രീകൾക്കു ലഭിക്കുന്നത്. മത്സ്യ വ്യവസായ മേഖലയിൽ മാത്രമാണ് പുരുഷന്മാർക്കൊപ്പമോ അതിലുപരിയോ സ്ത്രീകൾക്കു വരുമാനം ലഭിക്കുന്നത്.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ നിരവധിയാണ്. വിശാലമായ കായൽപ്പരപ്പിൽ യാതൊരുവിധമായ തണൽ സൗകര്യവുമില്ലാതെയാണ് പണിയെടുക്കേണ്ടത്. തുടർച്ചയായി വെയിലത്തു നിന്നും പണിയെടുക്കേണ്ട തൊഴിലാളികൾക്കു കുടിയ്ക്കുവാനുള്ള ശുദ്ധജലംപോലും ഈ മേഖലകളിലെങ്ങും ലഭ്യമല്ല എന്നു പറയുമ്പോൾ തന്നെ പ്രശ്നത്തിന്റെ ഗുരുതരസ്വഭാവം മനസ്സിലാക്കാവുന്നതാണ്. സ്ത്രീകൾക്കു തൊഴിൽസ്ഥലത്തുവച്ചു

'പ്രകൃതിയുടെ വിളി' യുണ്ടായാൽ 'പ്രാധമിക' ആവശ്യം നിറവേറ്റുന്നതിനു യാതൊരു സൗകര്യങ്ങളും ലഭ്യമല്ല. ഈ വിധത്തിലുള്ള കഷ്ടപ്പാടുകൾ സഹിച്ചു പണി പൂർത്തിയാക്കി വൈകിട്ടു വീട്ടിലെത്തിയാൽ കാപ്പിയോ, ചായയോ ഉണ്ടാക്കാൻ എന്തിനു കടിവെള്ളത്തിനുപോലും ബഹുദൂരം സഞ്ചരിയ്ക്കേണ്ടിയിരിക്കുന്നു. മദ്യപന്മാർ മൂലം വളരെയധികം ബുദ്ധിമുട്ടുകളാണ് സ്ത്രീകൾക്കുണ്ടാകുന്നത്. ചിലവേളയിൽ അവർ പറഞ്ഞറിയിക്കാൻ പറ്റാത്ത മാനസികവ്യഥയ്ക്ക് ഇരയാകുന്നു. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണമെന്നാണ് ഗ്രാമസഭയിൽ ഉണ്ടായ നിർദ്ദേശം. അഭ്യസ്ത വിദ്യരായ വനിതകൾ നേരിടുന്ന തൊഴിലില്ലായ്മ, കുട്ടികളുടെ വിദ്യാഭ്യാസപരമായ കാര്യങ്ങളിലും, ചെറിയ കുട്ടികളുള്ള തൊഴിലാളി സ്ത്രീകളുടെ പ്രയാസങ്ങൾ എന്നീ കാര്യങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്.

പ്രശ്നങ്ങളും – സാദ്ധ്യതകളും
[ഗ്രാമസഭാ റിപ്പോർട്ടുകൾ]

വാർഡ് 1 പ്രശ്നങ്ങൾ

1. ശുദ്ധജലക്ഷാമം മൂലം തൊഴിൽ – ആരോഗ്യരംഗങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
2. കൊച്ചുകുട്ടികളുള്ള വീട്ടമ്മമാർക്ക് തൊഴിൽ ചെയ്യുന്നതിനു ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.
3. കാഷ്വികസീസൺ കഴിഞ്ഞാൽ തൊഴിൽ തീരെ ലഭ്യമല്ലാതെ ജീവിതം ദുരിതപൂർണ്ണമാകുന്നു.
4. സ്ത്രീപീഡനങ്ങൾ
തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നം.

1. സാദ്ധ്യതകൾ

ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ 100 മീറ്റർ ദൂരത്തിനുള്ളിൽ ഒരു പൊതുടാപ്പ് വീതം സ്ഥാപിക്കുക. അതിനു് ആവശ്യമായ പൈപ്പ് ലൈനുകൾ ഇടുകയും കഴിയുന്നത്ര ശ്രമദാനങ്ങൾ ആവശ്യപ്പെടുകയും ചെയ്യുക.

2. കർഷകത്തൊഴിലാളികളുടെ കൊച്ചുകുട്ടികളെ പരിചരിക്കുന്നതിനു വാർഡിൽ ഒരു ക്രഷ് സ്ഥാപിക്കുക.
3. കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക. ആയതിനു ആവശ്യമായ വിഭവങ്ങൾ അതതു മേഖലയിൽനിന്നും സ്വരൂപിക്കുക,
4. സ്ത്രീ പീഡനക്കേസ്സുകൾ ഗൗരവമായി കൈകാര്യം ചെയ്യുക.

വാർഡ് – 2 പ്രശ്നങ്ങൾ.

1. കൽക്കരിവളർത്തൽ മൂലമുണ്ടാകുന്ന പരിസരമലിനീകരണം ആരോഗ്യത്തെ ബാധിക്കുന്നു.
2. തുറന്ന കക്കൂസ്സുകൾ സ്ത്രീകൾക്ക് സൃഷ്ടിക്കുന്ന വൈഷമ്യങ്ങൾക്ക് പരിഹാരം ഉണ്ടാകണം.
3. റേഷൻ കടകളുടെ കുറവുമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സ്ത്രീകൾക്ക് അധികം ഉണ്ടാകുന്നു.
4. അഭ്യസ്തവിദ്യരായ തൊഴിൽരഹിത സ്ത്രീകൾ വരുമാനമാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു.
5. വ്യാജചാരായവും, മറ്റു മദ്യങ്ങളും വ്യാപകമായി ലഭിക്കുന്നതുമൂലം സ്ത്രീജനങ്ങൾക്ക് പൊതുവെ അരക്ഷിതാവസ്ഥയും കുടുംബങ്ങളിൽ സാമ്പത്തിക തകർച്ചയും ഉണ്ടാകുന്നു.

സാദ്ധ്യതകൾ

1. പരിസരമലിനീകരണം സൃഷ്ടിക്കുന്ന കൽക്കരി കളുടെ വിസർജ്ജനവസ്തുക്കൾ ശേഖരിച്ചു ജൈവവളവും ഗോബർഗ്യാസ്സും നിർമ്മിക്കാനുള്ള പദ്ധതി രൂപീകരിക്കുക.
2. കക്കൂസ്സ് ഇല്ലാത്തവർക്ക് മുഴുവനും അടച്ചു സെപ്റ്റിക് കക്കൂസ്സുകൾ നിർമ്മിയ്ക്കാനുള്ള സഹായം നൽകുക.
3. കൂടുതൽ റേഷൻ കടകൾ അനുവദിക്കുകയും കൺസ്യൂമർ സ്റ്റോർ തുടങ്ങുകയും ചെയ്യുക
4. തൊഴിൽ രഹിതരായ വനിതകളുടെ വരുമാനലബ്ധിക്കായി കുടിൽ വ്യവസായയൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
5. വ്യാജചാരായം വിൽക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും മദ്യവർജ്ജനത്തിനു് വേണ്ടുന്ന ബോധവൽക്കരണക്യാമ്പുകൾ തുടർച്ചയായി നടത്തുകയും, വാർഡിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുകയും ചെയ്യുക.

വാർഡ് – 3 പ്രശ്നങ്ങൾ

1. മദ്യപാനംമൂലം കുടുംബങ്ങളിൽ വരുത്തുന്ന നഷ്ടവും സ്ത്രീ പീഡനങ്ങളും സമാധാന ജീവിതത്തിനു് ഭംഗവും സംഭവിക്കുന്നു
2. വനിതാ സംഘടനകളുടെ പ്രവർത്തനങ്ങൾ അപര്യാപ്തമാണു്.
3. തൊഴിൽ രഹിത വനിതകളുടെ സാമ്പത്തിക പരാധീനതകൾക്കു് പരിഹാരം കാണുക.
4. വിലക്കയറ്റവും സ്വകാര്യ കച്ചവടക്കാരുടെ അന്യായമായ ചൂഷണവും സാമ്പത്തിക ഭദ്രതയെ തകർക്കുന്നതു് തടയുക.

സാദ്ധ്യതകൾ

1. മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തുക, വ്യാജചാരായ വില്പന കർശനമായി തടയുക.

2. വനിതാ സഹകരണസംഘങ്ങൾ, മഹിളാ സംഘടനകൾ, എന്നിവ രൂപീകരിക്കുകയും കെട്ടിടം നിർമ്മിക്കുന്നതിനു് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.

3. കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ മഹിളാ സംഘടന-വനിതാ സൊസൈറ്റികൾ എന്നിവകൾക്കു് നൽകുക.

4. മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, ക്ഷീരവികസന സംഘങ്ങൾ എന്നിവ ആരംഭിക്കുക.

വാർഡ് 4 പ്രശ്നങ്ങൾ

1. വനിതകൾക്കു് നേതൃത്വ സ്ഥാനങ്ങളിൽ വരുവാനുള്ള അവസരങ്ങൾ ഉണ്ടാകുന്നില്ല.

2. അനുബന്ധ തൊഴിൽ സാദ്ധ്യതകൾ ഇല്ലാത്തതിനാൽ കുടുംബ ബഡ്ജറ്റുകൾ താറുമാറാകുന്നു. അതിനാൽ ജീവിത നിലവാരം ഉയർത്താൻ സാധിക്കുന്നില്ല.

3. കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറയുന്നതു് കാർഷിക മേഖലയുടെ തകർച്ചയെ സഹായിക്കുന്നു.

4. മത്സ്യരോഗവും മറ്റുംമൂലം മൽസ്യവിപണന രംഗത്തു് പ്രവർത്തിക്കുന്ന വനിതകൾക്കു് തൊഴിൽനഷ്ടം ഉണ്ടാകുന്നു.

5. C. B. C. S. യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ കൂട്ടുതലായി സംഘടിപ്പിക്കുക.

സാദ്ധ്യതകൾ

1. വനിതകൾക്കു് നേതൃത്വസ്ഥാനത്തേയ്ക്കു് ഉയർന്നുവരുവാൻ പര്യാപ്തമായ വനിതാസംഘടനകൾ, C. B. C. S. യൂണിറ്റുകൾ തുടങ്ങിയവ രൂപീകരിക്കണം.

2. അനുബന്ധ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനു് ആവശ്യമായ കൈത്തൊഴിൽ കുടിൽ വ്യവസായ യൂണിറ്റുകൾ എന്നിവ തുടങ്ങണം.

3 കാർഷിക മേഖലയിൽ തുല്യജോലിക്കു് തുല്യ വേതനം എന്ന രീതി നടപ്പാക്കണം.

4. മത്സ്യരോഗത്തെ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ പഠനങ്ങൾ നടത്തുകയും അമിതമായ രാസ-കീടനാശിനി പ്രയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുകയും വേണം.

വാർഡ് – 5 പ്രശ്നങ്ങൾ

1. നിത്യോപയോഗ വസ്തുക്കളുടെ ഗുണനിലവാരക്കുറവും വർദ്ധിച്ച വിലയും വീട്ടമ്മമാരെന്ന നിലയിൽ സ്ത്രീകളെ കൂടുതൽ ബാധിക്കുന്നു.

2. പോഷഹാരക്കുറവുമൂലം അനാരോഗ്യം അനുഭവിക്കുന്ന സ്ത്രീകൾ, കുട്ടികൾ, സമൂഹത്തിനും കുടുംബങ്ങൾക്കും ക്ലേശം സൃഷ്ടിക്കുന്നു.

3. തൊഴിൽ രഹിത വനിതകളുടെ സാമ്പത്തിക പരാധീനത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

4. മദ്യപാനം മൂലം കുടുംബവരുമാനം കുറയുകയും സ്ത്രീ പീഡനങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

5. വനിതാസമാജങ്ങൾ, ബാലവാടികൾ എന്നിവിടങ്ങളിൽ പ്രാഥമിക ആവശ്യം നിറവേറ്റാൻ സൗകര്യം ഇല്ലാത്തതിനാൽ സ്ത്രീകൾക്കു് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.

സാദ്ധ്യതകൾ

1. എല്ലാ വീടുകളിലും പച്ചക്കറിത്തോട്ടം വച്ചുപിടിപ്പിക്കുവാനും, തീറ്റപ്പുല്ലു വളർത്തി സ്വയം തൊഴിൽ നേടുവാനും വേണ്ട സഹായങ്ങൾ ചെയ്യുക.

2. പോഷകാഹാര വിതരണപരിപാടി എല്ലാ ബാലവാടികളിലും മഹിളാ സംഘടനകളിലും നടപ്പിലാക്കുക.

3. സ്വയം തൊഴിൽ പദ്ധതിയനുസരിച്ചു് വനിതകൾക്കായി നടത്തുവാൻ പറ്റുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ വേണ്ട സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

4. ചാരായ നിരോധനം കർശ്ശനമായി നടപ്പിലാക്കുകയും മദ്യവിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുകയുംചെയ്യുക. സ്ത്രീ പീഡനക്കേസ്സുകൾക്കു് മാതൃകാപരമായ ശിക്ഷ നൽകുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ സംവിധാനം ഉണ്ടാക്കുക.

5. എല്ലാ വനിതാസമാജങ്ങളിലും, സംഘടനകളിലും, ബാലവാടികളിലും യൂറിൻഷെഡ്ഡുകൾ നിർമ്മിക്കുക.

വാർഡ് – 6 പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് സാമൂഹ്യരംഗത്ത് മുന്നോട്ടുവരാനുള്ള മാനസ്സിക അവസ്ഥ ഇല്ലാത്ത സാമൂഹ്യ വ്യവസ്ഥിതി ഇപ്പോഴും തുടരുന്നു.

2. വരുമാന സാദ്ധ്യത ഇല്ലാത്തതു അഭ്യസ്തവിദ്യരായ വനിതകൾക്ക് പ്രയാസം ഉണ്ടാകുന്നു.

3. മദ്യപാനംമൂലം കുടുംബകലഹം ഉണ്ടാകുന്നതു പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

4. വനിതകൾക്കും പെൺകുട്ടികൾക്കും നേരെയുണ്ടാകുന്ന കൈയ്യേറ്റങ്ങൾക്കും പീഡനങ്ങൾക്കും നടപടിയുണ്ടാകുന്നില്ല.

5. വിദ്യാഭ്യാസ രംഗത്തു പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന ഉണ്ടാകുന്നില്ല യാത്രാസൗകര്യം ഇല്ലാത്തതു പെൺകുട്ടികൾക്കും വനിതകൾക്കും അസൗകര്യം ഉണ്ടാകുന്നു.

സാദ്ധ്യതകൾ

1. വനിതാസംഘടനകൾ, C. B. C. S. യൂണിറ്റുകൾ, വനിതാ സഹകരണസംഘങ്ങൾ എന്നിവ കൂട്ടുതലായി സംഘടിപ്പിക്കുക.

2 വനിതാസഹകരണ സംഘങ്ങൾ വഴിയും, C B. C. S. യൂണിറ്റുകൾ വഴിയും തൊഴിൽ സാദ്ധ്യതയും സാമ്പത്തിക നേട്ടവും ഉണ്ടാകുവാൻ പര്യാപ്തമായ കൂടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സാമ്പത്തിക – സാങ്കേതിക – സഹായങ്ങൾ ചെയ്തുകൊടുക്കുക.

3. മദ്യനിരോധനം നടപ്പാക്കുകയും മദ്യ വിപത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

4. സ്ത്രീപീഡനം കൂടുതൽ കുറയ്ക്കുകയും പഞ്ചായത്തുതലത്തിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനു ആവശ്യമായ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

5. കാവാലം പഞ്ചായത്തിൽ പെൺകുട്ടികൾക്കായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമോ, കംപ്യൂട്ടർപഠന സൗകര്യത്തോടുകൂടിയ കോളേജ് സഹകരണ മേഖലയിലോ, പൊതുമേഖലയിലോ അനുവദിക്കുക

വാർഡ് 7 പ്രശ്നങ്ങൾ

1. ഈ വാർഡിലെ ഭൂരിഭാഗം വനിതകളും കർഷകത്തൊഴിലാളികളും, പായ്നെയ്ത്തു തൊഴിലാളികളും ആയതിനാൽ തൊഴിൽ ദിനങ്ങൾ കുറവാണ്. അതുമൂലം കടുത്ത സാമ്പത്തിക പ്രയാസം അനുഭവിക്കുന്നു.

2. കൈത്തൊഴിൽ അഭ്യസിക്കുന്നതിനു സൗകര്യം ഇല്ലാത്തതിനാൽ മറ്റു വരുമാനം ഇല്ല.

3. കുട്ടികളുടെ സംരക്ഷണത്തിനു സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്തതിനാൽ തൊഴിലാളിസ്ത്രീകൾക്കു പ്രയാസം ഉളവാകുന്നു.

4. കാർഷിക മേഖലയിലെ വേതനത്തിലെ വേർതിരിവ് സാമ്പത്തികമാന്ദ്യം സൃഷ്ടിക്കുന്നു.

സാദ്ധ്യതകൾ

1. തഴപ്പായ് നെയ്ത്തിനു ഒരു സഹകരണസംഘം രൂപീകരിയ്ക്കാവുന്നതാണ്.

2. കൈത്തൊഴിൽ അഭ്യസനത്തിനു ആവശ്യമായ പരിശീലന ഉൽപ്പാദനകേന്ദ്രം ആരംഭിക്കേണ്ടതാണ്.

3. കർഷക – പായ്നെയ്ത്തു തുടങ്ങിയ തൊഴിലാളികളുടെ കുട്ടികളുടെ സംരക്ഷണത്തിനായി കൃഷ്ണം ബാലവാടി ആരംഭിയ്ക്കേണ്ടതാണ്.

4. കാർഷിക മേഖലയിൽ തുല്യ ജോലിക്കു തുല്യ വേതനം എന്ന രീതി നടപ്പാക്കേണ്ടതാണ്.

വാർഡ് 8 പ്രശ്നങ്ങൾ

1. മൽസ്യവിപണന രംഗത്തും. കർഷകത്തൊഴിലാളിരംഗത്തും പ്രവർത്തിക്കുന്നവരാണ് ഈ വാർഡിലെ സ്ത്രീകളിൽ ഭൂരിഭാഗം പേരും. എന്നാൽ തൊഴിൽ സംരക്ഷിക്കുന്നതിനും സ്ഥിരം വരുമാനം ഉറപ്പുവരുത്താനും ഉള്ള സാഹചര്യം ഇല്ല.

2. ശുദ്ധജലക്ഷാമവും, ആരോഗ്യ പരിപാലനരംഗത്ത് ഉള്ള അസൗകര്യങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

3. മത്സ്യ വിപണന രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പലപ്പോഴും യാത്രാപ്രശ്നങ്ങൾമൂലം വമ്പിച്ച നഷ്ടം ഉണ്ടാകുന്നതു ഒഴിവാക്കണം.

4. കന്നുകാലി വളർത്തലിനും – കന്നുകാലിത്തീറ്റ നിർമ്മാണത്തിനും സൗകര്യമുള്ള പ്രദേശമാണെങ്കിലും ഇതു് ചൂഷണം ചെയ്യാൻ കഴിയുന്നില്ല.

5. അഭ്യസ്ത വിദ്യരായ പെൺകുട്ടികളുടെയും വനിതകളുടെയും ജീവിത നിലവാരം ഉയരുകയോ, തൊഴിൽ ലഭ്യമാകുകയോ ചെയ്യുന്നില്ല.

6. കൊച്ചുകുട്ടികളുടെ സംരക്ഷണം - പ്രാഥമിക വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ കാര്യമായ പുരോഗതിയോ, പദ്ധതികളോ നടപ്പാകുന്നില്ല.

7. വ്യാജമദ്യത്തിന്റെ അതിപ്രസരം ഈ പ്രദേശത്തെ സാമ്പത്തിക സാമൂഹ്യ സമാധാന പ്രശ്നം വഷളാക്കുന്നു.

നിർദ്ദേശങ്ങൾ

1. മത്സ്യ വിപണനരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്കായി മത്സ്യ വിപണന വനിതാ സൊസൈറ്റി രൂപീകരിക്കണം. ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കാർഷിക മേഖലയായ കായൽ പ്രദേശത്തുവരെ പൈപ്പ് ലൈനുകൾ സ്ഥാപിക്കണം.

2. കാവാലം പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഒരു സബ്സെന്റർ ഈ വാർഡിൽ സ്ഥാപിക്കേണ്ടതാണ്.

3. മത്സ്യം കേടുപാടുകൾ സംഭവിക്കുന്നതു തടയുവാനും എത്രയുംവേഗം അകലെയുള്ള വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും വേണ്ടി മത്സ്യ സംസ്കരണ യൂണിറ്റ് ആരംഭിക്കണം.

   യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ റോഡ് ഉണ്ടാകുകയും ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം.

4. കന്നുകാലികളെ വളർത്തുമ്പോൾ ഉണ്ടാകുന്ന പരിസര മലിനീകരണം തടയുന്നതിനു പൊതുവായ ഒരു കന്നുകാലി ഷെഡ്ഡർ തുറക്കുകയും, അവിടെനിന്നും ലഭിക്കുന്ന വിസർജ്ജവസ്തുക്കൾ ഉപയോഗിച്ചു ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കാവുന്നതും സമീപ വീടുകൾക്ക് പൈപ്പ്ലൈൻ വഴി ബയോഗ്യാസ് എത്തിക്കുക വഴി ഇന്ധനപ്രശ്നത്തിനും പരിഹാരം ഉണ്ടാക്കാവുന്നതും ആണ്.

5. ജൈവവളം നിർമ്മിക്കുവാനും വിതരണം ചെയ്യുവാനുമുള്ള സംവിധാനം ബയോഗ്യാസ് പ്ലാന്റിനോട് അനുബന്ധിച്ചു തുടങ്ങാവുന്നതാണ്.

6. കന്നുകാലിത്തീറ്റ നിർമ്മിക്കുന്നതിനു (സംസ്കരിച്ച പോഷക സംപുഷ്ടമാക്കിയ കച്ചി ഉപയോഗിച്ചു) സൗകര്യംഉള്ള ഈ വാർഡിൽ ആയതിനുള്ള ഒരു ഫാക്ടറി ആരംഭിച്ചാൽ അനേകം പേർക്കു തൊഴിൽ സാദ്ധ്യത ഉണ്ടാകുന്നതാണ്.

7. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരായ വനിതകൾക്കായി ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, കുടിൽ വ്യവസായ പദ്ധതികൾ കൈത്തൊഴിൽ പരിശീലനം മുതലായവ ആരംഭിക്കണം.

8. കർഷകത്തൊഴിലാളികളുടെയും, മത്സ്യവിപണനരംഗത്തു പ്രവർത്തിക്കുന്നവരുടെയും കൊച്ചുകുട്ടികളെ സംരക്ഷിക്കുന്നതിനു 'ക്രഷ്–കം–ബാലവാടികൾ' തുടങ്ങണം.

9. വ്യാജചാരായം - മദ്യം കർശനമായി തടയുകയും മദ്യവിപത്തിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തുകയും വേണം.

സംക്ഷിപ്തം

കാവാലം പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വനിതകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കുടിവെള്ള ക്ഷാമത്തിന്റെയും, തൊഴിൽരാഹിത്യത്തിന്റെയും, മദ്യവിപത്തിന്റെയും, സ്ത്രീപീഡനങ്ങളുടെയും തെരുവു വിളക്കുകൾ ഇല്ലായ്മ മൂലവും ഉണ്ടാകുന്ന കഷ്ടപ്പാടുകൾ ആണ്. ഇവയ്ക്കു പരിഹാരമാർഗ്ഗം കണ്ടെത്തുകയാണ് ആദ്യം വേണ്ടതു്. വനിതകളുടെ സാമൂഹ്യസ്ഥിതി ഉയർത്താനും, തുല്യ പങ്കാളിത്തം ഉറപ്പാക്കാനും വേണ്ട ക്രിയാത്മകമായ പ്രവർത്തനവും ഉണ്ടാകേണ്ടിയിരിക്കുന്നു.

കാവാലം ഗ്രാമപഞ്ചായത്ത്

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ ഗ്രാമത്തിൽ ആകെ 233 പട്ടികജാതി കുടുംബങ്ങളും രണ്ട് പട്ടികവർഗ്ഗ കുടുംബവുമാണുള്ളത്. ഇവർ അടിസ്ഥാനപരമായി കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. ചരിത്രമുറങ്ങുന്ന കുട്ടനാടൻ ചക്രവാളങ്ങളിൽ നിലനിന്നിരുന്ന ജന്മി അടിയാൻ ബന്ധത്തിലൂടെയാണ് ഭൂരിഭാഗം മുൻതലമുറക്കാരും കടന്നുവന്നിട്ടുള്ളത്. ഈ ജന്മി അടിയാൻ ബന്ധങ്ങളുടെ പേരിൽ നടന്നിട്ടുള്ള നിരവധി സംഭവങ്ങളും കാവാലത്തിന്റെ മണ്ണിൽ ഉറങ്ങികിടക്കുന്നു. മടയുറയ്ക്കുവാൻ വേണ്ടി ഒരു പറയനെ പാടവരമ്പിലെ മടയിൽ നിർത്തി കട്ടയിട്ട മൂടിയ സംഭവത്തെ അനുസ്മരിക്കുന്ന 'പറയനടി' എന്ന സ്ഥലം ഈ പഞ്ചായത്തിലാണ്. തമ്പ്രാനുവേണ്ടി സ്വന്തം മകളെ ബലി കൊടുത്ത വള്ളോന്റെ കഥയും, ചെമ്പകശേരി രാജാവിന്റെ വള്ളപ്പട-നായകൻമാരായിരുന്ന പട്ടികജാതിക്കാരുടെ കഥയും ഇന്നും പഴമക്കാർ പറയാറുണ്ട്. ഈ വള്ളപടനായകൻമാർക്ക് സ്വന്തമായി ഭൂമി കൈവശം വയ്ക്കാനുള്ള അവകാശവും, സ്വന്തമായി കരം തീരുവയും ഉണ്ടായിരുന്നതായി ചരിത്രം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒരു പക്ഷേ കേരളം ആകെത്തന്നെ യെടുത്താൽ ഈ അവകാശം അത്യപൂർവ്വമാണെന്നും, വർഗ്ഗചേരി തിരിവുകൾക്ക് അതീതമാണെന്നും കാണാവുന്നതാണ്. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ഈ പറഞ്ഞവരും അവരുടെ അനന്തര തലമുറകളും പോലും സാമൂഹ്യ ചൂഷണത്തിനു വിധേയമായി അധസ്ഥിതരായി മാറിയിട്ടുണ്ട്.

കൂലിയാൻനെല്ല് പ്രതിഫലം വാങ്ങി സൂര്യനുദിച്ച് അസ്തമിക്കുംവരെ ജന്മിക്കുവേണ്ടി അടിമപ്പണി ചെയ്തിരുന്നവരും. ജൻമിമാർക്കുവേണ്ടി ദൂരെദേശത്തുനിന്നു കൊണ്ടുവന്ന താമസിപ്പിച്ചിരുന്ന പരാക്രമശാലികളായിരുന്ന വരുമാണ് ഇവിടത്തെ മിക്ക പട്ടികജാതി കുടുംബങ്ങളിലേയും മുൻ തലമുറക്കാർ. ഇവരിൽ കായൽക്കൊള്ളക്കാരും, അഭ്യാസികകളും ഉണ്ടായിരുന്നു. ചെറിയ ചെറിയ കോളനിരൂപത്തിലും, ഒറ്റപ്പെട്ടതുരുത്തുകളിലുമായാണ് ആദ്യകാലത്തു് ഇവർതാമസിച്ചിരുന്നത് ഇപ്പോഴും പലകുടുംബങ്ങളും മറ്റു് ജനവിഭാഗങ്ങളുടെ ഇടയിൽ താമസിക്കുന്നുണ്ട്.

കുട്ടനാടൻ കാർഷികമേഖലയെ പടുത്തുയർത്തുകയും, ഹരിതാഭമാക്കുകയും ചെയ്ത കരുത്തു കൈകളുടെ ഉടമകളിൽ ഒരു വിഭാഗമാണു് ഈ ഗ്രാമത്തിലെ പട്ടികജാതിക്കാർ. വിത്തെറിയാൻ പാടമൊരുക്കുന്നതുമുതൽ കൊയ്തു് പൊലിയളന്നു് ജൻമിയുടെ അറയ്ക്കുള്ളിലെത്തുന്നതുവരെ സകലജോലികളും അടിമപ്പണിയായി ചെയ്തിരുന്ന ഈ വംശാവലിയുടെ പുരോഗതി ഇന്നും കാർഷിക മേഖലയിൽത്തന്നെയാതുടരുന്നു.

സാമൂഹ്യ പരിഷ്കർത്താക്കളുടെ ആശയപ്രചരണവും, തൊഴിലാളി വർഗ്ഗപ്രസ്ഥാനങ്ങളുടെ കടന്നുവരവും ഇവരുടെമേഖലയിൽ തന്നെ ഉണർവ്വും ഉന്മേഷവും പ്രദാനം ചെയ്തു. അതിലൂടെ അവർ, ചോദ്യം ചെയ്യപ്പെടാനാവാതിരുന്ന ജൻമിത്വവ്യവസ്ഥിതിയിൽ നിന്നും കരകയറുകയായിരുന്നു എങ്കിലും, പത്തുസെന്റു് താമസസ്ഥലവും, ഒരേക്കറിൽതാഴെ കൃഷിഭൂമിയും മാത്രമാണു് മിക്കവരുടേയും ആസ്ഥിബാധ്യതകളും കൃഷിനിലമില്ലാത്തവരും ഏറെയുണ്ടു് സ്വന്തമായി ഒരേക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവർ വളരെക്കുറവാണു്. ഭൂപരിഷ്ക്കരണത്തിലൂടെ ലഭിച്ചുമിച്ചഭൂമിയിൽ പലർക്കുംകൃഷിയിറക്കാൻ കഴിയാറില്ല. മൂലധനത്തിന്റെ അപര്യാപ്തതയാണു് കാരണം.

ആചാരാനുഷ്ഠാനങ്ങളും വളരെയൊന്നും വ്യത്യസമല്ലെങ്കിലും, ദ്രാവിഡ പൂജാകർമ്മങ്ങളും നടത്തുന്ന രണ്ടു് ക്ഷേത്രങ്ങളും ഈ ഗ്രാമത്തിലുണ്ട്. ക്ഷേത്രങ്ങളോടനുബന്ധിച്ചു് കാവുകളും നിലവിലുണ്ട് ഇവിടെ ദ്രാവിഡ ദൈവങ്ങൾക്കായി പൂജകളും നടക്കുന്നു. നാടൻ കലാരൂപങ്ങളും, അനുഷ്ഠാനങ്ങളും പാട്ടുകളും അറി

യാവുന്നവർ വളരെ കുറവാണ്. അവയൊക്കെ അവരിൽനിന്നും അന്യമാകുന്ന അവസ്ഥയാണ്.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി കുടുംബളുണ്ട്. ഈറത്തൊഴിലാളികൾ, തെങ്ങുകയറത്തൊഴിലാളികൾ, കക്കാതൊഴിലാളികൾ, മത്സ്യബന്ധനക്കാർ, തഴപ്പായനെയ്ത്തുകാർ, കരകൗശലപ്പണികൾ ചെയ്യുന്നവർ, ചൂരൽപ്പണിക്കാർ തുടങ്ങിയ വിവിധ തൊഴിലാളികൾ ഇവിടെയുണ്ട്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയായതിനാൽ പലരും മറ്റ് നിർമ്മാണ പ്രവർത്തനതൊഴിലുകളിൽ പോകുന്നു.

വ്യാവസായിക മേഖലയിൽ ആരുംതന്നെ എത്തിനോക്കിയിട്ടില്ല. I. R. D. P. വായ്പ ലഭിച്ചവരുണ്ടെങ്കിലും വേണ്ട രീതിയിൽ പ്രയോജനപ്പെട്ടിട്ടില്ല. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവർ പലരും പുരോഗതിയിലെത്തിയിട്ടില്ല. പലതും നിന്നുപോവുകയുണ്ടായി. സാങ്കേതികമായ പരിജ്ഞാനം ലഭിക്കാത്തവരാണ് പലരും. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ വലിയ തുകകൾ കഠിനതരമായ ജാമ്യവ്യവസ്ഥകളാൽ ഇവരെ അപ്രാപ്യരാക്കുന്നു. അനന്തരഫലമായി പലരും കാർഷികമേഖലയെ അഭയം പ്രാപിക്കുന്നു.

കോളനികൾക്ക് പുറത്ത് ഒറ്റപ്പെട്ട താമസിക്കുന്നവർക്ക് വലിയ ആനുകൂല്യങ്ങളോ വികസനമോ ലഭിച്ചിട്ടില്ല. അവരെ പരിഗണിക്കാത്തതാണ് കാരണം. കോളനികൾക്കു നൽകുന്ന ആനുകൂല്യങ്ങൾ അവർക്കും ലഭിക്കേണ്ടതാണ്. പലർക്കും ഗതാഗത സൗകര്യങ്ങൾ ലഭിച്ചിട്ടില്ല. പാടത്തിന്റെ – നടുക്കുനിന്നും നീന്തിക്കയറി യാത്രചെയ്യുന്ന പല വീട്ടുകാരുമുണ്ട്.

ജാതിയമായ കാഴ്ചപ്പാടും, സാമൂഹ്യ അസമത്വവും, മറ്റ് വിഭാഗങ്ങളുടെ ഭാഗികനിസ്സഹകരണങ്ങളും ഇവിടത്തെ പട്ടികജാതിക്കാർ അനുഭവിക്കുന്നതായി ഗ്രാമസഭാറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. സാമ്പത്തികമായും, സാംസ്കാരികമായും, വിദ്യാഭ്യാസപരമായും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിയവരുണ്ടെങ്കിലും അവരും അസമത്വത്തിന്റെ ഫലം അനുഭവിക്കുന്നതായി വെളിപ്പെടുത്തുകയുണ്ടായി. ജാതി പറഞ്ഞു പേരു വിളിക്കുന്ന രീതിയും മറ്റും ഇന്നു നിലവിലുണ്ട്. പൊതുവേ എല്ലാ മേഖലകളിലും ഈ ഗ്രാമത്തിലെ പട്ടികജാതിക്കാർ മറ്റുള്ളവരെ അപേക്ഷിച്ച് പിന്നോക്കം തന്നെയാണെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു.

മിച്ചഭൂമി പതിച്ചു കിട്ടിയ ദുർബല കർഷകരാണ് കൂടുതലും ഒരേക്കറിൽ താഴെ കൃഷി ഭൂമിയാണിവർക്കുള്ളത്. 50 സെൻറ് മുതൽ 1 ഏക്കർ വരെയുള്ള ഇവർക്ക് കൃഷിയിറക്കാൻ വേണ്ട സാമ്പത്തിക ചെലവ് അധികരിക്കുന്നതിനാൽ പലരും കൃഷി വേണ്ടെന്നു വയ്ക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള കൃഷിനിലങ്ങൾ മറ്റുള്ളവർക്ക് പണയത്തിനു കൈമാറുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഒരേക്കറിൽ കൂടുതൽ സ്വന്തം കൃഷിനിലമുള്ളവർ വിരലിലെണ്ണാവുന്നവരാണ്.

സ്വന്തം പുരയിടമില്ലാതെ കൂട്ടുകുടുംബമായി കഴിയുന്നവരും വേണ്ട ശ്രീരേഖകളില്ലാതെ താമസിക്കുന്നവരുമുണ്ട്. ഒരു വീട്ടിൽതന്നെ രണ്ടും മൂന്നും കൂട്ടുകുടുംബങ്ങളുണ്ട്. ഭൂരിഭാഗം പേരും 10 സെൻറിനു താഴെയും 10 സെൻറുമായി കഴിയുന്നു. 10സെൻറിനു മുകളിൽ പുരയിടമുള്ളവർ കുറവാണ് 5 സെൻറു പുരയിടങ്ങളിൽ കുടികൃഷിപോലും (പച്ചക്കറി) ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. ദ്വീപുകളിലും മറ്റും സ്ഥിതിചെയ്യുന്ന പുരയിടങ്ങളും ഇടിഞ്ഞുവീണു നശിച്ചുകൊണ്ടിരിക്കുന്നു.

സർവ്വേ 96

സ്വന്തം പുരയിടമുള്ളവർ	പുരയിടമില്ലാത്തവർ
201	34

വിധവകൾക്കും, വികലാംഗർക്കും സഹായം ലഭിയ്ക്കേണ്ടതുണ്ട്. പക്ഷേ യിലധികം പേർക്കും സഹായം ലഭിക്കുന്നില്ല.

വിധവകൾ	സഹായം ലഭിക്കുന്നവർ	വികലാംഗർ	സഹായം ലഭിക്കുന്നവർ	മന്ദബുദ്ധികൾ
42	7	14	5	2

സർക്കാർ ആനുകൂല്യങ്ങൾ വേണ്ടത്ര വിജയപ്രദമായി വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയാണിവിടെ. കിട്ടിയ ആനുകൂല്യങ്ങൾ പലരും ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ പട്ടിക ജാതിക്കാരെ കുഴയ്ക്കുന്ന ഒന്നാണ്. വിവിധ വകുപ്പുകൾ നൽകുന്ന സഹായങ്ങൾ പലപ്പോഴും ഇവർ അറിയാറില്ല. തന്നെയുമല്ല, കിട്ടുന്ന സാമ്പത്തിക സഹായത്തിൻെറ നല്ലൊരു പങ്ക് മദ്ധ്യവർത്തികളും മറ്റും വഹിക്കുന്നതായി ഗ്രാമസഭ റിപ്പോർട്ട് ചെയ്യുന്നു.

സാമൂഹ്യപദവി വളരെ പിന്നോക്കം: എല്ലാ തലങ്ങളിലും മറ്റ് ജന വിഭാഗങ്ങളെ അപേക്ഷിച്ച് ഇവിടത്തെ S C വിഭാഗം പിന്നോക്കമാണ്. രാഷ്ട്രീയ, സാംസ്കാരിക, രംഗത്ത് പ്രവർത്തിക്കുന്നവരുണ്ടെങ്കിലും അസമത്വത്തിൻെറ ഫലങ്ങൾ അനുഭവിക്കുന്നവരാണ്.

കോളനി സംസ്കാരം പട്ടികജാതി വിഭാഗക്കാരെ സമൂഹത്തിൻെറ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തുന്ന കോളനികളിൽ ഇതുവരെ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ അവർക്ക് പ്രയോജനകരമായിരുന്നു. ഇനിയും വളരെയധികം സൗകര്യങ്ങൾ ലഭിക്കാനുണ്ടെന്ന് ജനകീയാസൂത്രണ സർവ്വേ 96 വെളിപ്പെടുത്തുന്നു.

പരിഹാരമാർഗങ്ങൾ (ഗ്രാമസഭാറിപ്പോർട്ട്)

പട്ടികജാതി വർഗ്ഗക്കാർക്ക് സഹായമായി നൽകുന്ന പണം ഇടത്തട്ടുകാരും മദ്ധ്യവർത്തികളും ചൂഷണം ചെയ്യുന്നതൊഴിവാക്കാൻ പഞ്ചായത്തു തലത്തിൽ ഗ്രാമസഭയുടെ കീഴിൽ ഒരു സമിതി രൂപീകരിച്ച് അതിലൂടെ വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാകണം.

2. ഘടന: പഞ്ചായത്തു മെമ്പറന്മാർ, വിവിധ പട്ടികജാതി സംഘടനാ പ്രതിനിധികളും, പട്ടികജാതി വികസന ഉദ്യോഗസ്ഥന്മാർ.

നിബന്ധനകൾ: 1. 3 മാസത്തിലൊരിക്കൽ സമിതിയോഗം ചേരുകയും കാലാകാലങ്ങളിൽ നടന്ന പദ്ധതികളും, വരും പദ്ധതികളും ചർച്ച ചെയ്യുകയും, വിലയിരുത്തുകയും ചെയ്യുക.

2. നടപ്പിലാക്കുന്ന പദ്ധതികൾ ഗുണകരമായി പ്രവൃത്തി പഥത്തിലെത്തിക്കാൻ ഈ സമിതി ശ്രദ്ധിക്കേണ്ടതാണ്.

* സ്വന്തമായി പുരയിടമില്ലാത്തവർക്കും, വീടില്ലാത്തവർക്കും അതു ലഭ്യമാകുന്നതിനു് ആവശ്യമായ നടപടികൾ ആസൂത്രണം ചെയ്തു് നടപ്പിലാക്കണം.
* വീടിനു നൽകുന്ന തുക 40,000 രൂപയായി ഉയർത്തുകയും പണി പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കാൻ സഹായിക്കുകയും വേണം
* പാടശേഖരങ്ങളുടെ നടുക്കു് ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടിക ജാതിക്കാരായ കുടുംബങ്ങൾക്കു് യാത്രാസൗകര്യം ലഭ്യമാക്കണം.
* വള്ളം, പാലം, ബണ്ടു് ഇവ നിർമ്മിക്കാൻ സഹായം നൽകണം.
* ഇനിയും കക്കൂസ്സുകൾ ലഭിക്കാനുള്ളവർക്കു് അതു് ലഭ്യമാകണം
* വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ലഘുവായ ജാമ്യത്തിൽ വായ്പ.
* ചരിത്രപരമായി നഷ്ടപ്പെട്ട ഭൂമി തിരിച്ചു കിട്ടാൻ നടപടി.
* ആനുകൂല്യങ്ങളെക്കുറിച്ചറിയാൻ ഇൻഫർമേഷൻ സെൻറർ.
* പട്ടികവർഗ്ഗക്കാരെ പ്രത്യേകം പരിഗണിക്കുകയും സഹായം കൃത്യമായി കിട്ടുവാൻ നടപടിയും വേണം.
* ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും തൊഴിൽ ലഭിക്കുന്ന പദ്ധതി.
* എല്ലാ പട്ടികജാതി കോളനികളിലും വായനശാലയും, സാംസ്കാരിക നിലയങ്ങളും വേണം.
* കലാകാരന്മാർക്കു് സഹായവും പരിശീലനവും. കലാസമിതികൾക്കു് സഹായവും
* ഒരു പട്ടികജാതി സഹകരണസംഘം വേണം.
* വനിതാ സമാജങ്ങൾക്കു് ഫീഡിംഗ് സെൻറുകൾ.
* വനിതകൾക്കു് പ്രത്യേക തൊഴിൽ പദ്ധതി.
* ടൈസംകോഴ്സ് കഴിഞ്ഞവർക്കു് സംരംഭം തുടങ്ങാൻ സഹായം.
* ഗവ സഹായത്താൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതു് പ്രശർത്തിക്കുന്നുണ്ടോയെന്നു പരിശോധിക്കാനും പ്രയോജനകരമാക്കാനും സാധിക്കണം.
* സ്പോർട്ട്സിൽ കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
* മിച്ചഭൂമി കർഷകർക്കു് ഭിത്തു്, വളം, കീടനാശിനി എന്നിവ സൗജന്യ നിരക്കിലോ, വായ്പയായോ നൽകണം.
* രോഗങ്ങൾ ബാധിച്ചവർക്കു് ചികിത്സാസഹായവും, ശുശ്രൂഷയും.
* വൈദ്യുതി കണക്ഷൻ കിട്ടാനുള്ളവർക്കു് അതു ലഭ്യമാകണം.
* ദ്വീപുകളിൽ താമസിക്കുന്നവർക്കു് പൈപ്പു ലൈൻ വലിച്ചു് അവരുടെ വീടുകളിൽ വെള്ളമെത്തിക്കണം.
* താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്കു് പുരയിടം ഉയർത്തിയെടുക്കാൻ ധനസഹായം ആവശ്യമായതുയും തുക നൽകണം അതു നടപ്പിൽ വരുന്നതായി ഉറപ്പുവരുത്തണം.
* പുരയിടങ്ങൾ കല്ലുകെട്ടി സംരക്ഷിക്കണം.
* അംബെദ്കർ കോളനികാർക്കു് പൊതുമുടി, കുളിക്കടവു്, ഹെൽത്തുസെൻറർ.
* അഞ്ചു വീട്ടുകാർ ചേർന്നുള്ള തൊഴിൽ, വ്യവസായ സംരംഭങ്ങൾ.
* വിധവകൾക്കും അവരുടെ പെൺമക്കൾക്കും സഹായം ലഭ്യമാകണം.
* ഈറ്റത്തൊഴിലാളികൾക്കു് സാമഗ്രികളും തൊഴിൽ ശാലകളും ഉണ്ടാകണം അവയ്ക്കു് സഹായം നൽകണം.
* തെങ്ങു കയറ്റത്തൊഴിലാളികൾക്കു് പരിശീലനം യന്ത്രം.
* കൈത്തൊഴിലുകാർക്കു് യന്ത്രസാമഗ്രികൾ.
* വാഹനങ്ങൾ വാങ്ങാൻ ലഘു ജാമ്യത്തിൽ വായ്പ.
* പട്ടികജാതി ആരാധനാലയങ്ങൾ നശിക്കാതിരിക്കാൻ പരിപാടികൾ ആവിഷ്ക്കരിക്കണം.
* പട്ടിക ജാതിക്കാരുടെ മേലുള്ള കടബാധ്യതകൾ നിയമപരമായി പരിഹരിക്കാൻ എക്സിക്യൂട്ടീവ് പവറുള്ള മജിസ്ട്രേറ്റ് ചെയർമാനായി ഒരു സമിതിയുണ്ടാകണം.
* നാടൻ കലകൾക്കും, പാട്ടുകൾക്കും, പ്രോത്സാഹനം.
* സ്വന്തമായി സ്ഥലം വാങ്ങി വ്യവസായം തുടങ്ങാൻ സഹായം ലഘുജാമ്യ വ്യവസ്ഥയിൽ നിൽക്കണം.
* വനിതാ സൊസൈറ്റി.
* ഓരോ വർഷവും പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ അവതരിപ്പിച്ചതും നടപ്പാക്കിയതും റിപ്പോർട്ടായി പുറത്തിറക്കണം.

★ സഹകരണം ★

നമ്മുടെ സഹകരണ ചരിത്രം മെറാൽ വർക്കേഴ്സ് സഹകരണ സംഘം, തഴപ്പായനെയ്ത്ത് സഹകരണസംഘം, പരസ്പരസഹായ സഹകരണസംഘം, ബെറാർ ഫാമിംഗ്, മത്സ്യത്തൊഴിലാളി സഹകരണസംഘം ഇവയിൽ തുടങ്ങുന്നു.

സഹകരണം

കാർഷികമേഖലയുടെ ഹൃദയഭാഗവും ,കുട്ടനാടൻ നെല്ലറയുടെ ആസ്ഥാനകേന്ദ്രവുമായ കാവാലം പഞ്ചായത്തിൽ രാഷ്ട്രീയ അതിപ്രസരം മൂലം സഹകരണസംഘങ്ങൾ തകർന്നടിഞ്ഞ ചരിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതിന്റെ ഫലമായി കർഷക്ക് ആശയും ആവേശവുമാകേണ്ട സഹകരണമേഖലയിലുപകരം സ്വകാര്യപണമിടപാടുകാരുടെയും ബ്ലേഡു കമ്പനികളുടെയും രംഗപ്രവേശം വളരെ ശ്രദ്ധേയമാണ്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തു് അതിർത്തിയിൽ ക്രഡിറ്റു് മേഖലയിൽ ഒരു സംഘവും നോൺ ക്രഡിറ്റു് മേഖലയിൽ 4 സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നു. സഹകരണമേഖലയിൽ ഒരു കുതിച്ചുകയറ്റം അനിവാര്യമായ ഈ സന്ദർഭത്തിൽ രാഷ്ട്രീയത്തിനതീതമായി പുതിയ സംഘങ്ങൾ സ്ഥാപിക്കുകയും അതിലൂടെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ സഹകരണ മേഖലയുടെ ചരിത്രം താഴെ വിവരിയ്ക്കുന്നു.

ക്രഡിറ്റ് മേഖല അന്യത്ര ചേർത്തിരിക്കുന്നു.

നോൺക്രഡിറ്റ് മേഖല

1. കാവാലം കുറ്റ കക്കാവ്യവസായ സഹകരണ സംഘം ക്ലിപ്തനമ്പർ A. 886

1990 ൽ രൂപ കൊണ്ട കാവാലം കുറ്റകക്കവ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ കുട്ടനാട് താലൂക്കിലെ 5 വില്ലേജുകൾ ഉൾപ്പെടുന്നു. ആകെ 204 അംഗങ്ങളുള്ള ഈ സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 100000 രൂപയാണ്. അംഗങ്ങളിൽ നിന്നു മാത്രം സ്വീകരിച്ച നിക്ഷേപങ്ങളാണ് സംഘത്തിനുള്ളത്. പിരിഞ്ഞുകിട്ടിയ ഓഹരിയുടെ പത്തിരട്ടി തുക കടം എടുക്കാവുന്നതാണ്. അംഗങ്ങളുടെ കുടുംബത്തിനുണ്ടാകുന്ന അടിയന്തരാവശ്യങ്ങൾക്ക് പ്രത്യേക വായ്പകൾ അനുവദിയ്ക്കുന്നതാണ്.

2. കാവാലം കുന്നുമ്മ ക്ഷീരോല്പാദക സഹകരണ സംഘം A-12 (D) അപ്കോസ്

1975-ൽ പ്രവർത്തനമാരംഭിച്ച കുന്നുമ്മ ക്ഷീരോല്പാദക സഹകരണസംഘത്തിൽ 350 അംഗങ്ങളുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തന പരിധി കാവാലം പഞ്ചായത്തിൽ 1, 2. 4, എന്നീ വാർഡുകളാണ്. ഈ സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 7500 രൂപയാണ് ഈ സംഘം ക്ഷീരോല്പാദകരിൽ നിന്നും പാൽ ശേഖരിച്ച് മിൽമയ്ക്ക് നൽകുന്നു.

3. ലേബർ കോൺട്രാക്ട് സഹകരണസംഘം

കാവാലം പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രവർത്തിക്കുന്നു. ഈ സംഘം ജനകീയ സംഘമായി പ്രവർത്തിക്കുന്നില്ല. ഈ സംഘത്തിനു് അംഗീകൃത ഓഫീസോ ജനകീയ സ്വഭാവമോ ഇല്ല. നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനും തൊഴിലില്ലായ്മ പരിഹരിക്കുവാനും ഈ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

4. വടക്കൻ വെളിയനാട് ക്ഷീരോല്പാദക സഹകരണസംഘം

1995 ൽ പ്രവർത്തനം ആരംഭിച്ചു. 65 അംഗങ്ങൾ. പ്രവർത്തനപരിധി കാവാലം പഞ്ചായത്ത് 3-ാം വാർഡ്. ഈ സംഘത്തിന്റെ അംഗീകൃത ഓഹരിമൂലധനം 10000 രൂപ. സംഘം ക്ഷീരോൽപ്പാദകരിൽനിന്നും പാൽ ശേഖരിച്ച് പ്രദേശത്തും മിൽമയ്ക്കും വിൽക്കുന്നു.

കാവാലം പഞ്ചായത്തിൽ 1994 ൽ രജിസ്റ്റർ ചെയ്തതും ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ കാവാലം പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

ഇപ്പോൾ പ്രവർത്തന രഹിതമായ A. 78-ാം നമ്പർ സഹകരണ സംഘം പുനർപ്രവർത്തനം നടത്താൻ വേണ്ട നടപടി അടിയന്തിരമായി ചെയ്യണം.

പ്രവർത്തനരഹിതമായികിടക്കുന്ന A. 788-ാം നമ്പർ ഹരിജൻ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനു് നടപടികൾ സ്വീകരിക്കണം.

പ്രശ്നങ്ങൾ

1. കാവാലം പഞ്ചായത്തു് അതിർത്തിയിൽ നിലവിൽ പള്ളിയറക്കാവ് സർവ്വീസ് സഹകരണ സംഘംമാത്രമാണുള്ളതു്. ഈസംഘം വളരെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. ഈ സംഘത്തിനു സ്വന്തമായി ആഫീസും ഗോഡൗണും നിർമ്മിക്കേണ്ടതുണ്ടു്. ഈ പഞ്ചായത്തിലെ 4, 5, 6, വാർഡുകളിലെ ജനങ്ങൾക്കു മാത്രമാണ് ഇതു മൂലം പ്രയോജനം ലഭിക്കുന്നതു്. ഇവിടെയുള്ള ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ചു കഴിയുന്നവരാണ്.

2. കാവാലം പഞ്ചായത്തിൽ കൺസ്യൂമർ സൊസൈറ്റികളൊന്നും പ്രവർത്തിക്കുന്നില്ല.

3. ഇപ്പോൾ കാർഷിക മേഖലയിലെ അസംസ്കൃത വസ്തുക്കൾ പാഴായിപ്പോകുകയാണ്. ഇതു വലിയ ദേശീയ നഷ്ടത്തിനു കാരണമാകുന്നു.

4. കാവാലം പഞ്ചായത്തിൽ 5, 6, 7, 8, വാർഡുകളിൽ നിലവിൽ ക്ഷീര വ്യവസായ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. കുന്നുകാലി വളർത്തലിനു വളരെ സൗകര്യങ്ങളുള്ള ഈ പ്രദേശങ്ങളിലെ തൊഴിൽ - ഉല്പാദന നഷ്ടം ഇതുമൂലം സംഭവിക്കുന്നുണ്ടു്.

5. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും മതിയായ പദ്ധതികളൊന്നും തന്നെ ഇപ്പോൾ ഇല്ല.

6. മത്സ്യത്തൊഴിലാളികളും കക്കാവാരൽ തൊഴിലാളികളും ധാരാളം ഉള്ള, മത്സ്യസമ്പത്തു പുഷ്ടിപ്പെടുത്താൻ സാദ്ധ്യതയുള്ള മേഖലയാണ് കാവാലം പഞ്ചായത്തു എന്നാൽ മതിയായ വിതരണ - സംസ്കരണ യൂണിറ്റുകൾ ഇല്ലാത്തതു് തൊഴിൽ - സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു.

7. പഴം, പച്ചക്കറി, പുഷ്പം തുടങ്ങിയ കൃഷി വികസനത്തിനു് അനുയോജ്യമായ ഘടകങ്ങൾ ഉണ്ടെങ്കിലും മതിയായ വിതരണ ശൃംഖലയില്ലാത്തതിനാൽ അവസരങ്ങൾ നഷ്ടമാകുന്നു.

8. കരകൗശല, ചെറുകിട വ്യവസായ പദ്ധതികൾക്കും അസംസ്കൃത വസ്തുക്കൾ ലഭ്യമാണെങ്കിലും വിതരണശേഖര സൗകര്യങ്ങൾ ഇല്ലാത്തതും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

സാദ്ധ്യതകൾ

1. കാവാലം പഞ്ചായത്തിലെ 1, 2, 3, 7, 8, വാർഡുകളെ പ്രവർത്തനമേഖലയാക്കിക്കൊണ്ട് രണ്ട് സർവ്വീസ് സഹകരണബാങ്ക് രൂപീകരിയ്ക്കേണ്ടതാണ് കാർഷിക വികസനത്തിനുള്ള വഴിതെളിയും

2. കാവാലം പഞ്ചായത്തിലെ എല്ലാവാർഡുകളിലും കൺസ്യൂമർ സൊസൈറ്റികളെ ആരംഭിക്കണം. ഇതുമൂലം സ്വകാര്യവ്യാപാരികളുടെ ചൂഷണത്തിൽ നിന്നും, അമിതമായ വിലക്കയറ്റത്തിൽ നിന്നും ജനങ്ങൾക്ക് ജനങ്ങൾക്ക് മോചനം ലഭിയ്ക്കുന്നതാണ്.

3. കാർഷികമേഖലയിൽ നിന്നു ലഭിയ്ക്കുന്ന അസംസ്കൃത വസ്തുക്കളായ വയ്ക്കോൽ, പച്ചത്തൊണ്ട് തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിയ്ക്കേണ്ടതാണ്.

4. കാവാലംപഞ്ചായത്തിലെ 5, 6, 7, 8, വാർഡുകളെ പ്രവർത്തനമേഖലയാക്കിക്കൊണ്ട്, രണ്ട് ക്ഷീരവികസന (മിൽമ മോഡൽ) യൂണിറ്റ് ആരംഭിയ്ക്കണം.

5. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വർഗ്ഗ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പട്ടികജാതി- പട്ടികവർഗ സഹകരണസൊസൈറ്റി രൂപീകരിയ്ക്കേണ്ടതാണ്.

6. മത്സ്യ സംസ്കരണ - ശേഖരണത്തിനു ഉതകുന്ന ഒരു മത്സ്യ വിതരണ സംഭരണ കേന്ദ്രം ആരംഭിക്കണം.

7. പഴം, പച്ചക്കറി, വിതരണ സംഭരണകേന്ദ്രം ആരംഭിക്കണ.

8. പ്രവർത്തനം നിലച്ചു പോയിട്ടുള്ള ഖാദി - വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റികളെ എല്ലാ വാർഡുകളിലും ആരംഭിക്കണം.

9. വസ്ത്രനിർമ്മാണം, പുഷ്പകൃഷി, കരകൗശല വസ്തു നിർമ്മാണം തുടങ്ങിയവ പ്രോത്സാഹിപ്പിച്ചു വനിതകൾക്ക് തൊഴിൽ സൗകര്യം ഉണ്ടാകുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പ്രവർത്തന രഹിതമായിക്കിടക്കുന്ന വനിതാ സൊസൈറ്റികളെ അടക്കമുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രെഡിറ്റ് മേഖല

സംഘത്തിന്റെ പേര്	:	പള്ളിയറക്കാവ് സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ A 929
പ്രവർത്തന പരിധി	:	1, 2, 3, 4, 5, 6 എന്നീ വർഡുകൾ
അംഗങ്ങൾ	:	515
ഓഹരി മൂലധനം	:	5 ലക്ഷം രൂപ
സ്ഥിരനിക്ഷേപം	:	26500 രൂപ
കാർഷിക വായ്പകൾ	:	800000 രൂപ
മറ്റു വായ്പകൾ	:	118000 രൂപ
കിട്ടുവാനുള്ളത്	:	135976 രൂപ

കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യനിലവാരം നിർണ്ണയിക്കുന്നത് ആശുപത്രികളുടെ എണ്ണവും, മരുന്നും, ഡോക്ടറും ചേർന്നതല്ല. ശുദ്ധവായുവും, ശുദ്ധജലവും, പോഷകമൂല്യമുള്ള ആഹാരവും, ശുചിയായ പരിസരവും, ലഭ്യമായ ഒരു ജനതയ്ക്കുമാത്രമേ ശരിയായ ആരോഗ്യാവസ്ഥ നിലനിർത്തുവാൻ കഴിയൂ.

കാവാലം പഞ്ചായത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും പൊതുജലാശയങ്ങളെ കുടിവെള്ളത്തിനായി ആശ്രയിക്കുന്നു. കുളത്തിൽനിന്നും, കിണറുകളിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം ശുദ്ധമല്ലെങ്കിൽപോലും 25 ശതമാനം കുടുംബങ്ങൾ അത് ഉപയോഗിച്ചു പോരുന്നു. ഏറ്റവും ശുദ്ധമെന്നു കരുതുന്ന കെ. ഡബ്ളിയു. എ. വിതരണം ചെയ്യുന്ന വെള്ളം 18% ജനങ്ങൾക്ക് മാത്രമേ ലഭ്യമാകുന്നുള്ളൂ. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമായ കാവാലത്ത് ശുദ്ധജലക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്നു. ഏപ്രിൽ, മെയ്, മാസങ്ങളിലുണ്ടാകുന്ന വരൾച്ചയും, വർഷകാലത്തു

കുടിവെള്ള സ്രോതസ്സുകൾ പട്ടിക - 1
വാർഡുതിരിച്ചുള്ള വീടുകളുടെ എണ്ണം

വാർഡുകൾ	1	2	3	4	5	6	7	8
പൊതുജലാശയം	165	272	233	206	190	100	264	300
കുളം	3	21	5	3	150	127	18	37
കിണർ	87	38	99	14	55	52	16	25
പൈപ്പ്	-	186	-	105	20	146	16	75
കുടിവെള്ളത്തിനായി ഇരുനൂറു മീറ്ററിലധികം സഞ്ചരിക്കേണ്ട വീടുകൾ. പൊതുജലാശയമുൾപ്പെടെ	129	185	219	-	105	128	110	-

ണ്ടാകുന്ന വെള്ളപ്പൊക്കവും ജനങ്ങളുടെ ആരോഗ്യത്തെ അതീവ ഗുരുതരമാക്കുന്നു. ഈ അവസ്ഥാവിശേഷം കണക്കിലെടുത്തുമാത്രമേ ശുദ്ധജലപദ്ധതികൾ ആസൂത്രണം ചെയ്യാവൂ.

മുൻ കാലങ്ങളിൽ ശുദ്ധജലം ലഭിച്ചു കൊണ്ടിരുന്നത് പൊതുകുളം, കിണർ, സ്വകാര്യകുളം, കിണർ, എന്നിവ അശ്രദ്ധമൂലം ഉപയോഗശൂന്യമായിക്കിടക്കുന്നു. പൊതുജലാശയങ്ങൾ കാർഷിക മേഖലയിലെ അമിതമായ കീടനാശിനി രാസവളപ്രയോഗം, തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം, ശുചിത്വമില്ലായ്മ, അശാസ്ത്രീയമായ വികസന പ്രവർത്തനം (നീരൊഴുക്കു തടഞ്ഞുകൊണ്ടുള്ള റോഡുകളും, തുറന്ന കക്കൂസുകളും) എന്നിവ ആരോഗ്യരംഗത്തെ വെല്ലുവിളിയായി ഉയർന്നുനിൽക്കുന്നു.

കാവാലം പഞ്ചായത്തിൽ മുഴുവൻ ശുദ്ധജലം എത്തിക്കുന്ന പദ്ധതി വാട്ടർ അതോറിറ്റി രൂപകല്പന ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ എങ്ങുമെത്താതെ നിൽക്കുന്നു. നിലവിലുള്ള വാട്ടർ ടാപ്പുകളിൽ നിന്നും ഫലപ്രദമായ ജലവിതരണം നടക്കുന്നുമില്ല. ഓരോ വാർഡുകളിലും ലഭ്യമായ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തുകയും അവ മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

കുടിവെള്ളസ്രോതസ്സ്

പട്ടിക - 2

കുളം, കിണർ	88.57%	(കേരളം)
കുളം, കിണർ	24.8%	(കാവാലം)
വാട്ടർ ടാപ്പ് (K. W. A)	8.55%	(കേരളം)
വാട്ടർ ടാപ്പ് (K. W. A.)	17%	(കാവാലം)
പൊതുജലാശയം	2.51%	(കേരളം)
പൊതുജലാശം	57.39%	(കാവാലം)

(പഞ്ചായത്തിലെ ഒന്നും, മൂന്നും വാർഡുകളിൽ ഒറ്റ വാട്ടർ ടാപ്പുപോലും ഇതുവരെ സ്ഥാപിച്ചിട്ടില്ല. പട്ടിക 1 നോക്കുക.)

ശുദ്ധജല ലഭ്യതാമാർഗ്ഗങ്ങൾ

ഓരോ വാർഡുകളിൽ നിന്നും കണ്ടെത്തുന്ന ശുദ്ധജല സ്രോതസ്സുകളിൽ നിന്നും 1000 മീറ്റർ ചുറ്റളവിൽ ടാപ്പുകൾ സ്ഥാപിച്ച് ശരാശരി 250 കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കത്തക്ക ചെറുകിട ജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുക. എല്ലാ വാർഡുകളിലും വീടിന് 200 മീറ്റർ പരിധിക്കുള്ളിലും , 25 വീടിന് 1 എന്ന അനുപാതത്തിലും വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക.

കേന്ദ്ര സർക്കാരിന്റെ ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുന്ന കുട്ടനാട് കുടിവെള്ളപദ്ധതി പ്രകാരം കാവാലം പഞ്ചായത്തിലെ പ്രധാന കായലുകളായ രാമരാജപുരം, മംഗലം, മാണിക്യമംഗലം എന്നീ കായലുകളുടെ പുറംബണ്ടിലേയ്ക്ക് പൈപ്പ്ലൈൻ നീട്ടാൻ പദ്ധതി തയ്യാറാക്കിയിരുന്നു. കായൽ മേഖലയിൽ കുടിവെള്ളമെത്തിക്കുവാൻ ഈ പദ്ധതിയിൽപ്പെടുത്തി പൈപ്പ് ലൈൻ ഇടണം.

K. W. A. കുട്ടനാട് വാട്ടർ സപ്ലൈസ്കീമിൽ ഉൾപ്പെടുത്തി കാവാലം പഞ്ചായത്തിൽ രൂപകല്പന ചെയ്തിരുന്ന വാട്ടർ ടാങ്കും പമ്പ് ഹൗസും എത്രയും വേഗം പ്രവർത്തനക്ഷമമാക്കുക.

നിലവിലുള്ള ജലസ്രോതസ്സുകൾ കാലാകാലങ്ങളിൽ ക്ലോറിനേറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും;യൂനിസെഫ് നടപ്പാക്കിവരുന്ന മഴവെള്ള സംഭരണികൾ നിർമ്മിക്കുക. നിലവിലുള്ള കിണറുകളും, കുളങ്ങളും ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കുക.

1996 -ൽ ജപ്പാൻ ജ്വരം ബാധിച്ചപ്പോൾ, കാവാലം, പഞ്ചായത്തിലെ രൂക്ഷമായ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാൻ അന്നത്തെ ജില്ലാ കളക്ടറായ ഛത്രപതി ശിവജി കാവാലത്തിനുവേണ്ടി ഒരു ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് അയച്ചിരുന്നു. കേന്ദ്രസർക്കാർ മുൻകൈയ്യെടുത്ത് ഈ പ്രോജക്ട് നടപ്പാക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

നിലവിലുള്ള പൈപ്പ്ലൈനുകളിൽ നിന്നും പരമാവധി ടാപ്പുകൾ സ്ഥാപിച്ച് ജലമെത്തിക്കണം.

വാട്ടർ ടാപ്പുകൾ ഓരോന്നും സംരക്ഷിക്കുവാൻ ഉപഭോക്താക്കളുടെ കമ്മറ്റി രൂപീകരിക്കുക.

പൊതുജനാരോഗ്യം

വണ്ടുകാലത്ത് കാവാലം നിവാസികൾ ചികിത്സയ്ക്കായി സമീപിച്ചിരുന്നത് നാട്ടുവൈദ്യന്മാരെയും, പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളെയുമായിരുന്നു. ചികിത്സാരംഗത്ത് വൈദഗ്ധ്യം തെളിയിച്ച പലപ്രമുഖരും നാട്ടിലുണ്ടായിരുന്നു. അക്കാലങ്ങളിൽ നിലനിന്നിരുന്ന പകർച്ചവ്യാധികളും -മാറാ രോഗങ്ങളും, ആധുനിക ചികിത്സാ സൗകര്യങ്ങൾ എത്തിയതോടെ, അപ്രത്യക്ഷമായെങ്കിലും, അടുത്തകാലത്തുള്ള അവയുടെ തിരിച്ചുവരവ് നമ്മെ ഭീതിപ്പെടുത്തുന്നു. അതോടൊപ്പം പുതിയ പുതിയ സാംക്രമികരോഗങ്ങൾ ഗ്രാമവാസികളെ ഗ്രസിക്കുന്നു. അടുത്തകാലത്തുണ്ടായ 'ജപ്പാൻജ്വരം' മൂലം നാലുപേർ മരണമടയുകയുണ്ടായി. ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട മൻസോണിയ, യൂണിഫോമിസ്, ക്യൂലക്സ്, ട്രൈറ്റിനോറിംഗ്സ് എന്നീ രണ്ടുതരം കൊതുകുകൾ വഴിയാണ് ഈ രോഗം സംക്രമിക്കുന്നതെന്ന് വിദഗ്ധന്മാർ റിപ്പോർട്ടുചെയ്യുന്നു. ജപ്പാൻജ്വരംപോലെ മാരകമായ പല രോഗങ്ങളും പരത്തുന്നത് കൊതുകുകളാണെന്ന് തെളിയിയ്ക്കപ്പെട്ടിട്ടുണ്ട്. 96 കാലയളവിലുണ്ടായ ജപ്പാൻജ്വരം (മെനഞ്ജൈറ്റിസ്) താൽക്കാലികമായി മാത്രമാണ് പിന്മാറിയതെന്ന് അധികാരികൾ പറയുമ്പോൾ കൊതുകു നശീകരണത്തിന് ജാഗ്രതപുലർത്തേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ സമതുലിതമായ ആവാസ വ്യവസ്ഥയാൽ കൊതുകുവർദ്ധനവ് തടയപ്പെട്ടിരുന്നു. തവളകൾ, ചിലയിനം മത്സ്യങ്ങൾ, ഉപ്പുവെള്ളം കയറൽ എന്നീ പ്രതിഭാസങ്ങൾ ആവാസ വ്യവസ്ഥയെ നിലനിർത്തിയിരുന്നു.

കൊതുകു നിവാരണത്തിന് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന B. H. C. D. D. T. എന്നീ വിഷങ്ങൾ ലോകാരോഗ്യസംഘടന നിരോധിച്ചിട്ടുള്ളതാണ്. തലമുറകളോളം നിലനില്ക്കുന്ന ഇത്തരം വിഷങ്ങൾ ഉപയോഗിക്കാതെ തന്നെ V. C. R. C. (വെക്ടർ, കൺട്രോൾ, റിസർച്ച്, സെൻറർ) ചേർത്തലപോലുള്ള സ്ഥാപനങ്ങളുടെ അടിയന്തിര സഹായം തേടുകതന്നെ ചെയ്യണം.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായികിടക്കുന്ന ചതുപ്പുപ്രദേശങ്ങൾ കൊതുകു വളരുന്നതിന് കാരണമാകുന്നു. ഗ്രാമത്തിലെ 60% ജനങ്ങൾ തുറന്ന സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്നതിനാൽ പൊതുജലാശയവും, പരിസരവും, മലിനപ്പെടുന്നു.

മലവിസർജ്ജന രീതി (പട്ടിക - 3)

സ്വഭാവം % ൽ	കേരളം	കാവാലം
1 തുറന്ന കക്കൂസ്	65.8%	60.54%
2 സെപ്റ്റിക് കക്കൂസ്	34.,1%	37.46%

ഗ്രാമത്തിൻെറ സാനിട്ടറി സൗകര്യം കേരള ശരാശരിയേക്കാൾ ഉയർന്നതാണെങ്കിലും, അവ ഫലപ്രദമായി സംരക്ഷിക്കപ്പെടുന്നില്ല. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമായതിനാൽ മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി മലിനീകരണ സാദ്ധ്യത വർദ്ധിക്കുന്നു. സെപ്റ്റിക് കക്കൂസുകളുടെ നിർമ്മാണം കൂടുതൽ ശ്രദ്ധയോടെ നടത്തുകയും തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം ഒഴിവാക്കുകയും പൊതുജലാശയത്തിലേയ്ക്ക് തുറന്നുവിട്ടിരിയ്ക്കുന്ന കക്കൂസിൻെറ ഓവുകൾ അടയ്ക്കുകയു ചെയ്യണം.

ഗ്രാമത്തിൽ കൂടുതൽ കണ്ടുവരുന്നത് ജലജന്യരോഗങ്ങളും വായു ജന്യരോഗങ്ങളുമാണ്, കോളറ, വയറിളക്കം, വയറുകടി, ടൈഫോയിഡ്, വിരശല്യം, മഞ്ഞപ്പിത്തം, ആസ്തമ, ചിക്കൻപോക്സ്, എന്നിവയും ത്വക്രോഗവും മറ്റ് ഉദര രോഗങ്ങളും വ്യാപകമായി കണ്ടുവരുന്നു. നീരൊഴുക്കില്ലാത്ത

ജലാശയങ്ങളും, ചപ്പുചവറുകളും പായലും, മറ്റു മാലിന്യങ്ങളും കെട്ടിക്കിടക്കുവാൻ ഇടം കൊടുക്കാതെയുള്ളവയുടെ ശരിയായ നിയന്ത്രണം രോഗവിമുക്തിക്കു സഹായിക്കും. (പട്ടിക 4, ശ്രദ്ധിക്കുക)

കാവാലം ഗ്രാമപഞ്ചായത്ത്
പകർച്ച വ്യാധി വിവരങ്ങൾ പട്ടിക-4

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	125	350	25	100
1994-95	150	500	50	150
1995-96	200	600	100	200

ഗ്രാമത്തിന്റെ എട്ടു വാർഡുകളിലായി 14452 ജനങ്ങൾ അധിവസിക്കുമ്പോൾ ഇവരുടെ ആരോഗ്യ രക്ഷയ്ക്കായി പഞ്ചായത്തിൽ ഒരു പി. എച്ച് സെൻററും, ഒരു ആയൂർവേദ ഡിസ്പെൻസറിയും, മാത്രമേ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുള്ളൂ. പി. എച്ച്. സി. യ്ക്കു കീഴിൽ ഒരു സബ്സെൻറർ പോലും പ്രവർത്തിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സമ്പ്രദായത്തിലുള്ള 14 ഓളം ചികിത്സാ കേന്ദ്രങ്ങളുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്.

ചികിത്സാ സൗകര്യങ്ങൾ പട്ടിക - 5

	സ്വകാര്യം	സർക്കാർ
അലോപ്പതി	6	1
ഹോമിയോ	4	-
ആയുർവ്വേദം	4	1

പഞ്ചായത്തിലെ സ്കൂളുകളിൽ 1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യസർവ്വെ, ആരോഗ്യവകുപ്പ് ഈ വർഷാരംഭത്തിൽ നടത്തിയപ്പോൾ കുട്ടികളിൽ മാരകമായ പല രോഗങ്ങളും കണ്ടെത്തുകയുണ്ടായി. അനീമിയ (വിളർച്ച) ദന്തരോഗം, വിരശല്യം, ചൊറി, ഇതര ത്വക്ക് രോഗങ്ങൾ, എന്നിവ വ്യാപകമായി കണ്ടു. പോഷണക്കുറവും ശുചിത്വമില്ലായ്മയിലേയ്ക്കുമാണ് ഈ രോഗങ്ങൾ വിരൽചൂണ്ടുന്നത്. മാതൃശിശു ആരോഗ്യപരിപാലനത്തിലെ ബോധവൽക്കരണക്കുറവാണ് ഈ രോഗം വരാനുള്ള ഒരു കാരണം. ടി. രോഗത്തിന് അടിയന്തിരചികിത്സ ലഭിക്കേണ്ട 67 കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കിയതായാണ് പി. എച്ച്. സി. റിപ്പോർട്ട് എന്നാൽ ഇനിയും ധാരാളം കുട്ടികൾക്ക് വിദഗ്ധചികിത്സ ലഭിക്കേണ്ടതുണ്ട്.

അടിയന്തിര ചികിത്സ ലഭിക്കേണ്ടിയിരുന്ന പഞ്ചായത്തിലെ എൽ. പി. വിഭാഗം കുട്ടികൾ (പട്ടിക - 6)

രോഗം	എണ്ണം
അനീമിയ (വിളർച്ച)	15
ദന്തരോഗം	36
വിരശല്യം	9
ചൊറി	7

ആരോഗ്യവകുപ്പ് സ്കൂൾ സർവ്വേ

സ്ത്രീകളിലും ഇത്തരം രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നുവെങ്കിലും ഉള്ള ചികിത്സാ സൗകര്യത്തെ ഫലപ്രദമായി ഉപയോഗിച്ചുകാണുന്നില്ല. സ്ത്രീകളിൽ വിളർച്ചയ്ക്കു പ്രധാനമായി കാണുന്നത് പോഷണക്കുറവും, ശുചിത്വമില്ലായ്മയും പുകശ്വസിക്കുന്നതുമൂലവുമാണെന്ന് പഠന റിപ്പോർട്ടുകളിൽ കാണുന്നു.

വിവിധരോഗങ്ങളാൽ ചികിത്സയ്ക്ക് എത്തിയവർ (പട്ടിക - 1)
അയുർവേദവും+ അലോപ്പതിയും

വർഷം	ഓ. പി.	ത്വക് രോഗം	വാത രോഗം	മറ്റുള്ളവ
1992-93	35205	750	22125	800
93-94	31226	720	21271	915
94-95	37226	790	25036	2150
95-96	96891	2095	27456	2820

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മുഴുവൻ വീടുകളിലും സെപ്റ്റിക് കക്കൂസുകൾ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുകയാണ് ആരോഗ്യരംഗത്ത് നടത്തേണ്ടതായ ആദ്യപ്രവർത്തനം
2. കൊതുകു നിവാരണത്തിന് ചേർത്തലയിൽ പ്രവർത്തിക്കുന്ന വി. സി. ആർ. സി. യുടെ പ്രവർത്തനം ലഭ്യമാക്കണം. ഒരു വാർഡിന് ഒരു ഫോഗിംഗ്മെഷീൻ എന്ന രീതിയിൽ ലഭ്യമാക്കുക. യും ജെ. എച്ച്. ഐ. , എച്ച്. ഐ. എന്നിവയുടെ മുഴുവൻ സമയ സേവനവും ലഭ്യമാക്കുകയും വേണം. ബ്ലീച്ചിംഗ് പൗഡർ, ലോഷ്യൻ എന്നിവ ആവശ്യാനുസരണം വിതരണം ചെയ്യണം.
3. ആശുപത്രികളിൽ അടിയന്തിരമായി ശുദ്ധജലം എത്തിക്കുക.
4. ചതുപ്പു നിലങ്ങളേയും, വെള്ളം കെട്ടി നില്ക്കുന്ന പ്രദേശങ്ങളെയും ശുദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിക്കുക.

കൃഷിയും ജലസേചനവും

കൃഷി ചരിത്രം

നമ്മുടെ നാടിന്റെ കാർഷിക ചരിത്രം ലോകത്തെ മറ്റ് ഏതൊരു സ്ഥലത്തെ കാർഷിക ചരിത്രത്തിലും തികച്ചും വ്യത്യസ്തമാണ്. വെള്ളക്കെട്ടായ ഭൂപ്രദേശത്തെപ്പൊന്നു വിളയുന്ന നെൽവയലാക്കിമാറ്റിയ കഥ നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറുവശത്തുള്ള മംഗലം കായലിന്റെ കിഴക്കെ മാണിക്ക മംഗലം കായൽ ആ കുട്ടനാട്ടിൽ ആദ്യമായി കുത്തിയെടുത്തത്. മുളകീറിച്ചതച്ച് ചെറ്റകൾ ഉണ്ടാക്കി തെങ്ങ് മുറിച്ച് നീളത്തിൽ കുറ്റികൾ ഉണ്ടാക്കി കൊമ്പും ചവറും പണിയായുധങ്ങളുമായി വലിയകെട്ടുവള്ളങ്ങളിൽ കായലുകളിലേയ്ക്ക് നീങ്ങുകയായി. അലറി വിളിക്കുന്ന തിരമാലകളെയും ഊതിയടിക്കുന്ന കാറ്റിനെയും വകവയ്ക്കാത്ത സാഹസികരായ തൊഴിലാളികളുടെ ഭഗീരഥപ്രയാണങ്ങളുടെ ഫലമാണ് ഇന്നത്തെ കുട്ടനാട്ടിലെ കൃഷി സ്ഥലങ്ങൾ.

കായൽ വളച്ച് കുത്തിയെടുത്താൽ വെള്ളം പറ്റിക്കലായി. ആദ്യകാലത്ത് ചക്രങ്ങൾ ചവിട്ടിയാണ് ഇതു ചെയ്തിരുന്നത്. കാലക്രമേണ ജലചക്രങ്ങൾക്ക് പകരം കൽക്കരികത്തിച്ച് നിരാവി എൻജിൻ കൊണ്ടു പ്രവർത്തിയ്ക്കുന്ന പെട്ടിയും പറയുമായി അതിനുശേഷം മണ്ണെണ്ണകൊണ്ടും ഇപ്പോൾ വൈദ്യുതമോട്ടോറുകളും ആ പ്രക്രിയ ചെയ്തുവരുന്നു. വെള്ളം വറ്റിച്ചാൽ വരമ്പ് ഒരുക്കലായി പിന്നീട് വിത്ത് വിതയ്ക്കാൻ നിലം തയ്യാറാക്കുകയായി. നമ്മുടെ നാട്ടിലെ വയലിന്റെ അടിയിൽ മരങ്ങളുടെ ജീർണ്ണാവശിഷ്ടം ധാരാളമായുള്ളതിനാൽ മണ്ണിൽ ശക്തിയായ അമ്ലരസമുണ്ടായിരിയ്ക്കും അതു നീക്കി മണ്ണ് ശുദ്ധമാക്കാൻ കുമ്മായം ചേർക്കുന്നു കൃഷിയില്ലാത്ത സമയത്ത് വയലുകളിൽ വെള്ളം കയറിക്കിടക്കുന്നതുകൊണ്ടും ഉപ്പുരസം ഉള്ളതായിരിയ്ക്കുന്നതുകൊണ്ടും കളകൾ വളരുന്നില്ല.

1990 വരെ ഒന്നിടവിട്ട വർഷങ്ങളിലെ നെൽകൃഷി ചെയ്തിരുന്നുള്ളൂ. ''പഴനിലകൃഷി'' എന്നാണ് ഈ രീതിയെ വിളിച്ചിരുന്നത് പത്തിരുപത് മാസം വെള്ളത്തിനടിയിൽ തരിശായി കിടക്കുന്നതുമൂലം പ്രകൃതിതന്നെ കിഴക്കൻ മലകളിലെ എക്കൽ വെള്ളപ്പൊക്കത്തിലൂടെ കൃഷി സ്ഥലത്തെത്തിച്ച് മണ്ണ് നല്ല വളക്കൂറുള്ളതിനാലാണ് ഇങ്ങനെ ചെയ്തിരുന്നത്.

1939-ൽ രണ്ടാം ലോകമഹായുദ്ധകാലത്ത് ബർമ്മയിൽ നിന്നും അരിയുടെ വരവ് നിശേഷം നിലച്ചപ്പോൾ രൂക്ഷമായ ഭക്ഷ്യക്ഷാമം നേരിട്ടപ്പോഴാണ് വർഷംതോറും കൃഷി എന്നരീതി ആരംഭിച്ചത്. 1947-ൽ സ്വാതന്ത്ര്യലബ്ധിയെതുടർന്ന് ഇന്ത്യയെ ഭക്ഷ്യകാര്യങ്ങളിൽ സ്വയം പര്യാപ്തമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി കുട്ടനാട്ടിൽ ഒരുവർഷം രണ്ടു കൃഷിയ്ക്കുള്ള ആലോചന വന്നു. എന്നാൽ മഴക്കാലത്തേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന രണ്ടാം കൃഷിക്ക് വെള്ളപ്പൊക്കവും വേനൽക്കാലത്ത് പുഞ്ചകൃഷിക്ക് ഓരു വെള്ളക്ക

5. ആരോഗ്യകേന്ദ്രമായ പി. എച്ച്. സി. യുടെ പ്രവർത്തനം മെച്ചമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

(a) യാത്രാസൗകര്യം കുറഞ്ഞ പ്രദേശമായതിനാൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പി. എച്ച്. സി. യിൽ ഉണ്ടാക്കുക.

(b) ആശുപത്രികെട്ടിടം നവീകരിക്കുക, കോമ്പൗണ്ട് ഭിത്തി നിർമ്മിക്കുക.

(c) 24 മണിക്കൂറും സേവനം ലഭ്യമാകത്തക്കരീതിയിൽ 3 ഡോക്ടർമാരെ നിയമിക്കുക.

(d) പ്രസവവാർഡിനുള്ള സജ്ജീകരണങ്ങൾ എക്സ്റേ, മോർച്ചറി, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് , മറ്റിതര സൗകര്യങ്ങൾ ലഭ്യമാക്കണം.

(e) ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം.

(f) ഐ. പി. യ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

(g) 24 മണിക്കൂറും ലഭ്യമാകുന്ന ആംബുലൻസ് ബോട്ട് ഉണ്ടാവണം.

(h) പി. എച്ച്. സെൻററിൻെറ കീഴിൽ മറ്റു വാർഡുകളിലായി 2 സബ് സെൻററുകൾ തുടങ്ങുക.

6 പഞ്ചായത്തിലെ 7-ാം വാർഡിലോ 8-ാം വാർഡിലോ ഒരു ഗവ. ഹോമിയോ ഡിസ്പെൻസറി തുടങ്ങുക.

7. നിർത്തലാക്കിയ കരിയൂർ എൽ പി. സ്കൂൾ ഏറ്റെടുത്തുകൊണ്ട് രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആയൂർവേദാശുപത്രി സ്ഥാപിക്കുക.

8. കശാപ്പുശാലയിലെ മാലിന്യങ്ങൾ, സുരക്ഷിതമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിൽ അതീവ ശ്രദ്ധപുലർത്തുകയും, അറവുമാടുകൾ രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

9. ഇടതിങ്ങി ജനങ്ങൾ പാർക്കുന്നതിനാൽ, ആധുനിക സജ്ജീകരണത്തോടെ ഒരു പൊതുശ്മശാനം നിർമ്മിക്കുക.

10. കന്നുകാലികളെ വളർത്തുന്ന വീടുകളിൽ ചാണകവും മൂത്രവും സംഭരിച്ച് ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് സഹായം നൽകുക.

11. സർവ്വേപ്രകാരം കണ്ടെത്തിയ തുറന്ന അടുപ്പുകൾക്കു പകരം പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചുകൊടുക്കുകയോ, അതിനായി സാമ്പത്തിക സഹായം നൽകുകയോ ചെയ്യുക.

12. നിലവിലുള്ള തോടുകൾ ആഴംകൂട്ടി നീരൊഴുക്കു വർദ്ധിപ്പിക്കുകയും പൊതുജലാശയം മലിനീകരിക്കുന്നത് നിയമം മൂലം നിരോധിക്കുകയും വേണം.

13. ഗ്രാമം മലിനീകരണ വിമുക്തമാക്കുന്നതിന് എല്ലാ മാസവും എല്ലാ വാർഡുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സന്നദ്ധ സംഘടനകളെ അതിൻെറ ചുമതലകൾ ഏല്പിക്കുകയും ചെയ്യുക.

യറ്റവും എന്ന തടസ്സങ്ങളിൽ നിന്ന് രക്ഷപെടാനായി വെള്ള പ്പൊക്ക നിയന്ത്രണത്തിനായി 1955- ൽ തോട്ടപ്പള്ളി സ്പിൽ വേയും ഓരുവെള്ളം തടയാൻ തണ്ണീർമുക്കം 1974 - ൽ റെഗു ലേറ്ററും നിർമ്മിച്ചു. ഇങ്ങിനെ 1968 മുതൽ നാട്ടിൽ ഇരുപ്പുകൃ ഷി ആരംഭിച്ചു.

കുട്ടനാട്ടിലെ വിവിധ കാർഷികമേഘലകളുടെ വിസ്തീർണ്ണം

മേഖല	വിസ്തീർണ്ണം ഹെക്റ്ററിൽ
അപ്പർകുട്ടനാട്	10.576
കായൽ	9.464
വൈക്കം	7.748
ലോവർ കുട്ടനാട്	16.280
വടക്കൻ കുട്ടനാട്	6.556
പുറക്കാട് കരി	4.311
ആകെ	54.935

കാവാലം പഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം ഹെക്റ്ററിൽ
നിലം	1322
പുരയിടം	350
പുറംമ്പോക്ക്	126
കൃഷിയോഗ്യത്തിന്	89
ആകെ	1887

കൃഷിഭവൻ രേഖകൾ

നെല്ലുല്പാദക സമിതികൾ 17 എണ്ണം

ക്രമ നമ്പർ	പേര്	ഏരിയ ഹെക്ടറിൽ	കൃഷിക്കാ രുടെഎണ്ണം
1	മണിയങ്കരിപാ.ടം	143.20	142
2.	പാത്താടി മണലേരിക്ക	21.28	14
3.	കണിയാർ കാട്	9.24	7
4.	നെന്മലശേരി പുണിതുവള്ള	32.648	19
5.	കായിതുരുത്ത്	11.2	10
6.	കട്ടക്കുഴി	22.58	23
7.	കാവാലംകിഴക്കംപുറം	60	40
8.	കുവക്കാട്	9.250	10
9.	രാജരാമപുരം കായൽ	538.80	466
10.	തടത്തിൽ പാടം	3.80	4
11.	കാട്ടടി	6.80	18
12.	ചാലടി മണ്ണാങ്കുഴി	9.60	9
13.	ഇടമ്പാടി	11.60	10
14.	വൈപ്പിൽ	13.16	15
15	മംഗലം മാണിക്യമംഗലംകായൽ	402	257
17.	ഇളംകാവ്	6	10
18.	കരീപ്പാടം ചാൽ	16.12	116

നെൽകൃഷി ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വളരെ വലു താണ്. അവ ഹ്രസ്വമായി പരിശോധിയ്ക്കാൻ നമുക്ക് ശ്രമി ക്കാം.

1. വിത്ത്

കർഷകർ തലമുറകളായി ഉപയോഗിച്ചുപോരുന്നതും സ്വന്തം നിലയിൽ ശരിയായി ബോദ്ധ്യപ്പെട്ടിട്ടുള്ളതുമായ നാട്ടറിവു കൾ നെൽകൃഷിയിൽ ഏറെയാണ്. ഏതു പരീക്ഷണ ശാലയി ലും തെളിയ്ക്കപ്പെട്ടിട്ടുള്ള അറിവുകളെക്കാൾ ഫലപ്രദമാണി വ. നെൽക്കൃഷിയ്ക്ക് വിത്ത് "എടുക്കേണ്ടത് രോഗം ബാധി യ്ക്കാത്ത നെല്ലിൽ നിന്നായിരിക്കണം എന്നു തുടങ്ങി വിത്തു കിളിപ്പിയ്ക്കുന്നതുവരെയുള്ള കാര്യങ്ങൾ നൂറ്റാണ്ടുകളായി പകർന്നു കിട്ടിയ അറിവുകളിലൂടെയും അനുഭവ സമ്പത്തിലൂ ടെയും വികസിപ്പിച്ചെടുത്ത സംഗതിയാണ്. നാടൻ വിത്തു കളായ, ചെമ്പാവ്, കറുത്തചാര, അതിക്കാലാരി, കൊച്ചനി ക്കര, കൊച്ചുവിത്ത്, കൊളപ്പാല, ആര്യൻ, എന്നിവയുടെ സ്ഥാ നത്ത് പരിക്ഷണശാലയിൽ ഉദയം ചെയ്ത ഐ. ആർ. എട്ട്, ജയ, പി. റ്റി. ബി. 4, പി. റ്റി. ബി. 20 പി.റ്റി. ബി. 23, ത്രിവേണി, ജ്യോതി, പവിഴം, തുടങ്ങിയ വിത്തിനങ്ങളാണ് ഇപ്പോൾ ഉപ യോഗിക്കുന്നത്. മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കിയ എം. ഒ. 1. മുതൽ എം. ഒ. -12, വരെയു ള്ള സങ്കരയിനം വിത്തുകളും ഉപയോഗിക്കുന്നുണ്ട്. പുതിയ ഇനം വിളകളുടെ ഗുണഗണങ്ങൾ മൂന്ന് തലമുറയേ നിലനിൽ ക്കൂ എന്നതിനാൽ മൂന്ന് തലമുറയ്ക്കുശേഷം വിത്ത് മാ റേണ്ടിവരുന്നു. എന്നാൽ കർഷകരുടെ ആവശ്യത്തിന് വിത്ത് ലഭിക്കുന്ന ഏജൻസികൾ ഇവിടെ ഇല്ല. കുട്ടനാട്ടിലെ കർ ഷകർക്കാവശ്യമായ വിത്തുകൾ വിതരണം ചെയ്യാൻ നാ ഷണൽ സീഡ് കോർപ്പറേഷന് കഴിയുന്നില്ല. ഒരു കിലോ വിത്തിന് 10 രൂപ 60 പൈസയാണ് എൻ. എസ്. സി. വാ ങ്ങുന്നത്. അത്യുല്പാദനശേഷിയുള്ള കീടങ്ങളെ ചെറുക്കാൻ കഴിവുള്ള നെൽവിത്തിനങ്ങൾ വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്.

2. വളം

മുൻപ് ജൈവവളങ്ങളായി ചാണകവും, ചാരവും, പച്ചി ലവളങ്ങളും ഉപയോഗിച്ചിരുന്ന സ്ഥാനത്ത് രാസവളങ്ങളാണ്

ഉപയോഗിക്കുന്നത്. ഇത് പലപ്പോഴും ജലത്തിൽ ഒലിച്ചെത്തി ജലത്തിന്റെ അമിതപോഷണത്തിന് ഇടയാക്കുന്നുണ്ട്. അത് കളകളുടെ വളർച്ചയ്ക്ക് സഹായിക്കുന്ന ഒരു ഘടകമാണ്. പച്ചില വളങ്ങൾ ഇവിടെ വളരെ കുറവുമാത്രമേ ഉപയോഗിക്കുന്നുള്ളൂ. കർഷകർ നല്കുന്ന രാസവളങ്ങൾ സസ്യങ്ങൾക്ക് ലഭിക്കണമെങ്കിൽ മണ്ണിൽ ആവശ്യത്തിന് ജൈവാംശം ഉണ്ടായിരിക്കണം. ജൈവവളങ്ങൾ ചേർക്കാതെ രാസവളങ്ങൾ മാത്രം മണ്ണിൽ ചേർത്തു കൊണ്ടിരുന്നാൽ രാസവളം കൊണ്ടുള്ള പ്രയോജനം ശരിക്കും ലഭിക്കുന്നില്ല. രാസവളം മാത്രം ഉപയോഗിക്കുമ്പോൾ പണ്ടുകിട്ടിയിരുന്ന വിളവ് ഇപ്പോൾ ലഭിക്കുന്നില്ല. 1960 കളിൽ ഒരുകിലോ രാസവളം കൊണ്ട് 16 കിലോ ധാന്യം ഉല്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇന്നത് പകുതി മാത്രമായി കുറഞ്ഞു. മണ്ണുപരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്ന രീതി ഏതാണ്ടില്ലാതായിരിക്കുന്നു.

3. കീടനാശിനി

അമിതകീടനാശിനി പ്രയോഗമാണ് ഇവിടെ കണ്ടുവരുന്ന മറ്റൊരു പ്രവണത. ടൺകണക്കിന് കീടനാശിനികൾ ഓരോ കൃഷിക്കും ഉപയോഗിക്കുന്നു. ഓർഗാനോഫോസ്ഫറസ്, ഓർഗാനോ ക്ലോറിൻ എന്നീ രണ്ടുതരം സംയുക്തങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇതിൽ ഓർഗാനോ ക്ലോറിൻ കടുത്ത വിഷമുള്ളതാണ് ഫലം പെട്ടെന്നുണ്ടാവുന്നു എന്നതാണ് ഇത് ഉപയോഗിക്കുന്നതിൽ കർഷകർക്ക് താല്പര്യം വർദ്ധിക്കുന്നത്. ഡി. ഡി. റ്റി. പോലുള്ള കീടനാശിനികൾ നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവ ഉപയോഗിക്കുന്നുണ്ട് എന്നതാണ് വസ്തുത. വയലിൽ കാണുന്ന കീടങ്ങളെല്ലാം കർഷകരുടെ ശത്രുക്കളല്ല. ശത്രുകീടമേതെന്നും, മിത്ര കീടമേതെന്നും തിരിച്ചറിയേണ്ടതുണ്ട്. ചിലന്തിയും വട്ടച്ചാഴിയുമൊക്കെ മിത്രകീടത്തിൽപ്പെട്ടതാണ് . ഇലപ്പേൻ, ഇലചുരുട്ടി, കുഴൽ പുഴു, ഗാളീച്ച, മുഞ്ഞ എന്നിവയാണ് പ്രധാന ശത്രുകീടങ്ങൾ. ചാഴി, മുഞ്ഞയുടെ മുട്ടയിൽ നിന്നും ചാറൂറ്റി കുടിക്കും. ഒരു എട്ടുകാലി ദിനം പ്രതി 10-15 മുഞ്ഞകളെ തിന്നും . തവളയും ചേരയും പാടശേഖരങ്ങളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വംശനാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു ഇവയൊക്കെ. കീടനാശിനികൾ ആരോഗ്യത്തേയും പരിസ്ഥിതിയേയും തകർക്കുന്നു. ഓരോ സീസണിലും ഏക്കറിന് 800 രൂപയോളം കീടനാശിനിയ്ക്കായി ചെലവഴിക്കുന്നു എന്നാണ് കണക്ക്. ലോകാരോഗ്യസംഘടന ഏറ്റവും ഖിനാശകരാരിയായ വിഷങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്ന മോണോക്രോട്ടോഫോസ്, കാർബോ ഫുറാൻ എന്നീ ഇനങ്ങളിൽപ്പെട്ട കീടനാശിനികൾ ഏറ്റവും കൂടുതൽ ചെലവഴിയുന്നു. ഇവിടെ കളനാശിനി എന്നാൽ 2,4 ഡി. മാത്രം. വിയറ്റ്നാം യുദ്ധത്തിൽ ഉപയോഗിച്ച രാസായുധങ്ങളിൽ പ്രധാനമായ 'ഏജന്റ്' ഓറഞ്ചിലെ പ്രധാന ചേരുവയും 2,4 ഡി. ആയിരുന്നു. ഗ്രാമ്സാൺ, സ്റ്റാം എഫ് 34 എന്നീ കളനാശിനിയും ഉപയോഗിക്കുന്നുണ്ട്. കീടങ്ങളെ ഉപയോഗിച്ച് കളകളെ നശിപ്പിക്കുന്നരീതി ഇവിടെ വിജയിച്ചിട്ടുണ്ട്. സിർട്ടോ ബാഗസ് എന്നറിയപ്പെടുന്ന ഒരു കീടത്തെ ഉപയോഗിച്ച് ആഫ്രിക്കൻ പായലിനെ ഒരു പരിധിവരെ ഇല്ലാതാക്കാൻ സാധിച്ചു.

4. കൂലി നിരക്ക്

വേതനത്തിൽ സ്ത്രീ പുരുഷ അന്തരം നിലനില്ക്കുന്ന മേഖലകൂടിയാണിത്. കൂലി കൂടുതൽ ആവശ്യപ്പെട്ട് കാലാകാലങ്ങളിൽ കർഷകത്തൊഴിലാളികൾ പണിമുടക്ക് അടക്കമുള്ള ചില സമരങ്ങൾ നടത്താറുള്ളതിനപ്പുറത്തേയ്ക്ക് സംഘർഷഭരിതമല്ല ഈ മേഖല. കൂട്ടനാടിന്റെ കാലാവസ്ഥയ്ക്കും മണ്ണിനും ഇണങ്ങിയ യന്ത്രങ്ങൾ കൂടാതെ ഇനി നെൽകൃഷി നടത്താനാവില്ല. സ്ത്രീ പുരുഷ തൊഴിലാളികൾക്ക് മുമ്പു ലഭിച്ചിരിക്കുന്ന തൊഴിൽ ദിനങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. പുരുഷന് ഒരു ഏക്കറിൽ മുമ്പ് 15-20 തൊഴിൽ ദിനങ്ങൾ ലഭിച്ചസ്ഥാനത്തിപ്പോൾ 5 ദിനങ്ങൾ മാത്രമാണ് . സ്ത്രീകൾക്കാവട്ടെ 50-60 എന്ന സ്ഥാനത്ത് 30-35 ദിനങ്ങൾ മാത്രമാണ്.

5. പ്രതികൂല കാലാവസ്ഥ

പ്രകൃതിക്ഷോഭം, വെള്ളപൊക്കം, വരൾച്ച മുതലായ കെടുതികൾ മൂലം മിക്കവർഷവും വിളനാശം സംഭവിക്കാറുണ്ട്. ഇത്തരം നാശനഷ്ടങ്ങൾ കർഷകന്റെ പ്രതീക്ഷകളെയാകെ തകർക്കുന്നു. ഇവ നികത്താനായി രൂപം കൊടുത്തിട്ടുള്ള ഇൻഷുറൻസ് പദ്ധതികൾ അശാസ്ത്രീയവും അപ്രായോഗികവുമാണ്. നഷ്ടപരിഹാരം പലപ്പോഴും സാങ്കേതിക നൂലാമാലകളിൽ കുരുങ്ങിപോകുന്നു. ഉദാഹരണമായി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർക്കുമാത്രം ഇൻഷുറൻസ് സഹായത്തിലൂടെ ലഭിക്കുന്ന ആശ്വാസമേ ഉള്ളൂ. ഈ രീതി മാറണം. വിള നഷ്ടമായാൽ എത്രയും പെട്ടന്ന് മുഴുവൻ കൃഷിക്കാർക്കും നഷ്ടപരിഹാരം എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ഇല്ല.

വർഷം	പ്രകൃതി ക്ഷോഭം	ധന ലഭിച്ചവർ	വിതരണം ചെയ്ത രൂപ
1993-94	വെള്ളപ്പൊക്കം	203	60000
1994-95	വെള്ളപ്പൊക്കം	88	66000

അവലംബം കൃഷിഭവൻ രേഖകൾ

6. കൂലി സേവന വ്യവസ്ഥകൾ

കർഷകരും കർഷകത്തൊഴിലാളികളും കൂടി ചേർന്ന കുട്ടനാടൻ കാർഷിക മേഖലയിൽ മുമ്പ് ജന്മി - കുടിയാൻ ബന്ധം നിലനിന്നിരുന്നു. ഭൂപരിഷ്ക്കരണത്തെ തുടർന്ന് കർഷകത്തൊഴിലാളികളുടെ അഭാവം കാർഷിക മേഖലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. കർഷകത്തൊഴിലാളികളുടെ പുതിയ തലമുറ പരമ്പരാഗതമായ ഈ തൊഴിലിനോട് വിടപറയുന്നു. കൂലി കുറവാണ് ഈ ചുവടുമാറ്റത്തിന് കാരണം. 1930 -ൽ സംഘം ചേർന്ന ഈ അസംഘടിത മേഖലയിലെ തൊഴിലാളികൾ ഒരു നാഴിക വിശ്രമത്തിൽ തുടങ്ങി കൂലി വർദ്ധനവിനും മറ്റുമായി ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ നടത്തിയതിന്റെ തിളങ്ങുന്ന സമര ചരിത്രമുള്ള മണ്ണാണ കുട്ടനാട്. കർഷകത്തൊഴിലാളിപെൻഷനും ക്ഷേമനിധിയും

ഒരളവുവരെ കർഷകത്തൊഴിലാളികൾക്ക് ആശ്വാസമാണെങ്കിലും വർദ്ധിച്ചുവരുന്ന ജീവിത ചിലവുമായി താരതമ്യം ചെയ്യുമ്പോൾ നിലപരിതാപകരം.

7. കൃഷി ഭവൻ പ്രവർത്തനം

ഏലാ ഓഫീസ് എന്ന പേരിൽ പ്രവർത്തനം ആരംഭിയ്ക്കുകയും പിൽക്കാലത്ത് കൃഷി ഭവൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്ന ഈ സ്ഥാപനം നമ്മുടെ കാർഷിക വ്യാപനത്തിനും അഭിവൃദ്ധിക്കും ഗണ്യമായ സംഭാവന നൽകുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഗവൺമെൻറ് നടപ്പിലാക്കുന്ന കാർഷിക സഹായ പദ്ധതികളുടെ സിംഹഭാഗവും വിതരണം ചെയ്യുന്നത് കൃഷി ഭവനിൽക്കൂടിയാണ്. (പുതിയ പഞ്ചായത്ത്രാജ് സംവിധാനം നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് വഴിയാണ് ഇപ്പോൾ സഹായ പദ്ധതികളുടെ വിതരണം.) കൃഷിയിടങ്ങളിൽ കർഷകനോടൊപ്പം അവൻെറ അനുഭവ സമ്പത്തിനെ മാനിച്ച് കാർഷിക വിജ്ഞാനം കൂട്ടി കലർത്തി കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യാൻ ബാദ്ധ്യതപ്പെട്ട കാർഷിക വിദഗ്ധർ കേവലം കണക്കെഴുത്തുകാരായി മാറുന്ന സ്ഥിതിയാണിന്നുള്ളത്. ഒരു പഞ്ചായത്തിൻെറ കാർഷിക സംബന്ധമായ വിവരങ്ങളുടെ മുഖ്യകേന്ദ്രമായ കൃഷി ഭവൻ ആ നിലയിലേക്കും ഉയർന്നിട്ടില്ല. കൃഷി ഭവൻ ഉദ്യോഗസ്ഥന്മാരും നെല്ലുല്പാദക സമിതി ഭാരവാഹികളും ചേർന്നു കൊണ്ടുള്ള അവിശുദ്ധ കൂട്ടുകെട്ട് കർഷകർക്ക് അവകാശപ്പെട്ട സഹായങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുന്നുണ്ട്. മണ്ണു പരിശോധന പ്രഹസനമാണ്.

8. വായ്പാ സംവിധാനങ്ങൾ

കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിൽ സഹകരണ സംഘങ്ങൾ മാത്രമാണ് ശ്രദ്ധിക്കുന്നത്. ഭൂരിഭാഗം കർഷകരും സഹകരണ സംഘങ്ങളിൽ അംഗങ്ങളാണെങ്കിലും തങ്ങളുടെ കാർഷിക പ്രവർത്തനങ്ങൾക്കാകെ സംഘങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നില്ല. പഞ്ചായത്തിലെ മറ്റു ധനകാര്യ ബാങ്കുകൾ കാർഷിക വായ്പ നൽകുന്നില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 'അഗ്രിക്കൾച്ചർ ലോൺ' എന്നപേരിൽ സ്വർണ്ണപണയവായ്പ അനുവദിക്കുന്നുണ്ട്. സർവ്വീസ് സഹകരണ സംഘങ്ങളിൽ വായ്പാ കാലതാമസം അനുഭവപ്പെടുന്നതുകൊണ്ട് കൊള്ളപ്പലിശയ്ക്ക് പണം കടമെടുത്ത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. സാമ്പത്തികാവശ്യം വന്നുപ്പെടുന്ന സന്ദർഭങ്ങൾ മുൻകൂട്ടി നിശ്ചയിക്കുക സാധ്യമല്ലാത്തതിനാൽ 100-150% പലിശയ്ക്ക് കടം വാങ്ങാൻ കർഷകർ നിർബന്ധിതരാകുന്നു. കഴിഞ്ഞ 2 വർഷം ഈ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ കാർഷിക വായ്പാ സംബന്ധമായ വിവരം.

9. ജല നിർഗമനം

നമ്മുടെ പഞ്ചായത്തിൽ നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം കാർഷികാവശ്യത്തിനായി ജലസേചനം നടത്തുന്നില്ല. എന്നാൽ കൃഷിയ്ക്കായി ജല നിർഗ്ഗമനമാണ് പ്രശ്നമായിരിക്കുന്നത്. പാടശേഖരങ്ങളിലെ വെള്ളം പമ്പു വെച്ച് പുറത്തേക്ക് കളയുക എന്നതാണ് രീതി. ബണ്ടിനു മുകളിൽ ഏതെങ്കിലും ഭാഗത്ത് പമ്പ് വെച്ച് അവിടേക്ക് പലയിടങ്ങളിൽ നിന്നായി ചാലുകൾ കീറി വെള്ളം പമ്പുചെയ്തു കളയുന്നത് ഇലക്ട്രിക മോട്ടോറുകളാണ് ഉപയോഗിക്കുന്നത്. 5 മുതൽ 50 വരെ കുതിരശക്തിയുള്ള മോട്ടോറുകളാണുള്ളത്. പാടശേഖരങ്ങൾക്ക് താല്കാലിക വൈദ്യുതകണക്ഷനാണുള്ളത്. അവ സ്ഥിരം കണക്ഷൻ ആക്കി മാറ്റണം. വൈദ്യുതി ദൈർഘ്യം മൂലം യഥാസമയം വെള്ളം വറ്റിക്കുവാൻ കഴിയുന്നില്ല. പുറം ബണ്ടുകൾ ബലവത്തല്ലാത്തതിനാൽ വെള്ളപ്പൊക്ക കാലയളവിൽ മടവീണ് കൃഷി നശിക്കാൻ ഇടയാക്കുന്നു.

10. ഉല്പാദനക്ഷമത

ഏറ്റവും ചെലവുകൂടിയ കൃഷിരീതികളാണ് ഇവിടെയുള്ളത്. എന്നാൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വിളവും താരതമ്യേന കൂടുതലാണ്. കേരളത്തിലെ നെല്ലിൻെറ ഉല്പാദനക്ഷമത 1994 - 95 - ൽ 1943 കിലോ ആയിരുന്നുവെങ്കിൽ ഇവിടെ പുഞ്ചക്കൃഷിക്ക് 5000 കിലോ രണ്ടാം കൃഷിക്ക് 3830 കിലോയുമാണ് ഇപ്പോൾ കൃഷിക്കാർ വിളവായി കണക്കാക്കുന്നത്. അവർക്ക് അവകാശപ്പെട്ട വിളവുമാത്രമാണ് കൊയ്ത്തുകൂലികുറച്ചാണ് വിളവുകൾ പറയുന്നത്. ഒരു ഹെക്ടറിന് 3.75 ടൺ വിളവ് എന്നു പറഞ്ഞാൽ കൂലിച്ചെലവടക്കം 5.25 ടൺ ആകും. നെൽക്കൃഷി നഷ്ത്തിലാണ് എന്നാണ് കർഷകർ പറയാറുള്ളത്. അമിതമായ കൂലിച്ചെലവും രാസവളങ്ങളുടെയും കീടനാശിനികളുടേയും വില വർദ്ധനവും ഉല്പന്നത്തിന് അർഹമായ വില ലഭിക്കാത്തതുമാണ് കാരണങ്ങൾ. പ്രകൃതിക്ഷോഭം മൂലമോ, കീടങ്ങളുടെ ഉപദ്രവങ്ങൾ മൂലമോ ചില സന്ദർഭങ്ങളിൽ കൃഷി നശിച്ചുപോകാറുണ്ടെങ്കിലും 'കൃഷി നഷ്ടമാണ്' എന്ന അഭിപ്രായം എത്ര കണ്ട് വസ്തുതകൾക്ക് നിരക്കുന്നതാണ് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കൃഷി ഭവനിൽ നിന്നും ശേഖരിച്ച നെല്ലുല്പാദനച്ചെലവ് സംബന്ധമായ കണക്ക് പട്ടിക കൊടുത്തിരിക്കുന്നത് പരിശോധിക്കുക.

4 പട്ടിക (ഒരു ഹേക്ടറിന്)

ഇനവിവരം	അളവ്		ചെലവ് തുക കണക്കിൽ
1. കൂലിച്ചെലവ്	സ്ത്രീ (40 രൂപ)	പു. (60 രൂപ)	
നിലം ഒതുക്കൽ	20	15	
വിത	-	3	
ഉറവ വറ്റിക്കൽ	-	3	
വളം ഇടീൽ	-	10	
നടിച്ചിൽ	20	-	
കളപറിയ്ക്കൽ	50	-	
മെയിൻറനൻസ്	-	5	
പതിരുപിടുത്തം	-	5	
	90x40, 41x60		6060

2. വളം കീടനാശിനി	അളവ്	ചെലവ് തുക കണക്കിൽ
ഫാക്ടം ഫോസ്	250 kgs - 1560	
യൂറിയ	125 kgs - 427	
പൊട്ടാഷ്	125 kgs - 477	2464
3.കളനാശിനി		
കീടനാശിനി	1200 -	
4. തളിക്കൂലി	280	1480
4. വിത്ത് വില		1000
5. ഉഴവ്		1000
6. നേർമ		150
	ആകെ.	12154

ഒരു ഹെക്ടറിലെ കൃഷി ചെലവ് 12154 രൂപയാണ് ഒരു ഹെക്ടറിലെ ഉല്പാദനം 40 ക്വിന്റൽ ആണ് ഒരു ക്വിന്റൽ നെല്ലിന് 500 രൂപ പ്രകാരം ആകെ 20,000 രൂപ വരും ചെലവ് 12154 രൂപ കുറച്ചാൽ മിച്ചം 7846 രൂപയാണ് 4 മാസം കൊണ്ട് കർഷകന് ലഭിക്കുന്ന അധിക വരുമാനം വൈക്കോൽ വിലയും ചേർക്കേണ്ടതാണ്.

നെൽകൃഷി കൂടുതൽ ആദായകരമാക്കുന്നതിന് 1988-91 കാലഘട്ടത്തിൽ പരീക്ഷിച്ച ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം മൂലം കഴിഞ്ഞിട്ടുണ്ട്.പട്ടിക പരിശോധിക്കുക.

ചെലവിനങ്ങൾ	ചെലവ് തുക
ഉഴവ്	750
പല്ലിക്കടിക്കൽ പലക പിടിക്കൽ	200
വരമ്പുകോരൽ, മൂലകൾ അതിരുകൾ പിടിക്കൽ	250
ചാലുകൾ കോരുക	200
തൂമ്പുകൾ പിടിക്കുക	200
വിത്തുവില	750
വിതകൂലി	250
വളങ്ങൾ ജൈവവളം -1000	
രാസവളം - 2317	
കുമ്മായം - 600	
വളമിടീൽ - 900	4817
കളനിയന്ത്രണം	2500
മറ്റിനം	500
കൊയ്ത്ത് , മെതി	1000
ആകെ	11417

ആകെ വിളവ് 45 ക്വിന്റൽ x Rs. 500

ഉല്പന്നവില	22500
ഉല്പന്ന ചെലവ്	11417
	11083
വൈക്കോൽ	1000
ലാഭം	12083

11.സംഭരണം, സംസ്ക്കരണം, വിപണനം

നെല്ല് സംഭരിച്ച് വില്പന നടത്തുന്നതിനുള്ള സംവിധാനം ഇല്ല. എത്ര ഉല്പാദനം നടത്തിയാലും ഇടത്തട്ടുകാരുടേയും മറ്റും ചൂഷണത്തിൽ നിന്നും വിമുക്തരല്ല നെൽകർഷകർ സാമ്പത്തിക പരാധീനതമൂലം കിട്ടുന്ന വിലയ്ക്ക് നെല്ല് വില്ക്കേണ്ടിവരുന്നു. വ്യാപകമായ തോതിൽ ലോറിയിലും വള്ളത്തിലും നെല്ല് കയറ്റി മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുന്നു. മുമ്പ് പുഴുങ്ങിക്കുത്തുകാർ എന്നൊരു വിഭാഗം ഉണ്ടായിരുന്നു. നെല്ല് മൊത്തമായി സംഭരിച്ച് അരിയായി വില്പന നടത്തുന്ന ഇവർക്ക് നെല്ല് വിലയുടെ മുഴുവൻ തുകയും റൊക്കമായി കർഷകർക്ക് നൽകാനുള്ള അനുകൂലഘടകമായി കണ്ടാണ് പുറത്തുനിന്നും നെല്ല് കച്ചവടക്കാർ നല്ലൊരു കമ്പോളമായി ഇവിടം കണ്ടുതുടങ്ങിയത്. ഇവരെ സഹായിക്കുന്നതിന് സ്വദേശികളായ ധാരാളം ഏജൻറുമാരുണ്ട്. കർഷകരുടെ ദൈനം ദിന പ്രശ്നങ്ങൾ നേരിട്ടറിയുന്ന ഇവർ സന്ദർഭം ചൂഷണം ചെയ്യുന്നു.

ഈ ദുഃസ്ഥിതിയിൽ നിന്നുംഅല്പമൊരു ആശ്വാസമാണ് സഹകരണ സംഘങ്ങൾ നെല്ല് സംഭരിക്കാൻ എടുത്ത തീരുമാനം നെല്ല് കർഷകരിൽ നിന്ന് സംഭരിച്ച് 80% വില മുൻകൂറായി നൽകുന്നുണ്ട്. എങ്കിലും നിശ്ചിത അളവിൽ കൂടുതൽ നെല്ലു സംഭരിക്കാനുള്ള സൗകര്യങ്ങൾ നിലവിൽ ഒരു സംഘത്തിലും ഇല്ല. ഒരു ടൺ നെല്ലിൽ നിന്നും 700 കിലോ അരിയും 144 കിലോ കാലിത്തീറ്റയും ലഭിക്കുമെന്നാണ് കണക്ക്. അങ്ങനെയെങ്കിൽ നെല്ലിന് ന്യായമായും ലഭിക്കേണ്ട വില ലഭിക്കുന്നില്ല എന്നു മനസ്സിലാക്കാൻ സാമ്പത്തിക വിദഗ്ധരുടെയൊന്നും സഹായം ആവശ്യമില്ല. മുഴുവൻ നെല്ലും സംഭരിയ്ക്കാനുള്ള ടൗൺ സവിധാനം ഉറപ്പുവരുത്തണം

12. പുഞ്ച സ്പെഷ്യൽ ആഫീസ്

പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്ന പ്രവർത്തനം കാര്യമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി 1942 -ൽ ആരംഭിച്ചതാണ് പുഞ്ച സ്പെഷ്യൽ ആഫീസ്.പാടശേഖരകമ്മിറ്റി പുഞ്ച സ്പെഷ്യൽ ഓഫീസിനെ സമീപിച്ചാൽ അവർ ഇക്കാര്യം പത്രത്തിൽ പരസ്യം കൊടുക്കുകയും നിശ്ചിത ദിവസം ഏറ്റവും താഴ്ന്ന ക്വട്ടേഷൻ തരുന്നവരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. ഇതിനു വരുന്ന ചെലവ് പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നും സബ്സിഡിയായി നൽകുന്നു.

കൃഷി വകുപ്പിന് ഗ്രാമതലം വരെ ഓഫീസ് സംവിധാനം ഇല്ലാതിരുന്ന കാലത്ത് ഉണ്ടാക്കിയതാണ് പുഞ്ചസ്പെഷ്യൽ ഓഫീസ്. ഇന്നിത് അനാവശ്യമാണ് സ്വകാര്യ കോൺട്രാക്ടർമാരും ഉദ്യോഗസ്ഥന്മാരും ചേർന്ന ഒരു ലോബിയാണ് ലേല കാര്യങ്ങൾ നിയന്ത്രിക്കുന്നത്.

പഞ്ചായത്ത് പൊതു വിവരണം

കൃഷി

		ചെലവ്	വരവ്
ഉഴവ്		930	
പല്ലിക്കടിയ്ക്കൽ, പലകപിടിക്കൽ		310	
വരമ്പ് കോരൽ, മൂലകരം, അതിരുകരം പിടിക്കുക		750	
തൂമ്പുകരം പിടിപ്പിക്കുക		550	
വിത്തുവില		2250	
വിതകൂലി		175	
വളം:			
രാസവളം	2317		
കമ്മായം	600		
വളമിടൽ കൂലി	900		
കീടനാശിനി	1000	4817	
കളനിയന്ത്രണം (പെണ്ണാൾ) 44×30		1320	
മറവിനം		500	
കൊയ്ത്തു മെതി		500	
കൃഷിക്കാരന്റെ മാനേജ്മെന്റ് ചാർജ്		1500	
മുടക്കുമുതലിന്റെ 12.5% പലിശ (3 മാസത്തെ)		415	
നിലത്തിന്റെ പാട്ടം 3000 രൂപ 1 ഏക്കറിനു് $(3000 \times 2\frac{1}{4})$		6750	
ആകെ ചെലവ്		20767	
ഉൽപ്പന്ന വില (ആകെ വരവ് ഒരു ഹെക്ടർ)			
40 ക്വിന്റൽ നെല്ല് $\times$ 500			20000
വൈക്കോൽ വില			375
ആകെ വരവ് ചെലവ്		20767	20375
നഷ്ടം		392	
(ഒരു ഹെക്ടറിന്റെ കണക്ക്)			



പഞ്ചായത്ത് പൊതു വിവരണം

കൃഷി

		ചെലവ്	വരവ്
ഉഴവ്		930	
പല്ലിക്കടിയ്ക്കൽ, പലകപിടിക്കൽ		310	
വരമ്പ് കോരൽ, മൂലകൂം, അതിരുകൂം പിടിക്കുക		750	
തൂമ്പുകൂം പിടിപ്പിക്കുക		550	
വിത്തുവില		2250	
വിതക്കൂലി		175	
വളം:			
രാസവളം	2317		
കുമ്മായം	600		
വളമിടൽ കൂലി	900		
കീടനാശിനി	1000	4817	
കളനിയന്ത്രണം (പെണ്ണാൂം) 44×30		1320	
മറവിനം		500	
കൊയ്ത്തു മെതി		500	
കൃഷിക്കാരന്റെ മാനേജ്മെന്റ് ചാർജ്		1500	
മുടക്കുമുതലിന്റെ 12.5% പലിശ (3 മാസത്തെ)		415	
നിലത്തിന്റെ പാട്ടം 3000 രൂപ 1 ഏക്കറിനു് $(3000 \times 2\frac{1}{4})$		6750	
ആകെ ചെലവ്		20767	
ഉൽപ്പന്ന വില (ആകെ വരവ് ഒരു ഹെക്ടർ)			
40 ക്വിന്റൽ നെല്ല് $\times$ 500			20000
വൈക്കോൽ വില			375
ആകെ വരവ് ചെലവ്		20767	20375
നഷ്ടം		392	
(ഒരു ഹെക്ടറിന്റെ കണക്ക്)			



		അരി 100 കിലോ	നെല്ല് 100 കിലോ	തേങ്ങ 100 -ന്	മുട്ട 100 -ന്
തീയതി	ജയ	12.80	12.80		
1-1-1990	440	485	280	2025	90
6-4-90	425	425	250	2250	50
5-10-90	450	450	250	2725	57
7-12-90	490	515	325	3300	90
4-1-1991	490	520	335	3200	72
5-4-91	510	460	(ത്രിവേണി) 275	3150	44
4-10-91	(ജയ) 530	(ത്രിവേണി) 560	'' 365	3725	80
6-12-91	'' 625	'' 650	'' 345	4275	100
3-1-1992	'' 700	'' 710	'' 425	4300	110
3-4-92	'' 635	'' 610	'' 370	3650	57
1-10-92	'' 675	'' 720	'' 430	3750	90
4-12-92	'' 620	'' 660	'' 400	3900	108
1-1-1993	'' 670	'' 660	'' 410	3950	90
2-4-93	'' 630	'' 625	'' 375	4200	67
6-8-93	'' 700	'' 700	'' 395	3200	90
4-12-93	'' 750	'' 675	'' 365	3100	115
7-1-1994	'' 700	'' 690	'' 410	2925	125
8-4-1994	765	'' 690	'' 400	3050	55
5-8-94	825	'' 825	എൻ.റ്റി.	2825	120
2-12-94	850	'' 900	'' 560	3325	150
6-1-1995	875	'' 875	'' 540	3075	140
7-4-95	825	'' 800	'' 490	3000	70
4-8-95	885	'' 850	'' 510	3000	120
1-12-95	925	'' 850	'' 500	3000	170
5-1-1996	950	900	550	3800	140
3-4-96	900	875	525	3500	80
2-8-96	975	1025	700	3650	135
6-12-96	1025	1040	675	5400	175

അവലംബം - സ്റ്റാറ്റിക്സ് ഡിപ്പാർട്ടുമെൻറ്, വളം വിൽപ്പനശാല

കർഷക തൊഴിലാളിയുടെ കൂലി

	യൂറിയ	പൊട്ടാഷ്	ഫാക്ടംബോസ്	പുരുഷൻ	സ്ത്രീ
	50 കി.ഗ്രാം.	50 കി.ഗ്രാം.	50 കി.ഗ്രാം.	1 ആൾ	1 ആൾ
90	Rs/120	134	266.50	24	17
91	156.25	87	173.25		
92	143.35	241.65	327.25		
93	141.55	190.70	315.95		
94	189.65	170.15	310.85		
95	170.15	222.90	345		
96	170	210	334	70	44

Price

	Rice	1990	Paddy	Cocont.	Egg
1-1-90	ജയ	12.80	ജ്യോതി 12.80		
	440	485	280	2025	90
6-4-90	Andhu 425	425	250	2250	50
5-10-90	450	45	250	2725	57
7-12-90	490	515	325	3300	90

	Rice Andhu	1991			
4-1-91	490	520	335	3200	72
5-4-91	510	460	ത്രിവേണി 275	3150	44
4-10-91	ജയ 530	ത്രിവേണി 560	" 365	3725	80
6-12-91	" 625	" 650	" 345	4275	100

		1992			
3-1-92	ജയ 700	ത്രിവേണി 710	ത്രിവേണി 425	4300	110
3-4-92	" 635	" 610	" 370	3650	57
1-10-92	" 675	" 720	" 430	3750	90
4-12-92	" 620	" 660	" 400	3900	108

		1993			
1-1-93	" 670	" 660	" 410	3950	90
2-4-93	" 630	" 625	" 375	4200	67
6-8-93	" 700	" 700	" 395	3200	90
4-12-93	" 750	" 675	" 365	3100	115

			1994		
7-1-94		" 700	" 690	" 410	2925	125
8-4-94	കാന്തി	765	" 690	" 400	3050	55
5-8-94		825	" 825	എൻ.റ്റി.	2825	120
2-12-94		850	" 900	ത്രിവേണി 560	3325	150
			1995		
6-1-95		875	" 875	" 540	3075	140
7-4-95		825	" 800	" 490	3000	70
4-8-95		ജയ 885	" 850	ത്രിവേണി 510	3000	120
1-12-95		925	" 850	" 500	3900	170
			1996		
5-1-96		ജയ 950	ത്രിവേണി 900	ത്രിവേണി 550	3800	140
3-4-96		" 900	ജ്യോതി 875	ജ്യോതി 525	3500	80
2-8-96		" 975	" 1025	" 700	3650	135
6-12-96		" 1025	" 1050	" 675	5400	175

നെൽക്കൃഷി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

- അത്യുല്പാദനശേഷിയുള്ള വിത്തുകൾ ലഭിക്കുന്നില്ല.
- രാസവളത്തിന്റെ അമിത ഉപയോഗം മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തുന്നു.
- ജൈവവളങ്ങൾ ഉപയോഗിക്കുന്നില്ല.
- കീടനാശിനികളുടെ അമിത ഉപയോഗം.
- കീടബാധ.
- കർഷകത്തൊഴിലാളികളുടെ അഭാവം.
- പ്രതികൂല കാലാവസ്ഥ.
- പാടങ്ങൾ നികത്തപ്പെടുന്നു.
- നീർക്കെട്ട് വിളനാശത്തിന് കാരണമാകുന്നു.
- നെൽക്കൃഷിയോടുള്ള താല്പര്യക്കുറവ്.
- ആവശ്യമായ യന്ത്രോപകരണങ്ങൾ ഇല്ല.
- ഉല്പാദനക്ഷമത കുറയുന്നു. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണം.
- കൃഷിഭവനിൽനിന്ന് ആവശ്യത്തിന് സഹായം ലഭിക്കുന്നില്ല.
- വായ്പാസൗകര്യം ആവശ്യത്തിനു ലഭിക്കുന്നില്ല.
- നെല്ലുല്പാദക സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- നെല്ല് സംഭരിക്കാനും, സംസ്ക്കരിക്കാനുമുള്ള സംവിധാനങ്ങളില്ല.
- മണ്ണുപരിശോധന പ്രഹസനമാണ്.

മത്സ്യകൃഷി

പാഴായിപ്പോകുന്ന ജലവിഭവശേഷിയെ ഉപയോഗിച്ച് നെൽകൃഷിയ്ക്ക് കോട്ടംതട്ടാതെ നമ്മുടെ നാട്ടിൽ ശാസ്ത്രീയമായ മത്സ്യകൃഷി നടപ്പാക്കണം. അതുവഴി മത്സ്യോല്പാദനരംഗത്തും നാടിന്റെ സാമ്പത്തികരംഗത്തും മാറ്റങ്ങൾ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ വിശദമായ പഠനത്തിന്റെ അടിസ്ഥാനം എവിടെ? എങ്ങിനെ? എന്നുള്ള കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പാക്കണം. ഈ രംഗത്ത് വിദഗ്ദ പരിശീലനവും ആവശ്യമാണ്.

സാധ്യതകൾ

തോട്ടവിള സംസ്കാരത്തിന് അടിമയായ കേരളത്തിന് ഇന്നും പ്രധാന കൃഷിയാണ് നെല്ല്. 1994-95 -ൽ 5.03 ലക്ഷം ഹെക്ടറിൽ നിന്ന് 9.75 ലക്ഷം ടൺ അരിയാണ് ഉല്പാദിപ്പിച്ചത്. 300 ലക്ഷം ജനങ്ങളെ തീറ്റിപ്പോറ്റാൻ ഇത് വളരെ അപര്യാപ്തമാണ്. 23 ലക്ഷം ടൺ അരിയുടെ കമ്മിയാണ് ഇപ്പോൾ നമ്മുടെ ഉല്പാദനവും ഉപഭോഗവും തമ്മിൽ. നാടിന്റെ പുരോഗതിയ്ക്കും സമ്പദ്സമൃദ്ധിക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മ നികത്തുന്നതിനും കൃഷി പ്രമുഖ പങ്കുവഹിക്കുന്നു എന്ന വസ്തുത നിസ്തർക്കമാണ്. നമ്മുടെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ആണിക്കല്ലായിരുന്ന നെൽക്കൃഷിയെ ആ സ്ഥിതിയിലേക്ക് തിരിച്ചു കൊണ്ടു വരികയാണ് വേണ്ടത്. അതിന് കാർഷികവൃത്തി കൂടുതൽ ആദായകരവും മാന്യവുമാകണം.

1 ഇന്നുള്ള കാർഷിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും കൃത്യമായ ഒരു ഷെഡ്യൂൾ ഉണ്ടാക്കുകയും ചെയ്യുക. ഇതി

11 രാസവളങ്ങളെ മാറ്റിനിർത്തി ജൈവകൃഷിരീതിയിൽ ഉൽപ്പാദനശേഷി വർദ്ധിപ്പിച്ച് കീടബാധ അകറ്റി കൃഷി ചെയ്യുന്ന നാട്ടിലെ കർഷകരുടെ മാതൃക മറ്റ് കേര കർഷകരും പഠിയ്ക്കുകയും അനുകരിക്കുകയും ചെയ്യണം.

പച്ചക്കറി കൃഷി

അവഗണിക്കപ്പെട്ട ഒരു കൃഷിയാണിത്. നമ്മുടെ മണ്ണിൽ വിളയുന്ന പച്ചക്കറി പലതുണ്ടായിട്ടും ഇന്നും അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളാണ് ഇവിടുത്തെ ജനങ്ങൾ ഉപയോഗിക്കുന്നത്. ഒരു മാസം ഏകദേശം 6-7 ലക്ഷം രൂപയുടെ പച്ചക്കറികൾ നാം ഉപയോഗിക്കുന്നുണ്ട്. കൃഷി ഭവനിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 25 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നുവെന്നാണ് പറയുന്നത്. എല്ലാ വീട്ടുവളപ്പിലും പച്ചക്കറിക്കൃഷി ചെയ്യുന്ന പുതിയൊരു കാർഷിക സംസ്കാരം വളർത്തിയെടുക്കണം. ചീര, വെള്ളരി, വഴുതന, പച്ചമുളക്, കാന്താരി, തക്കാളി, പാവയ്ക്ക, പടവലം, ചേന, കാച്ചിൽ, ചേമ്പ് എന്നിവയും കൃഷി ചെയ്യുന്നതിന് ഈ മണ്ണ് ഫലഭൂയിഷ്ടമുള്ളതാണ്. പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ വാഴപ്പഴം, കൈതച്ചക്ക, മാങ്ങ, ചക്ക എന്നിവ ഒരുകാലത്ത് സുലഭമായിരുന്ന പ്രദേശത്ത് ഇനിയും സാധ്യതകളുണ്ടെന്ന് നമുക്ക് തെളിയിക്കണം.

സാധ്യതകൾ

1) നാം നിത്യേന ഉപയോഗിച്ചുവരുന്ന പച്ചക്കറികളുടെ കാര്യത്തിൽ സമ്പൂർണ്ണമായ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് പരിമിതികളേറെയുണ്ടെങ്കിലും ഈ മണ്ണിന് ഏറ്റവും അനുയോജ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും കൃഷിചെയ്തുണ്ടാക്കണം.

2) പച്ചക്കറി പഴവർഗ്ഗ കൃഷിക്കാരെ പരസ്പരം സഹായിക്കുന്നതിന് ഒരു സഹകരണസംഘം രൂപീകരിക്കണം.

3) കൃഷി ചെയ്യുന്നതിനുള്ള പരിശീലനം കർഷകർക്കു നല്കണം.

4) പച്ചക്കറി, പഴവർഗ്ഗങ്ങൾ ഇവ വില്പന നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ സംഭരണ കേന്ദ്രങ്ങൾആരംഭിക്കണം.

5) ആഴ്ച ചന്തകൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ 2 കേന്ദ്രങ്ങളിൽ ആരംഭിക്കണം.

6) പച്ചക്കറി നേഴ്സറികൾ ആരംഭിക്കണം.

7) രാസവസ്തുക്കളും വിഷവും തീണ്ടാത്ത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ജൈവവളങ്ങളുടെ ലഭ്യതയ്ക്കായി 'കമ്പോസ്റ്റ വളക്കുഴികൾ' ശാസ്ത്രീയമായി നിർമ്മിക്കണം.

8) ചെലവുകുറഞ്ഞ ജൈവ കീടനാശിനികൾ നിർമ്മിക്കുന്നതിനുവേണ്ട ഉപദേശം ഗ്രാമീണർക്ക് നൽകണം.

9) തെനനയ്ക്കായി 1/2 HP മോട്ടോർ പമ്പ്സെറ്റ് തവണവ്യവസ്ഥയിൽ വായ്പയായി നൽകണം

കുരുമുളക്

1993-94, 1994-95, 1995-96 വർഷങ്ങളിലായി 5000 കൊടി കുരുമുളക് കൃഷിഭവൻവഴി വിതരണം ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ വിദേശനാണയസമ്പാദനത്തിന് മുഖ്യപങ്കു വഹിക്കുന്നു കുരുമുളകെങ്കിലും കുരുമുളക് വിളവെടുക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന കർഷകർ വളരെ കുറവാണ്. കുരുമുളകിന്റെ മേഖലയിൽ കാർഷിക വിജ്ഞാനവ്യാപനം വേണ്ടത്ര നടന്നിട്ടില്ല. കുരുമുളകു കർഷകർ എന്നു പറയാവുന്നവരും വളരെ വിരളമാണ്. നമ്മുടെ മണ്ണിന് യോജിച്ച ഒന്നാണ് കുരുമുളക് എന്നത് പഴയകാല ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും (ചരിത്രത്തിൽ വിശദാംശങ്ങൾ).

സാധ്യതകൾ

1) കുരുമുളക് കർഷകരെ കണ്ടെത്തി അവർക്ക് ആവശ്യമായ കാർഷിക വിജ്ഞാനം നൽകണം.
2) മറ്റു വിളകളോടൊപ്പം ചെയ്യാവുന്ന ഒരു കൃഷി എന്നനിലയിൽ കുരുമുളകു കൃഷി വ്യാപിക്കണം.
3) വിളവെടുപ്പും, സംഭരണവും സഹകരണാടിസ്ഥാനത്തിൽ നടത്തണം.

മൃഗസംരക്ഷണം

കാർഷിക സമ്പദ്‌വ്യവസ്ഥയിൽ മൃഗ സംരക്ഷണത്തിനു വമ്പിച്ച പ്രാധാന്യമാണുള്ളതു്. കൃഷിയും മൃഗപരിപാലനവും പരസ്പര പൂരകങ്ങളാണു്.

മൃഗ പരിപാലന രംഗത്തു രണ്ടു്, മൂന്നു ദശാബ്ദക്കാലത്തിനിടക്കു് കേരളത്തിൽ വന്നിട്ടുള്ള പ്രധാനമായ മാറ്റം, അധികോൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളുടെ ആവിർഭാവമാണു്. കൃത്രിമ ബീജോൽപ്പാദനത്തിലൂടെ രൂപപ്പെട്ട ഈ പരിവർത്തനം കാവാലം പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ടു്. കന്നുകാലികളുടെ സ്ഥിതി വിവരക്കണക്കുകളും ഈ റിപ്പോർട്ടിന്റെയൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ടു്. പുതിൽ ജനസ്സുകളിലേയ്ക്കുള്ള മാറ്റത്തെ തുടർന്നു ഉൽപ്പാദനച്ചിലവു് വളരെ വർദ്ധിച്ചിട്ടുണ്ടു്.

കാവാലം പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങളും പശു, ആടു്, എരുമ, പോത്തു്, കോഴി, താറാവു് എന്നിവയാണു്. ഇവയിൽ പശു, ആടു്, കോഴി, ഇവകളുടെ വളർത്തൽ ഉപജീവനമാക്കി വളർത്തിവരുന്നവരും ഉണ്ടു്. പോത്തിനെ കാർഷിക സീസണിൽ ഉഴവിനു മാത്രമായി ആണു് വളർത്തുന്നതു്.

കാവാലം പഞ്ചായത്തു പ്രദേശത്തു കഴിഞ്ഞ 5 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും

1. കർഷക സമ്പർക്ക പരിപാടി

ചർച്ചാ ക്ലാസ്സുകളും	ചെലവായ തുക	പ്രയോജനം ലഭിച്ച കർഷകർ
ആകെ 50	10000-00	1500 പേർ

2. കുഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി,

ശില്പശാലകളും, പരിശീലന ക്ലാസ്സു്	ചിലവായ തുക	പ്രയോജനം ലഭിച്ച കർഷകർ
ആകെ 50	5000-00	1500 പേർ

പദ്ധതികളും	പ്രയോജനം ലഭിച്ചവർ	ചെലവായ തുക	പുൽകൃഷിചെയ്ത ഏരിയ	വിതരണം ചെയ്ത സാധനങ്ങളും
പുൽകൃഷി	150	6000-00	10 ഹെക്ടർ	മി. മിക്സർ 150 Kg
മാതൃകാതൊഴുത്തു നിർമ്മാണം	20	17500-00	,,	വൈറമിൻ A 120 കുപ്പി
മൃഗസംരക്ഷണ പദ്ധതികൾ				
ഹേ നിർമ്മാണം	25	700-00	—	—
മിൽക്കു് പ്രൊഡക്ഷൻ കിറ്റു്	20	700-00	—	20

പ്രത്യേക ഘടകപദ്ധതിപ്രകാരം നടത്തിയ പദ്ധതികൾ (പട്ടികജാതി വിഭാഗങ്ങളും)

	ഗുണഭോക്തൃക്കളും	ചെലവായ തുക
കറവപ്പശുക്കളെ വാങ്ങുന്നതിനും, തൊഴുത്തുനിർമ്മാണത്തിനും	10	5555-00
ആടുവളർത്തലിനു്	23	32200-00
താറാവു് വളർത്തലിനു്	31	1032-00

പേ വിഷബാധ

കാവാലം പഞ്ചായത്തുപ്രദേശത്തു 90 നായ്ക്കൾക്കു പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്.

കാവാലം പഞ്ചായത്തിൽ 4-ാം വാർഡിൽ ഒരു മൃഗാശുപത്രിയും രണ്ടാം വാർഡിൽ ഒരു ഗോസംവർദ്ധനകേന്ദ്രവും രണ്ട്, മൂന്ന് എന്നീ വാർഡുകളിൽ ഓരോ ക്ഷീരോല്പാദന സഹകരണസംഘവും പ്രവർത്തിക്കുന്നു.

1977-ൽ പ്രവർത്തനം ആരംഭിച്ച കാവാലം മൃഗാശുപത്രിയിൽ 1978 ൽ കൃത്രിമ ബീജസങ്കലന പദ്ധതിയും ആരംഭിച്ചു.

കാവാലം പഞ്ചായത്തിലെ - 1996 ലെ കണക്കനുസരിച്ചുള്ള വളർത്തുമൃഗങ്ങൾ

സങ്കരയിനം പശുക്കൾ	-	576
നാടൻ പശുക്കൾ	-	230
എരുമ	-	19
താറാവ്	-	4736
കോഴി	-	14753
ആട്	-	കണക്ക് ലഭ്യമല്ല.

സാധാരണയായി കാണപ്പെടുന്ന കാലിരോഗങ്ങൾ

കോഴികൾക്കുണ്ടാകുന്ന കോഴിവസന്ത സർവ്വ സാധാരണമാണ്. ഇതുമൂലം ധാരാളം കോഴികൾ ചാകുക വഴി കനത്ത സാമ്പത്തിക നഷ്ടം കർഷകർക്ക് ഉണ്ടാകുന്നു.

കന്നുകാലി രോഗങ്ങൾ

കുളമ്പ് രോഗം - സാധാരണയായി ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഈ പ്രദേശങ്ങളിൽ കാണപ്പെടുന്ന രോഗമാണ് കുളമ്പുരോഗം. ജലത്തിലൂടെയും ഈർപ്പമുള്ള പ്രദേശങ്ങളിലൂടെയും പടർന്നുപിടിക്കുന്ന വൈറസ് രോഗമാണ് കുളമ്പുരോഗം. കുളമ്പുരോഗം മൂലം ഏറ്റവും അധികം ഉൽപാദന നഷ്ടം ഉണ്ടാകുന്ന പ്രദേശമാണ് കാവാലം. വിരശല്യം, വയർപെരുക്കം, ക്ഷീരസന്നി, ഗർഭാശയ രോഗങ്ങൾ തുടങ്ങിയവയും ക്ഷീര കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

പാൽ മുട്ട ഉൽപാദന രംഗം

കാവാലം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 14452 ആണ്. ലോകാരോഗ്യ സംഘടനയുടെ ശുപാർശപ്രകാരം ആളൊന്നിന് പ്രതിദിനം 250 M. L. പ്രകാരം 3613 ലിറ്റർ പാലും 7226 മുട്ടയും പ്രതിദിനം ആവശ്യമാണ്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നത് ഇവിടെത്തന്നെയുള്ള ഉൽപാദനത്തിൽനിന്നുതന്നെയാണ്.

പോഷക ആഹാരം : പാൽ, മുട്ട, മാംസം
ആവശ്യകത : 250 M.L. ½ എണ്ണം 15 ഗ്രാം
ഉപഭോഗം : 14452 പേർ 14452 പേർ 14452 പേർ
ലക്ഷ്യം : 3613 Ltr. 7226 എണ്ണം 216.75 ഗ്രാം

ഇതിലുപരി കാവാലം പഞ്ചായത്തിലെ സാധാരണ ജനങ്ങളുടെ ഉപജീവന മാർഗ്ഗം കൂടിയാണ് കാലി, കോഴി, താറാവ് വളർത്തൽ. അതുകൊണ്ട് നിലവിലുള്ളതിനേക്കാൾ കൂടുതൽ ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ഉൽപാദന വർദ്ധന ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കാവാലം പഞ്ചായത്തിൽ മൃഗസംരക്ഷണ പദ്ധതികൾക്ക് സാധ്യതയുള്ള പരിപാടികളുടെ പട്ടിക താഴെ കൊടുക്കുന്നു.

പദ്ധതികൾ	ഗുണഭോക്താക്കൾ	പ്രതീക്ഷിക്കുന്ന തുക	ഗുണഭോക്താവിന്റെ വിഹിതം	ഗവ. സഹായം/ധനകാര്യ സ്ഥാപനം
മാതൃകാ കാലിത്തൊഴുത്തുനിർമ്മാണം	55	330000	—	—
ചർച്ചാക്ലാസ്സുകൾ, സന്ദർശനപരിപാടികൾ	55	27500	—	—
ക്ഷീര ഉല്പന്നനിർമ്മാണ പരിശീലനം	25	5000	—	—
തീറ്റപ്പുല്ല് കൃഷി	165	33000	—	—
പശുക്കളുടെ ഗർഭകാലസംരക്ഷണ പരിപാടി	100	30000	—	—
കന്നുകാലി പ്രദർശന മത്സരം	—	7500	—	—
പ്രൊഡക്ഷൻ കിറ്റ് പദ്ധതി	150	30000	—	—
വൈക്കോൽ സംപുഷ്ടപദ്ധതി	50	12500	—	—

പീൽ ബീഫ് വളർത്തൽ പരിപാടി

കാവാലം പഞ്ചായത്തിൽ വളരെ ആദായ കരമായി ആരംഭിക്കാവുന്ന ഒരു പദ്ധതിയാണിത്. തീറ്റച്ചിലവ് വളരെ കുറവായതിനാൽ രണ്ടു വയസ്സു വരെ കാളക്കുട്ടികളെ വളർത്തി മാംസവ്യാപാര ത്തിനു് ഉപയുക്തമാക്കുകയാണു് ഈ പദ്ധതിയുടെ ലക്ഷ്യം. തൊഴിൽ സാദ്ധ്യത വളരെയേറെയുള്ള ഒരു പദ്ധതിയും കൂടിയാണിത്.

ഗോബർ ഗ്യാസ്

പരിസര മലിനീകരണം ഒഴിവാക്കുവാനും കന്നുകാലി വളർത്തലിൽനിന്നും അധികമായി ആദാ യം കണ്ടെത്താനുമുള്ള ഈ പദ്ധതിയിൽ ഇന്ധനം ലാഭിക്കുക എന്ന ലക്ഷ്യം കൂടിയുണ്ടു്. സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ഇതിനുള്ള യൂണിറ്റുകൾ സ്ഥാപി ക്കാവുന്നതാണു്. പൊതുവായ കന്നുകാലി പൗണ്ടുകൾ യൂണിറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചാൽ ജൈവ വളവും ഇതിൽനിന്നും ലഭിയ്ക്കുന്നു. കുറഞ്ഞ ചില വിൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടാ വുന്ന ഒരു പദ്ധതിയാണിത്. ഇതിനു് ആവശ്യമായ പണം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ക്ഷീര വികസന വകുപ്പിൽനിന്നും കണ്ടെത്താവുന്നതാണു്.

കോഴി വളർത്തൽ - കുഷീരോൽപന്ന നിർമ്മാണം

വനിതകൾക്കു് ആദായകരമായി ചെയ്യുവാൻ സാധിക്കുന്ന പദ്ധതികളാണിത്. വനിതാ സഹ കരണ യൂണിറ്റുകൾ സ്ഥാപിച്ചു ആരംഭിച്ചാൽ കൂടു തൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നു. മുട്ട, മാംസം ഉൽപാദനം വർദ്ധിപ്പിക്കുക, പാലിൽനിന്നും പേട, പാൽക്കോവ തുടങ്ങി വിവിധ ഇനം ആഹാരസാധ നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാവുന്നതാണു്.

പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ചു കുറഞ്ഞ ചിലവിൽ കന്നുകാലി - കോഴിത്തീറ്റകൾ നിർമ്മിക്കാവുന്നതാണു്.

കാവാലം മൃഗാശുപത്രിയിലെ സൗകര്യ ങ്ങൾ വർദ്ധിപ്പിച്ചു ലൈവ് സ്റ്റോക്ക് ഇൻസ്പെ ക്ടർമാരുടെ എണ്ണം 4 ആക്കി ഓരോ വാർഡിലും കൃത്യമായ സന്ദർശനങ്ങൾ നടത്തി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണു്. കാവാലം പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളെയും, കോഴി താറാവ് മുതലായവയേയും ഇൻഷ്വർ ചെയ്യുക, അല ഞ്ഞുനടക്കുന്ന തെരുവുനാൽക്കാലികളെ യഥാവസരങ്ങളിൽ കൊന്നൊടുക്കുക എന്നുള്ളതും കന്നുകാലി-വളർത്ത ലിനു് ആവശ്യമായ ഘടകങ്ങളാണു്.

മൽസ്യബന്ധനം

കാവാലം പഞ്ചായത്തിന്റെ ഏകദേശം പൂർ ണഭാഗത്തുകൂടി ഒഴുകുന്ന പമ്പാനദിയും വടക്കേ അറ്റം മുതൽ വ്യാപിച്ചുകിടക്കുന്ന വേമ്പനാട്ടുകായലും മത്സ്യസമ്പത്തു് നിറഞ്ഞതായിരുന്ന ഒരുകാലത്തു്. കരിമീൻ, വാള, മഞ്ഞക്കൂരി, കുറവ, കണമ്പ, വാഹ, ചേറുമീൻ, കാരി, കൊഞ്ചു്, ചെമ്മീൻ, ക്ലാന്തപ്രാ ണിൽ, ചെങ്കടി, കാളാഞ്ചി, പൂമീൻ തുടങ്ങിയ സ്വാ ദിഷ്ടങ്ങളായ മൽസ്യങ്ങളിൽ പലതും ഇന്നു അന്യ മായിരിക്കുന്നു.

തണ്ണീർമുക്കം ബണ്ടിന്റെ അശാസ്ത്രീയത ജലമ ലിനീകരണം, തോട്ടാഇട്ടം, നഞ്ചുകലക്കിയും അടക്കം കൊല്ലിവല, പറുകണ്ണി, മടവല എന്നിവ ഉപയോ ഗിച്ചുള്ള മത്സ്യബന്ധനവും മത്സ്യ വംശനാശത്തിനു കാരണമാകുന്നു. മത്സ്യ രോഗവും വംശനാശത്തിനു ആക്കംകൂടി.

പഴയകാല മത്സ്യബന്ധന ഉപകരണങ്ങളായ വടിവല, ഉറിവല, മുരശുവല, ചില്ലാൻവല തുടങ്ങി യവ ഒന്നും തന്നെ ഇപ്പോൾ ആരും ഉപയോഗിക്കാ റില്ല. ആസ്ഥാനം നൈലോൺവല, വൈശാലിവല എന്നിവ ഏറെറടുത്തിരിക്കുന്നു.

മത്സ്യബന്ധനത്തിൽ പുരുഷൻമാർക്കാണു് പ്രാ ധാന്യം എങ്കിൽ വിപണനരംഗം കൈയ്യടക്കിയിരി ക്കുന്നതു സ്ത്രീകളാണു്. അതതു പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന മത്സ്യം കൂടാതെ ആലപ്പുഴ, ചങ്ങനാശേരി തുടങ്ങിയ പട്ടണങ്ങളിൽ നിന്നും കടൽ മത്സ്യം ശേ ഖരിച്ചു കോട്ടയം, പത്തനംതിട്ട, തുടങ്ങിയ ജില്ലക ളിലെ ഉൾനാടൻ ഗ്രാമങ്ങളിൽ എത്തിച്ചു തലച്ചുമടാ യി നടന്നു വ്യാപാരം നടത്തുന്നു.

മത്സ്യബന്ധന - വിപണന രംഗത്തു കാര്യ മായ സഹായങ്ങൾ ഒന്നും തന്നെ കാവാലം പഞ്ചാ യത്തു പ്രദേശങ്ങളിൽ ഗവൺമെൻറിൽ നിന്നും ലഭി ക്കുന്നില്ല. പഞ്ചായത്തു തലത്തിൽ സർക്കാർ ഓഫീ സ് പ്രവർത്തിച്ചാൽ ഇതിനു പരിഹാരം ഉണ്ടാകുന്ന താണു്.

നമ്മുടെ ക്ഷേണത്തിന്റെ നല്ലൊരളവ് ഉല്പാദി പ്പിക്കുന്ന നമുക്കു വിദേശനാണ്യം നേടിത്തരുന്ന ഈ മത്സ്യത്തൊഴിലാളികളുടെ നാനാവിധമായ ഉന്നമ നത്തിനു ആവശ്യമായ നടപടികൾ ഗവൺമെൻറ് ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കണമെന്നു അഭ്യർ ത്ഥിക്കുന്നു.

നിർദ്ദേശങ്ങൾ

കട്ടനാട്ടിലെ നെൽകൃഷിയുടെ സമയം ഏകീകരിച്ചു തണ്ണീർമുക്കം ബണ്ടിന്റെയും, തോട്ടപ്പള്ളി സ്പിൽവേയുടെയും ഷട്ടറുകളും യഥാസമയം തുറന്നിടുക.

കൃഷിയിടങ്ങളിലെ കീടനാശിനികളുടെ ഉപയോഗത്തിനു നിയന്ത്രണം ഏർപ്പെടുത്തുക.

നഞ്ചുകലക്കിയും, തോട്ടപൊട്ടിച്ചും, അടക്കം കൊല്ലിവല, പറുകണ്ണി മടവല, പറുകണ്ണി ഊന്നിവല എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുകയും ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

ഗവൺമെൻറ് ഏജൻസികളും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ വിടുന്നതിന്റെ അളവ് വർദ്ധിപ്പിക്കുക. മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും പാക്കേജ് ആയി ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കുകയും ആയതിന്റെ രേഖ പുസ്തകമാതൃകയാൽ തയ്യാറാക്കുക.

കൃത്രിമരേഖകളും ചമച്ചുകൊണ്ടുള്ള അനർഹരുടെ ഈ തൊഴിൽ രംഗത്തേക്കുള്ള കടന്നു കയറ്റം നിയമം മൂലം തടയുക.

ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ ഗ്രാമ സംഘങ്ങൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.

മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനത്തോടുകൂടിയ വിപണനസംഘങ്ങൾ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.

മത്സ്യ വ്യവസായ തൊഴിലാളി സംഘങ്ങൾ രൂപീകരിക്കുക.

മത്സ്യ സംഭരണ വിപണനത്തിനും ആവശ്യമായ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

വിദേശ കമ്പോളത്തിൽ ഏറ്റവും അധികം ഡിമാൻറുള്ള ആറുകൊഞ്ചിന്റെ വംശവർദ്ധനയ്ക്ക് ആവശ്യമായ നടപടികൾ മത്സ്യ വകുപ്പ് മുഖേന നടപ്പിലാക്കുക.

ജല മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥിരം സ്റ്റേഷൻ കായൽ കേന്ദ്രമാക്കി സ്ഥാപിക്കുകയും ഓരോ കാലഘട്ടത്തിലും കീടനാശിനി - രാസവളം - ജൈവ മാലിന്യങ്ങൾ മുതലായവ മൂലം ഉണ്ടാകുന്ന മലിനീകരണത്തിന്റെ തോത് ശാസ്ത്രീയമായി അപഗ്രഥിച്ചു വേണ്ട പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്.

സംസ്കാരം

ഞാറുപാട്ടിന്റെയും, തേക്കുപാട്ടിന്റെയും ചക്രം ചവിട്ടുപാട്ടിന്റെയും ഈണം മുഴങ്ങുന്ന കാവാലം. നിരവധി സാഹിത്യ നായകന്മാരുടെയും, സാംസ്കാരിക നായകന്മാരുടെയും ജന്മഗൃഹമാണ്.

പാടത്തു പണിയെടുക്കുന്ന കർഷകത്തൊഴിലാളികളുടെ പുണ്ണുകളിൽനിന്നും ഉതിരുന്ന നാടൻ പാട്ടുകളും കായൽവാരത്തായിരുന്ന കാവാലത്തിന്റെ വിശാലമായ ജലപ്പരപ്പ് പോലെയും, അലറുന്ന പേമാരിപോലെയും, പൊള്ളുന്ന വെയിലിനെയും അമിത കായിക അദ്ധ്വാനത്തെയും കൂട്ടിയുരുക്കി ഉണ്ടാക്കിയ നെൽ വയലുകളുടെയും അതിലെ മനുഷ്യ പ്രയത്നത്തിന്റെയും കഥകളാണ്.

അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനുവേണ്ടി ഉള്ളിൽ നിന്നു ഉതിർന്ന ഈ ശീലുകളിൽ നിരവധി ഐതിഹ്യങ്ങളും ചരിത്ര സത്യങ്ങളും തെളിഞ്ഞു നിൽക്കുന്നു.

ജന്മി കുടിയാൻ ചൂഷണത്തിന്റെ നിഴൽപ്പാടുകളും ഉണ്ടായിരുന്നുവെങ്കിലും സ്നേഹത്തിന്റെയും, ആത്മാർത്ഥതയുടെയും, അപ്പുണ മനോഭാവത്തിന്റെയും നിഷ്കളങ്കതയുടെയും സ്ഥായീഭാവമുള്ള ഒരു സംസ്കാരം കാവാലത്തിനുണ്ട്.

വള്ളം കളിപാട്ടുകളും, തേക്കുപാട്ടും, കുത്തുപാട്ടും നടീൽപാട്ടും, നിറയും, പൊലിയും, പതവും എല്ലാമെല്ലാം ഈ പ്രദേശത്തിന്റെ സംസ്കാരത്തിലെ നാഡീപടലങ്ങളാണ്.

ജാതി-സാമൂഹ്യഘടന

കാവാലം ഗ്രാമപഞ്ചായത്തിലെ ജനങ്ങളും പൊതുവെ ഹിന്ദു – ക്രൈസ്തവ സമുദായത്തിൽപ്പെട്ടവരാണ്. ജാതി വ്യവസ്ഥയിൽ അടിയുറച്ച ജന്മി-കുടിയാൻ ബന്ധം ഇവിടെ നിലനിന്നിരുന്നു. എന്നാൽ കേരളത്തിൽ മറ്റെങ്ങും കാണാൻ കഴിയാതിരുന്ന ഒരു പരിഗണന വളരെപ്പണ്ട് ഇവിടത്തെ പട്ടികജാതി – വർഗ്ഗക്കാരോട് ഉണ്ടായിരുന്നു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട ഈ പരിഗണന നാമാവശേഷമാകുകയും വർണ്ണവെറിയുടെ അതിഭീകരമായ അവസ്ഥകളിലേക്ക് എടുത്തു എറിയപ്പെടുകയും ചെയ്തിട്ടുണ്ട്. നവോത്ഥാന നായകന്മാരുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനത്താൽ ഈ വ്യവസ്ഥിതിക്കു മാറ്റം വന്നിട്ടുണ്ട്. അയിത്തം ഒഴിവായിട്ടുണ്ടെങ്കിലും ജാതി വേർതിരിവും അസമത്വവും ഒരു പരിധിവരെ ഇന്നും നിലനിൽക്കുന്നു.

കാവാലം പഞ്ചായത്ത് പ്രദേശത്തുള്ള വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ

1. പള്ളിയറക്കാവ് ദേവീക്ഷേത്രം (ദേവസ്വം ബോർഡ് വക.
2. മാണിക്യ മംഗലം കായൽ ദേവീക്ഷേത്രം.
3. തിരുവിളങ്ങാട്ട് ക്ഷേത്രം.
4. പുതുക്കുളങ്ങര ശാസ്താക്ഷേത്രം
5. മഠത്തിൽ ശ്രീ. അന്നപൂർണ്ണേശ്വരി ക്ഷേത്രം.
6. വൈകുണ്ഡപുരം ക്ഷേത്രം
7. വിശ്വകർമ്മ ക്ഷേത്രം
8. നെല്ലിക്കാട്ട് ക്ഷേത്രം
9. പുതുശ്ശേരി ക്ഷേത്രം
10. കാമത്തുശ്ശേരി സുബ്രഹ്മണ്യ ക്ഷേത്രം
11. ചാലയിൽ ക്ഷേത്രം
12. നെടുമ്പറയിൽ ശ്രീ ഭദ്രകാളി ക്ഷേത്രം
13. മഠത്തിൽക്കൊട്ടിൽ ക്ഷേത്രം
14. താമരച്ചാൽ ക്ഷേത്രം
15. അഞ്ചിൽ കുര്യാല
16. ഈഴാമ്പാക്കൽക്കാവ്
17. ആയാംകുടിക്കാവ്
18. പുതിയറക്കാവ്
19. എട്ടൊന്നിൽക്കാവ്
20. S. N. D. P. ഗുരുമന്ദിരം കുന്നുമ്മ
21. S. N. D. P. ഗുരുമന്ദിരം കാവാലാ വടക്കു.

പള്ളികൾ

22. സെൻറ് തേരേസാസ് ചർച്ച് കാവാലം
23. സെൻറ് മേരീസ് – കുന്നുമ്മ
24. ലിറ്റിൽ ഫ്ളവ്വർ – ലിസ്യോ ചർച്ച് കാവാലം വടക്കു
25. സെൻറ് ജോസഫ് ചാപ്പൽ കാവാലം വടക്കു

26. കപ്പൂച്ച്യൻ ആശ്രമം പള്ളി കാവാലം

27. സെൻറ് മേരീസ് പള്ളി വെളിയനാട്
(കേസരിയാപള്ളി)

28. (മിഖായേൽ) പള്ളി വെളിയനാട്

29. സെൻറ് ജോർജ്ജ് കനാനായ ചർച്ച് കുന്നമ്മ

നൃത്തം, സംഗീതം, ചിത്രമെഴുത്ത് തുടങ്ങിയ കലകളിൽ സാങ്കേതിക പഠനം ലഭിച്ചവർ വിരളമാണ്. എന്നാൽ കേരളത്തിൻെറ മുൻനിരയിൽ നിൽക്കുന്ന പല സാംസ്കാരിക നായകന്മാരും കാവാലത്തു ജന്മംകൊണ്ടിട്ടുണ്ട്. സന്താനഗോപാലം കഥകളിയുടെ കുത്താവായ ഇട്ടിരാരിശ്ശമേനോൻ പ്രമുഖ ഹാസ്യനടനും നാടകാചാര്യനുമായിരുന്ന കാവാലം ജോസഫ്, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, ഓച്ചിറ വേലുക്കുട്ടി എന്നിവരോടൊപ്പം അരങ്ങിൽ വിളങ്ങിയ ആളാണ്. സർദാർ കെ. എം. പണിക്കർ, കാവാലം നാരായണപ്പണിക്കർ, കെ. അയ്യപ്പപ്പണിക്കർ, കാവാലം ശ്രീകുമാർ മുതലായ കലാസാഹിത്യ നായകന്മാരും ഈ പട്ടികയിൽ പെടുന്നു.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിലെ അതികായനായിരുന്ന ശ്രീ. പി. എൻ. പണിക്കരുടെ ശ്രമഫലമായി രൂപീകരിക്കപ്പെട്ട ദേശീയ വായനശാലയും അഗ്രഗണ്യ സ്ഥാനത്തു് നിൽക്കുന്നു. പ്രസ്തുത വായനശാല ഇപ്പോൾ സർദാർ കെ. എം. പണിക്കർ മെമ്മോറിയൽ ദേശീയ വായനശാല & ഗ്രന്ഥശാല എന്ന പേരിൽ പ്രവർത്തിക്കുന്നു. തുടർന്ന് Y. M. A. വായനശാല കാവാലം വടക്കു് ആർ. എൻ. പെരുമാൾ പെരുമാൾ മെമ്മോറിയൽ ഗ്രന്ഥശാല, വടക്കൻ വെളിയനാട് ഗ്രന്ഥശാല എന്നിവ പ്രവർത്തനം ആരംഭിച്ചു. ഇവയിൽ ചിലതു് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ''വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക''. ഇതിൽ അടിസ്ഥാനമൂന്നി കാവാലം പഞ്ചായത്തിൽ കൂടുതൽ ഗ്രന്ഥശാലകളും ഉണ്ടാകേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ ചരിത്രം

ആദ്യകാലങ്ങളിൽ കുടിപ്പള്ളിക്കൂടങ്ങളിലാണ് കുട്ടികളെ പഠിപ്പിച്ചിരുന്നത്. ഇന്നത്തെ ഏറ്റവും നല്ല നേഴ്സറി സ്ക്കൂളിൽ നിന്നും ലഭിക്കുന്നതിനേക്കാം കുറ്റമറ്റ വിദ്യാഭ്യാസമാണ് ഈ കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നും ലഭിച്ചിരുന്നത്. ഹരി ശ്രീ യിൽ തുടങ്ങി ''വാക്യം, പരൽപ്പേര്'' എന്നിവ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഇന്നത്തെ ഹൈസ്ക്കൂം നിലവാരത്തിലുള്ള അറിവു ലഭിച്ചിരുന്നു. തുടർന്ന് കാവ്യം, നാടകം, വ്യാകരണം, തർക്കം എന്നിവകൂടി പഠിക്കുന്ന ഒരു വിദ്യാർത്ഥി പണ്ഡിതനായി തീരുമായിരുന്നു. പേരെടുത്ത പല കുടിപ്പള്ളിക്കൂടം ആശാൻമാരും അക്കാലത്തു ണ്ടായിരുന്നു. അന്നത്തെ നിലത്തെഴുത്തു കളരികളുടെ പ്രയോജനം വരേണ്യ വർഗത്തിന് മാത്രമാണ് ലഭിച്ചിരുന്നത്. താഴ്ന്ന വിഭാഗത്തിൽപെട്ട വർക്കുവേണ്ടിയുള്ള കളരികളും അന്നുണ്ടായിരുന്നു. പള്ളിക്കൂടങ്ങം സ്ഥാപിക്കപ്പെട്ടതോടെ നിലത്തെഴുത്തു കളരികളുടെ പ്രസക്തി നഷ്ടപ്പെടുകയും അവ നാമമാത്രമാകുകയും ചെയ്തു. പകരം, നേഴ്സറി സ്ക്കൂളുകളോ, ബാലവാടികളോ ആവശ്യാനുസരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാണ്. ഒരു വാർഡിൽ കുറഞ്ഞത് 2 ബാലവാടികളെങ്കിലും ആരംഭിക്കേണ്ടതാണ്. ഇപ്പോം ഈ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും, ഒരു ടെക്നിക്കൽ ഹൈസ്ക്കളൂം, നാല് എൽ.പി. സ്ക്കൂളുകളും ഒരു യു.പി. സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോഴുള്ള സ്ക്കൂളുകം പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന് പര്യാപ്തമാണ്. പല സ്ക്കൂളുകളും കട്ടികളുടെ കുറവു മൂലം അൺ എക്കണോമിക് ആകയാൽ കൂടുതൽ സ്ക്കൂളുകം അനുവദിക്കേണ്ട ആവശ്യമില്ല. നിലവിലുള്ള സ്ക്കൂളുകം അപ്ഗ്രെഡു ചെയ്യേണ്ടതായിട്ടുമില്ല.

(1) സി. എം. എസ്. എൽ. പി. എസ്. കുന്നുമ്മ

കാവാലം പഞ്ചായത്തിലെ ആദ്യ സ്ക്കൂളാണിത്. ചർച്ചു മിഷൻ സൊസൈറ്റി സ്ഥാപിച്ചതാണ് ഈ സ്ക്കൂൾ. ഇത് സ്ഥാപിച്ചത് 1850-ൽ ആണ്. ഈ സ്ക്കൂൾ സ്ഥാപിക്കുവാൻ മുൻകൈയെടുത്തത് എൻ. ഡി. സഹ്റ എന്ന സായിപ്പ് ആണ്. കുട്ടികളുടെ കുറവുമൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നഒരുസ്ക്കൂളാണിത്.കെട്ടിടമില്ല, നല്ല ഗ്രൗണ്ടില്ല, വേണ്ടത്ര ഫർണിച്ചറില്ല .തുടങ്ങി ഇല്ലായ്മകളുടെ കഥകൾ മാത്രം പറയാനുള്ള ഈ സ്ക്കൂൾ കുന്നമ്മയിലെ ജനങ്ങളുടെ, പ്രത്യേകിച്ച് അധസ്ഥിതരുടെ വിദ്യാഭ്യാസത്തിന് വളരെയേറെ സഹായിച്ചിട്ടുണ്ട്.

(2) ഗവൺമെൻറ്യു.പി. സ്ക്കൂൾ, കാവാലം.

കാവാലത്തെ ആദ്യ സ്ക്കൂളുകളിലൊന്നാണിത്. ഇതിൻെറ പേര് വി.എം. സ്ക്കൂൾ എന്നായിരുന്നു, മലയാളം സ്ക്കൂൾ എന്നും പറയുമായിരുന്നു. നടുവത്തുവള്ളിൽ ശ്രീ. കുഞ്ഞുപിള്ളയും വള്ളിക്കാട്ട് ശ്രീ. മത്തായിയും മുൻകൈയെടുത്താണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. കാവാലത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ വളരെ പ്രധാന പങ്കാണ്വഹിച്ചിട്ടുള്ളത്.ഈ സ്ക്കൂളിൽ 7-ാംക്ലാസ്സ് പാസ്സാകുന്നവർക്ക് അന്ന് മറ്റു സ്ക്കൂളുകളിലും സ്ഥാപനങ്ങളിലും ജോലി ലഭിച്ചിരുന്നു.

(3)ഗവൺമെൻറ്എൽ.പി. എസ്, വെളിയനാട് നോർത്ത്.

വെളിയനാട്ടുള്ള ശ്രീ. പള്ളിക്കീഴ്ശ്ശമം അയ്യർ സ്വാമി, ശ്രീ.മാർപ്പാടിഗോവിന്ദപ്പിള്ള, ശ്രീ.മാർപ്പാടി കൃഷ്ണപിള്ള, പള്ളിപ്പുറത്തുശ്ശേരി ശ്രീ. ഔസേപ്പ് മാപ്പിള മുതലായവരുടെ ശ്രമ ഫലമായിട്ടാണ് ഈ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. പുതുക്കുളങ്ങര ദേവസത്തിൽ നിന്നും ജൻമി തിരുമേനിയുടെ നിർദ്ദേശ പ്രകാരം തിരുമംഗലത്ത് കേശവപ്പണിക്കർ ഒരുചക്രംപ്രതിഫലമായിവാങ്ങി എഴുതിക്കൊടുത്ത സ്ഥലത്താണ് സ്ക്കൂൾ പ്രവർത്തിക്കുന്നത്. ആകെ മുപ്പത്തെട്ടര സെൻറ് സ്ഥലമുള്ളതിൽ പതിനെട്ടര സെൻറ് നിലമാണ്. കളിസ്ഥലമില്ല. യു.പി. വിഭാഗത്തിൽപ്പെട്ട അഞ്ചാം സ്റ്റാൻേറർഡും ഈ സ്ക്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ കുറവുമൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന ഒരുസ്ക്കൂളാണിത്.

(4) ഗവ എൽ. പി.ജി.എസ്. കാവാലം

ഈസ്ക്കൂൾസ്ഥാപിച്ചത്ചാലയിൽശ്രീ.ഇരവി രാമകൃഷ്ണപ്പണിക്കരാശാൻ ആയിരുന്നു. സ്ഥലവും കെട്ടിടവും നൽകിയത് ചാലയിൽ നിന്നുമായിരുന്നു. അതിനാൽ ചാലയിൽ പള്ളിക്കൂടം എന്നാണറിയപ്പെട്ടിരുന്നത്. തൊട്ടടുത്ത് വി.എം.സ്ക്കൂൾ അനുവദിച്ചതിനാൽ ഈ സ്ക്കൂളിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി പെൺ പള്ളിക്കൂടം എന്നപേരിലാണ് ആരംഭിച്ചത്. ഒരു ചക്രം (അന്നത്തെ തിരുവിതാംകൂറിലെ ഒരുനാണയം- ഇന്നത്തെ മൂന്നര പൈസക്കുതുല്യം.)പ്രതിഫലം പറ്റിക്കൊണ്ടാണ് ഈ സ്ക്കൂൾ സർക്കാരിനു വിട്ടുകൊടുത്തത്. ഇന്ന് ഒരേക്കർ ഗ്രൗണ്ടും ചുറ്റുമതിലും നല്ല ബിൽഡിംഗുമുള്ള ഒരു നല്ല സ്ക്കൂളാണിത്.

(5) ന്യൂ സെൻറ് തെരേസാസ്, കാവാലം

കാവാലം വി.എം.സ്ക്കൂളിൻെറ സ്ഥാപക നേതാക്കളിലൊരാളായ വള്ളിക്കാട്ട് ശ്രീ.മത്തായിയാണ്ഈസ്ക്കൂളിൻെറസ്ഥാപകൻ. ചാലയിലാശാൻഎൽ.പി.ജി.എസ്.ആരംഭിച്ചതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടതുകൊണ്ടാണ് ശ്രീ.മത്തായിഈസ്ക്കൂൾആരംഭിക്കാനിടയായത്. ആദ്യകാലത്ത് ഈ സ്ക്കൂളിൻെറ പേര് വള്ളിക്കാട്ട് സ്ക്കൂൾ എന്നായിരുന്നു, പിൽക്കാലത്തെ ചില സംഭവങ്ങൾ ഈ സ്ക്കൂളിൻെറ മാനേജുമെൻറ് കൊച്ചുപുരയ്ക്കൽ ശ്രീ. തൊമ്മൻചാക്കോയുടെ കൈകളിലെത്തിച്ചു, അദ്ദേഹമാണ്ഈ സ്ക്കൂളിന് ഇന്നത്തെപ്പേര്നൽകിയത്.ഇപ്പോൾഈസ്ക്കൂൾ ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലുള്ള കോർപ്പറേറ്റ്മാനേജുമെൻറിൻെറ വകയാണ്.

(6) സെൻറ് ജോസഫ്സ് എൽ.പി.എസ്. കരിയൂർമംഗലം

ഇപ്പോൾ പ്രവർത്തനം ഇല്ലെങ്കിലും ഒരു വ്യാഴവട്ടക്കാലം മുൻപു വരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു, കാവാലം എൽ.പി.ജി.എസും, വള്ളിക്കാട് എൽ.പി.എസ്സും പ്രവർത്തനം തുടങ്ങിയപ്പോൾ കാവാലം തെക്കും ഭാഗത്ത് ഒരു സ്ക്കൂൾ കൂടി ആവശ്യമായി വന്നു, പുന്നാടം പാക്കൽ ശ്രീ. മാത്തുള്ള, ലക്ഷ്മീപുരം നാഥൻ

പെരുമാം, കേളമംഗലത്തു നീലകണ്ഠപിള്ള എന്നിവരുടെ പ്രവർത്തന ഫലമായാണ് ഈ സ്ക്കൂൾ ആരംഭിച്ചത്. കാവാലത്ത് ഒരു സ്ക്കൂൾ കൂടി തുടങ്ങുവാൻ ഉണ്ടായിരുന്ന നിയമ തടസ്സം മറികടക്കുവാൻ, കാട്ടടി തോടിന് വടക്കുവശത്തുള്ളതും കിടങ്ങൂർ ദേവസ്വം വക മുപ്പത്തിയാറരക്കരകളിൽ കരയരയെന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ പ്രദേശത്തിന് കരിയൂർമംഗലംഎന്നപേരിട്ട്ഇവിടെഒരുസ്ക്കൂൾ സ്ഥാപിക്കുകയായിരുന്നു. കുട്ടികളുടെകുറവുമൂലം ഈ സ്ക്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കാവാലത്തെ അധസ്ഥിത വിഭാഗക്കാരുടെ വിദ്യാഭ്യാസത്തിന് ഈ സ്ക്കൂൾ വളരെയേറെ സഹായിച്ചിട്ടുണ്ട്.

(7) എൻ.എസ്.എസ്.എച്ച്.എസ്. കാവാലം

കാവാലത്തെ ആദ്യത്തെ ഹൈസ്ക്കൂളാണിത്. ചാലയിൽ കുടുംബത്തിൽ നിന്നും സൗജന്യമായി നൽകിയ സ്ഥലത്ത് എൻ.എസ്.എസ്. ആണ് സ്ക്കൂൾ ആരംഭിച്ചത്. ആദ്യം മിഡിൽ സ്ക്കൂളായിട്ടാണ് ആരംഭിച്ചത്. ഇപ്പോൾ ഏറ്റവും നല്ല കളിസ്ഥലവും ഓഡിറ്റോറിയവുമുള്ള നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ക്കൂളാണ്. ഇതിന്റെ പ്രഥമ ഹെഡ് മാസ്റ്റർ ശ്രീ. റ്റി.കെ. പരമേശ്വരൻ പിള്ളയും ആദ്യകാലത്തെ മലയാളം അദ്ധ്യാപകനായ ശ്രീ. പി.ആർ. പരമേശ്വരൻ പിള്ളയും ഈ സ്ക്കൂളിന്റെ വളർച്ചയിൽ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. കാവാലം നാരായണ പണിക്കർ, അയ്യപ്പ പണിക്കർ, വെളിയനാട്ട് ഗോപാലകൃഷ്ണൻ എന്നിവർ ഈ സ്ക്കൂളിൽ പഠിച്ചിരുന്നവരാണ്.

(8) എൽ.എഫ്.എച്ച്.എസ്. കുന്നുമ്മ

കാവാലം പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതും, ഏറ്റവും ഉയർന്ന വിജയശതമാനവുമുള്ള സ്ക്കൂളാണിത്.ഇതിനോടനുബന്ധിച്ച് എൽ.പി.എസും, യു.പി.എസും ഉണ്ട്. ഹൈസ് ക്കൂളായിട്ട് ഏതാനും വർഷങ്ങളേ ആയിട്ടുള്ളു. ഇവിടെ ഒരു നഴ്സറി സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലുള്ള കോർപ്പറേറ്റ് മാനേജുമെൻറിന്റെഭരണത്തിലുള്ള സ്ക്കൂളാണിത്.

(9) ഗവ. റ്റി.എച്ച്.എസ്.. കാവാലം

കാവാലത്തെ ഏക ടെക്നിക്കൽ സ്ക്കൂളാണിത്. സംസ്ഥാനത്തെ ഏറ്റവും ഉയർന്ന വിജയ ശതമാനമുള്ള സ്ക്കൂളാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. ഇപ്പോൾ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. ഈ സ്ക്കൂളിനാവശ്യമായ സ്ഥലം ഇപ്പോൾ സ്ക്കൂൾ പ്രവർത്തിക്കുന്ന8-ാംവാർഡിൽത്തന്നെലഭ്യമാണ്. ആസ്ഥലം പൊന്നുംവിലക്കെടുത്ത് സ്വന്തമായി കെട്ടിടം പണികഴിപ്പിക്കേണ്ടത് ആവശ്യമാണ്. നിലവിലുള്ളബോട്ടുസർവ്വീസുകളുടെസമയംഈ സ്ക്കൂളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രയോജനപ്പെടുംവിധംക്രമീകരിക്കേണ്ടതാണ്.ഈ സ്ക്കൂൾ സ്ഥാപിച്ചത് 1985 വർഷത്തിലാണ്. ആവശ്യമായ പഠനോപകരണങ്ങളുടെ കുറവ് പരിഹരിക്കേണ്ടതാണ്.വിദ്യാഭ്യാസസൗകര്യങ്ങൾ വളരെ കുറവായ കുട്ടനാടൻ പ്രദേശത്ത് ഇത് പോളിടെക്നിക് ആയി അപ് ഗ്രേഡ് ചെയ്യേണ്ടതാണ്. ഇത് തുടങ്ങിയ ആദ്യത്തെ 5 വർഷം തുടർച്ചയായി 100ശതമാനം വിജയം ഉണ്ടായിരുന്നതാണ്. ഈ സ്ക്കൂൾ കാവാലം പഞ്ചായത്തിൽ നിന്നുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

പട്ടിക 1- വിദ്യാർത്ഥികൾ; അദ്ധ്യാപകർ

നമ്പർ	സ്ക്കൂൾ	മാനേജ്മെന്റ്	ആൺ	പെൺ	ആകെ	ആകെ അദ്ധ്യാപകർ
1.	ഗവ. എൽ.പി.എസ്., കാവാലം	Govt.	54	59	113	4
2.	സി.എം.എസ്.എൽ.പി.എസ്., കാവാലം	Aided	45	44	89	3
3.	ന്യൂ സെൻറ് തെരേസാസ്, കാവാലം	Aided	84	91	175	5
4.	ഗവ. എൽ.പി.എസ്., വെളിയനാട്	Govt.	43	36	79	5
5.	ഗവ. യു.പി.എസ്., കാവാലം	Govt.	160	110	270	13
6.	എൻ.എസ്.എസ്. എച്ച്.എസ്. കാവാലം	Aided	369	370	739	35
7.	ടെക്നിക്കൽ എച്ച്.എസ്., കാവാലം	Govt.	69	1	70	21
8.	എൽ.എഫ്. എച്ച്.എസ്., കാവാലം	Aided	459	441	900	29

പട്ടിക 2
പാരലൽ കോളേജുകൾ, വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളുകൾ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാഭ്യാസസ്ഥാപനത്തിന്റെ പേര്	മാനേജുമെൻറ്	വിദ്യാർത്ഥികൾ	അദ്ധ്യാപകർ
ജയ് കോളേജ് , കാവാലം	സ്വകാര്യം	150	8
ഫിനിക്സ് കോളേജ്, കാവാലം	സ്വകാര്യം	100	8

പട്ടിക 3
വാർഡുതലത്തിൽ സ്ക്കൂളുകളുടെ എണ്ണം

വാർഡ്	1	2	3	4	5	6	7	8
എൽ.പി.		1	1		1			1
യു. പി.						1		
എച്ച്. എസ്സ്.		1		1				1

പട്ടിക 4
പട്ടിക ജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് - പഞ്ചായത്ത് തലത്തിൽ

എൽ.പി.			യു. പി.			എച്ച്. എസ്		
ആകെ	എസ്സി-എസ്റ്റി	ശതമാനം	ആകെ	എസ്സി-എസ്റ്റി	ശതമാനം	ആകെ	എസ്സി-എസ്റ്റി	ശതമാനം
777	39	5.01%	611	35	5.7%	1047	90	8.5%

പട്ടിക 5
കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

സ്ക്കൂൾ	91-92	92-93	93-94	94-95	95-96
എൽ.എഫ്. എച്ച്.എസ , കാവാലം	80%	73%	69.3%	56%	62.5%
റ്റി.എച്ച്.എസ , കാവാലം	100%	96%	76 %	50%	59%
എൻ.എസ്. എസ്. എച്ച്.എസ, കാവാലം	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല

സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ, മതിയാകും,ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
		ഡസ്ക്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
19	20	21	22	23	24	25
ഉണ്ട്	ഇല്ല	10	10	4	5	സ്റ്റീൽ അലമാര
ഇല്ല	ഇല്ല	ഇല്ല	3	1	3	
ഇല്ല	മതിയാകില്ല	ഇല്ല	ആവശ്യത്തിനുണ്ട്	ഉണ്ട്	ഉണ്ട്	എല്ലാം ഇല്ല
ഇല്ല	ഇല്ല				2	അലമാര - 1 ഷെൽഫ് - 1
ഉണ്ട്	ഫർണിച്ചർ ഇല്ല	40	40	5	10	അലമാര - 3
രിമിതമായി	ഇല്ല	10	10	10	10	സ്റ്റീൽ അലമാര - 3
ഇല്ല	ഇല്ല	10	10	5	5	അലമാര – 2
ഉണ്ട്						

പട്ടിക 8

ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ

കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനിയും ആവശ്യമുള്ള മുറികളുടെ എണ്ണം	ഇനിയും ആവശ്യമുള്ള കെട്ടിടങ്ങളുടെ എണ്ണം	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയംഎത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ, പൈപ്പ്	വൈദ്യുതീകരണം ഉണ്ട്, ഇല്ല	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ, മതിയാകും,ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
	അസ്ഥിരം	താൽക്കാലികം	സ്ഥിരം	അസ്ഥിരം	താൽക്കാലികം													ഡസ്ക്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
		1	3		2	ഇപ്പോൾ ആവശ്യമില്ല	വേണ്ട	1	6	1	1	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	10	10	4	5	സ്റ്റീൽ അലമാര
			2	2		1	ഉണ്ട്	1	1	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	1	3	
	ഇല്ല		7	ഇല്ല		ഇല്ല	ഉണ്ട്	1	10		1		ഉണ്ട് ഭാഗീകം	ഉണ്ട്	ഉണ്ട്	ഇല്ല	മതിയാകില്ല	ഇല്ല	ആവശ്യത്തിനുണ്ട്	ഉണ്ട്	ഉണ്ട്	എല്ലാം ഇല്ല
			1	ഇല്ല	5	ഇല്ല	ഇല്ല	2	6	2	ഇല്ല	2	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല				2	അലമാര - 1 ഷെൽഫ്- 1
	4	ഇല്ല	19			ഇല്ല	ഉണ്ട്	2	20	1	3	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഫർണിച്ചർ ഇല്ല	40	40	5	10	അലമാര - 3
		3			13 വാടക കെട്ടിടം	5	ഇല്ല	ഇല്ല		3	1	1	ഇല്ല	ഉണ്ട്	ഇല്ല	പരിമിതമായി	ഇല്ല	10	10	10	10	സ്റ്റീൽ അലമാര - 3
			9			5	ഉണ്ട്	1	10	1	ഇല്ല		ഉണ്ട് കിണർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	10	10	5	5	അലമാര - 2
		3	23		3		ഭൂമിയുണ്ട്	2			3		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്						

പട്ടിക 7- അക്കാഡമിക് സൗകര്യങ്ങൾ

	സ്ക്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	ലബോറട്ടറി / സയൻസ് കോർണർ ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു / പവർത്തിക്കുന്നില്ല	പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട്/ ഇല്ല	റേഡിയോ	ടേപ്പ്റെക്കോർഡ്	ബ്ലാക്ക് ബോർഡ്		മാതൃസംഗമം സജീവം/ സജീവമല്ല	ക്ലാസ് റും പിറ്റിഎ കൾ പ്രവർത്തിക്കുന്നു / ഇല്ല
							ആവശ്യ മുള്ളത്	നിലവി ലുള്ളത		
1.	ഗവ. എൽ.പി.ജി. എസ്. കാവാലം	ഉണ്ട് പ്രവർത്തിക്കുന്നു	സയൻസ് കോർണർഉണ്ട്. പ്രവർത്തിക്കുന്നു	വേണ്ടത്ര ഇല്ല	ഉണ്ട്	ഉണ്ട്	4	4 ഉപയോഗ ശൂന്യം	സജീവം	പിറ്റിഎ പ്രവർത്തിക്കുന്നു
2.	സി.എം.എസ് . എൽ.പി. എസ്. കുന്നുമ്മ	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	1	3	സജീവം	പ്രവർത്തിക്കുന്നു
3.	ന്യൂ സെൻറ് തേരേസാസ് എൽ.പി.എസ്, കാവാലം	പുസ്തകങ്ങൾ ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്		ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സാധനങ്ങൾ	സജീവം	ഉണ്ട്
4.	ഗവ. എൽ.പി.എസ്, നോർത്ത് വെളിയനാട്	ഉണ്ട് പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഉണ്ട് കേടായത്	ഉണ്ട് കേടായത്		5	സജീവം	പ്രവർത്തിക്കുന്നു
5.	എൻ.എസ്.എസ് എച്ച്.എസ്, കാവാലം	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഉണ്ട്	ഇല്ല	ഇല്ല	19	19	സജീവം	പ്രവർത്തിക്കുന്നു
6.	എൽ.എഫ്. എച്ച്.എസ്, കാവാലം	ഉണ്ട് പ്രവർത്തിക്കുന്നു				ഉണ്ട്				
7.	റ്റി. എച്ച്.എസ്, കാവാലം	ഉണ്ട്	ലബോറട്ടറി ഉണ്ട്	ഉണ്ട			7	7	സജീവമല്ല	പ്രവർത്തിക്കുന്നു
8.	ഗവ. യു.പി.എസ്, കാവാലം	പുസ്തകങ്ങൾ ഉണ്ട്	പ്രത്യേക മുറിയില്ല	വേണ്ടത്ര ഇല്ല			2	വാൾ ബോർഡ്	സജീവമല്ല	പ്രവർത്തിക്കുന്നു

ടി.വി. വിസിആർ., സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർ ഹെഡ് പ്രൊജക്ടർ, കമ്പ്യൂട്ടർ ഇവ ഇല്ല.

(10) നഴ്സറി സ്ക്കൂളുകൾ

കാവാലത്ത് ആവശ്യത്തിനുള്ള നഴ്സറി സ്ക്കൂളുകളില്ല. ഉള്ളവ ചില ആരാധനാലയങ്ങളോടും സ്ക്കൂളുകളോടും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവയാണ്. നാലാം വാർഡിൽ കപ്പൂച്ചിൻ ആശ്രമത്തോടനു ബന്ധിച്ച് ഒരു നഴ്സറിസ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടാം വാർഡിൽ L.F.H.Sനോടനുബന്ധിച്ചും എട്ടാം വാർഡിൽലിസ്സുപള്ളിയോടനുബന്ധിച്ചുംഓരോ നഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വാർഡിൽ'ക്രിർഡപ്പിനെർ'കീഴിൽമറ്റൊരുനഴ്സറി സ്ക്കൂളുംപ്രവർത്തിക്കുന്നുണ്ട്.അഞ്ചാംവാർഡിൽ മഹിളാസമാജത്തിന്റെ മേൽനോട്ടത്തിൽ ഒരു ബാലവാടി പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും നിലത്തെഴുത്താശാൻമാർ നടത്തുന്നനിലത്തെഴുത്തുകളരികളുണ്ട്.എന്നാൽ ഇവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണം വളരെ പരിമിതമാണ്. അഞ്ചു വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികൾക്കും നഴ്സറി സ്ക്കൂളുകൾ ഇനിയും സ്ഥാപിക്കേണ്ടതാണ്.

പട്ടിക 6

ശിശുവിദ്യാഭ്യാസം

വാർഡ്	1	2	3	4	5	6	7	8
എണ്ണം	2	2	3	3	2	2	1	2

വായനശാലകൾ, ഗ്രന്ഥശാലകൾ

(1) ദേശീയ വായനശാല, കാവാലം:

കാവാലത്തെ ഗാന്ധിയനായ തറയിൽ പി. നാരായണ പണിക്കർ, വെട്ടുവേലിൽ ശ്രീ. കുഞ്ഞുണ്ണിപണിക്കർ,പയ്യംപള്ളിൽശ്രീ.ഗോപാല പണിക്കർതുടങ്ങിയവരുടെപ്രവർത്തനഫലമായി 1921-ൽ സ്ഥാപിതമായി. ഗ്രന്ഥശാലാ സംഘത്തിൽ 3-ാം നമ്പരുമായി രജിസ്റ്റർ

(2) പബ്ലിക്ലൈബ്രറി വെളിയനാട്:

നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു ഗ്രന്ഥശാലയായിരുന്നു. കുറെനാളായി പ്രവർത്തനമില്ലാതിരിക്കുക ആയിരുന്നു. ഇപ്പോൾ എ.കെ.ജി. സ്മാരക ക്ലബ്ബിന്റെ മേൽനോട്ടത്തിൽ പള്ളിക്കൂടം ജെട്ടിക്കു സമീപത്ത് പഞ്ചായത്തുവക സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. പുസ്തക വിതരണം നടത്തുക, പത്ര മാസികകൾ വരുത്തുക തുടങ്ങിയവ മുടങ്ങിക്കിടക്കുകയാണ്.

ചെയ്തിട്ടുള്ള വായന ശാലയാണിത്. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്

(3) പെരുമാർ മെമ്മോറിയൽ ലൈബ്രറി ആൻറ് റീഡിംഗ് റൂം - കരിയൂർമംഗലം റജി. നമ്പർ: 3891.

കരിയൂർമംഗലത്ത് പെരുമ്പാറ ജെട്ടിക്കുസമീപം പ്രവർത്തിക്കുന്നു.സ്വന്തമായിസ്ഥലവുംകെട്ടിടവും ഉണ്ട്. 4000 പുസ്തകങ്ങളുണ്ട്. രണ്ടുദിനപ്പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളുമുണ്ട്. കാവാലം പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ''സി'' ഗ്രേഡ് ലൈബ്ര റിയാണ്. അഞ്ചാം വാർഡിന്റെ സാംസ്കാരിക പുരോഗതിയ്ക്ക് ഈ ലൈബ്രറി വളരെ സഹായിക്കുന്നുണ്ട്. മഹിളാ സമാജം, കലാ, സാംസ്കാരിക സംഘടന എന്നിവ പ്രവർത്തി ക്കുന്നുണ്ട്.

(4) കാവാലം വൈ.എം.എ:

എട്ടാം വാർഡിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് പ്രവർത്തന രഹിതമാണ്.

(5) യുവഭാവന, കുന്നുമ്മ:

രണ്ടാം വാർഡിൽ പഞ്ചായത്തു സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. നല്ല ഒരു ഗ്രന്ഥശാലയില്ല.

(6) ജയ കേരള ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കാവാലം:

കാവാലം നാലാം വാർഡിൽ നാരായണക്കല്ലു ജെട്ടിക്കു സമീപം പഞ്ചായത്തു സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. പത്രമാസികകം വരുത്തുന്നുണ്ടെങ്കിലും ഒരു ഗ്രന്ഥശാലയില്ല.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും

ഭാവിയിൽ ഗ്രന്ഥശാല സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങം നടക്കുന്നുണ്ട്.

പ്രശ്നങ്ങം

(1)അടുത്തുള്ള സ്ക്കൂളുകളിൽ കുട്ടികളെ ചേർക്കാതെ അകലെയുള്ള അൺ എയ്ഡഡ് സ്ക്കൂളുകളിലും ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിലും കുട്ടികളെ ചേർത്തു പഠിപ്പിക്കുവാനുള്ള പ്രവണത ഇന്നു കാണപ്പെടുന്നു. തങ്ങളുടെ കുട്ടികം പാശ്ചാത്യ വേഷം ധരിച്ച് ഇംഗ്ലീഷു പഠിക്കാൻ വേണ്ടി വാഹനങ്ങളിൽ കയറ്റി അകലെയുള്ള സ്ക്കൂളുകളിലേക്കു പോകുന്നത് അന്തസ്സിന്റെ പ്രശ്നമായിട്ടാണ് പൊതുവെ കാണുന്നത്. ഇതുമൂലംനിലവിലുള്ളസ്ക്കൂളുകം അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്.

(2) സർക്കാർ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെരക്ഷാകർത്താക്കളിൽ ഭൂരിപക്ഷവും പി.റ്റി.എ. പ്രവർത്തനങ്ങളിൽ സഹകരിക്കാൻ വിമുഖരാണ്. ഇത് കുട്ടികളുടെ നിലവാര ത്തകർച്ചക്കുകാരണമാകുന്നു.

(3) സ്ക്കൂളുകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന ഒഴിവുകം യഥാസമയം നികത്തുവാൻ അ ധികാരികം തയ്യാറാകുന്നില്ല. തൻനിമിത്തം പല സ്ക്കൂളുകളിലും കുട്ടികളെ പഠിപ്പിക്കുവാൻ അ ദ്ധ്യാപകരില്ലാത്തഅവസ്ഥയുണ്ട്.ഇത്കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

(4) പ്രീ. പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇന്നില്ല. നാമമാത്രമായിട്ടുള്ള നഴ്സറി സ്ക്കൂളുകളിൽ കുട്ടികളുടെ ധാരണാ ശക്തി ക്കനുസൃതമായുള്ള ശാസ്ത്ര ീയാടിത്തറയില്ലാത്ത ശിക്ഷണമാണുഇന്ന് നൽകുന്നത്.

(5) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഇന്നില്ല. അ തുമൂലം അകലെയുള്ള പട്ടണങ്ങളിൽപ്പോയി പഠിക്കേണ്ടി വരുന്നതിൽ വളരെയേറെ സമയവും പണവും നഷ്ടപ്പെടുന്നു.

(6) ദൃശ്യ-ശ്രവണ മാദ്ധ്യമങ്ങളുടെ അതിപ്രസരം മൂലം സ്ക്കൂം വിദ്യാഭ്യാസം കുട്ടികളെ സംബന്ധി ച്ചിടത്തോളം വിരസമാണ് . തൻനിമിത്തം കുട്ടികംക്ക് വിദ്യാലയത്തോടും വിദ്യാഭ്യാസ ത്തോടും താല്പര്യം കുറയുന്നു.

പരിഹാരങ്ങം

(1) പ്രാഥമിക വിദ്യാഭ്യാസം മലയാളത്തിൽ

മാത്രമാക്കുകയും, കുട്ടികളെ പ്രൈവറ്റായി പരീക്ഷയെഴുതുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തുകയും ചെയ്യണം. ആരോഗ്യപരമായ കാരണങ്ങളാൽ സ്ക്കൂളിൽ ചേർന്നു പഠിക്കാൻ കഴിയാത്ത കുട്ടികളെ മാത്രമേ പ്രൈവറ്റായി പരീക്ഷ എയെഴുതാൻ അനുവദിക്കാവു. പ്രൈവറ്റായി പരീക്ഷയെഴുതുന്ന കുട്ടികളം തങ്ങളുടെ വീടിന്റെ തൊട്ടടുത്തുള്ള സ്ക്കൂളിൽത്തന്നെ പരീക്ഷ എഴുതുവാനാവശ്യമായ നിയമ നിർമ്മാണം നടത്തണം. രക്ഷ കർത്താക്കളെ ബോധവൽക്കരിക്കുന്നതിനായി സെമിനാറുകളം നടത്തണം.

(2) പഞ്ചായത്തു തലത്തിൽ പ്രൊഫഷനൽ യോഗ്യതയുള്ളവരുടെ ലിസ്റ്റു തയ്യാറാക്കുകയും അദ്ധ്യാപകരുടെ കുറവുള്ളിടങ്ങളിലേക്കു ഇങ്ങിനെയുണ്ടാക്കുന്ന ലിസ്റ്റിൽ നിന്നും കോൺട്രാക്റ്റടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

(3) എല്ലാ വാർഡിലും രണ്ടു അംഗൻവാടികളം വീതം സ്ഥാപിക്കുകയും നാലാം വാർഡിലെ സെൻറ് തോമസ് നഴ്സറി അംഗൻവാടിയായി ഉയർത്തുകയും വേണം.

(4) അദ്ധ്യാപന രംഗത്ത് സ്ക്കൂളുകളം തമ്മിലുള്ള സഹകരണം ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരുടെ ഒരു സമിതി ഉണ്ടാക്കുകയും, കാലാകാലങ്ങളിൽ ഈ സമിതി കൂടി അദ്ധ്യാപന രംഗത്ത് തങ്ങളംക്കുണ്ടാകുന്ന പ്രശ്നങ്ങളം ചർച്ച ചെയ്തു പരിഹാരം കണ്ടെത്തുകയും വേണം.

(5) സ്ക്കൂളം പി.റ്റി.എ. യുടെ പ്രവർത്തനം കുറ്റമറ്റതാക്കുകയും, എല്ലാ സ്ക്കൂളുകളിലും എൻ.സി.സി.യും, സ്ക്കൗട്ടും, എൻ.എസ്.എസും നിർബന്ധിതമാക്കുകയും വേണം.

(6)നിലവിലുള്ളഎല്ലാഹൈസ്ക്കൂളുകളിലുംപ്ലസ് ടുആരംഭിക്കണം.

(7) ഐ.റ്റി.ഐ., കമ്പ്യൂട്ടർ സെൻറർ, ടൈപ്പ് റൈറ്റിംഗ് സെൻറർ, തയ്യൽ പരിശീലന കേന്ദ്രം എന്നിവ പഞ്ചായത്തിന്റെറ ചുമതലയിൽ ആരംഭിക്കണം.

(8) സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളം മെച്ചപ്പെടുത്തണം. പഠനോപകരണങ്ങളം, സ്പോർട്സ്ഉപകരണങ്ങളം എന്നിവ വിതരണം ചെയ്യണം. (പട്ടിക 8 നോക്കുക-അന്യത്ര ചേർത്തിരിക്കുന്നു.)

(9) കുട്ടികളുടെ കായിക വിനോദത്തിനായി കാനോയിംഗ്, നീന്തൽ എന്നിവ പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.

(10) സ്ക്കൂളം സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കണം.

(11) സമർത്ഥരായ വിദ്യാർത്ഥികളുടെ പ്രോത്സാഹനാർത്ഥം പ്രൈമറി, യു.പി., ഹൈസ്ക്കൂളം എന്നീ തലങ്ങളിൽ സ്ക്കോളർഷിപ്പ് ഏർപ്പെടുത്തണം.

(12) കുട്ടികളുടെയാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി വടക്കൻ വെളിയനാട്, സി. എം. എസ്. ജെട്ടിഎന്നിവിടങ്ങളിൽകടത്ത്ഏർപ്പെടുത്തണം.

(13) തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരെ സഹായിക്കാൻ ഗൈഡൻസ് ബ്യൂറോകളം സ്ഥാപിക്കണം.

(14) സ്ക്കൂളിലെ പ്രശ്നങ്ങളം പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു പരാതിപ്പെട്ടി സ്ഥാപിക്കണം.രക്ഷകർത്താക്കൾക്ക്തങ്ങളുടെ കുട്ടികളം നേരിടുന്ന പ്രശ്നങ്ങളം രഹസ്യമായി അധികാരികളെഅറിയിക്കുവാൻഇതുസഹായിക്കും.

(15) പഞ്ചയത്തുതലത്തിൽ ഒരു സ്ക്കൂളം ഉപദേശക സമിതി രൂപവൽക്കരിക്കണം.

<u>ഘടന</u>

പഞ്ചായത്ത് കമ്മറ്റി + സ്ക്കൂളം ഹെഡ്മാസ്റ്റർമാർ + സ്ക്കൂളം പി.റ്റി.എ. പ്രസിഡൻറുമാർ + നാട്ടിലെ വിദ്യാഭ്യാസ വിദഗ്ധൻമാർ.

★ ഊർജ്ജം ★

നാം നമ്മുടെ ഊർജ്ജാവശ്യങ്ങൾക്കായി ആശ്രയിക്കുന്നത് സൂര്യപ്രകാശം, വിറക്, വൈദ്യുതി, മണ്ണെണ്ണ, പാചകഗ്യാസുകൾ മുതലായവയെ ആണ്. സൂര്യപ്രകാശത്തിനൊഴികെ എല്ലാത്തിനും നാം വിലകൊടുക്കേണ്ടിവരുന്നു.

പാചകത്തിനു് വിറകിനെയും പ്രകാശത്തിനും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നിനും വൈദ്യുതിയേയും ആശ്രയിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ 3215 കുടുംബങ്ങളിൽ പാചകത്തിനായി മണ്ണെണ്ണ സ്റ്റൗ 82, പാചക ഗ്യാസ് 54, ഭക്ഷ്യത കുടിയ വിറകടുപ്പ് 14, ഇവരെ ഒഴിച്ചു നിർത്തിയാൽ 3065 കുടുംബങ്ങളിൽ ഭക്ഷ്യത കുറഞ്ഞ വിറകടുപ്പുകളാണ് എന്നു കാണാം. ഇത്തരം അടുപ്പുകളിൽ ഉപയോഗിക്കുന്നതിന്റെ $\frac{1}{3}$ വിറക് മതി ഭക്ഷ്യതയേറിയ പുകയില്ലാത്ത അടുപ്പുകളിൽ ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ.

3000 കുടുംബങ്ങളിൽ 1 ദിവസം ശരാശരി 3 കിലോ വിറക് എന്നാകുണമെങ്കിൽ

$3000 \times 3 = 9000$ Kg.

1 കിലോ വിറകിനു് 2 രൂപാ പ്രകാരം

$9000 \times 2 = 18000$ രൂപ

30 ദിവസത്തേയ്ക്ക് $18000 \times 30 = 540000$ രൂപ

മുഴുവൻ വീടുകളിലും ഭക്ഷ്യത കുടിയ അടുപ്പ് പ്രവർത്തിപ്പിച്ചാൽ ഇന്ധനച്ചിലവിന്റെ

$\frac{2}{3}$ ലാഭിക്കാം $= 540000 \times \frac{2}{3} = 360000$ രൂപ

ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം

ലാഭം $= 360000 \times 12 = 4,32,0000$ രൂപ

നമ്മുടെ ഗ്രാമസഭകളിൽനിന്നും ഭക്ഷ്യതകുടിയ അടുപ്പുകൾ നിർമ്മിയ്ക്കണം എന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഒരു അടുപ്പ് ഫിറ്റുചെയ്യുന്നതിനു് ആകെ 500 രൂപയാണ് ചിലവ്. അതിൽ 280 രൂപ സർക്കാർ സ്ഥാപനമായ അനർട്ട് നൽകുന്നുണ്ട്. അതോടൊപ്പം ആരോഗ്യരംഗത്തു് ഇവിടെ കൂടുതലായി കണ്ടുവരുന്ന അനീമിയ (വിളർച്ച) എന്ന രോഗത്തിന്റെ ഒരു കാരണം പുക ശ്വസിക്കുന്നതു കൊണ്ടുമാണ്. പുകയില്ലാത്ത അടുപ്പുകളിലൂടെ പഞ്ചായത്തിന്റെ ആരോഗ്യരംഗത്തു് ജനങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കും ഒരു സ്ഥായിയായ മാറ്റം മുണ്ടാക്കാൻ കഴിയും.

വൈദ്യുതി

നമുക്കു് വൈദ്യുതി ലഭിയ്ക്കുന്നതു് 66 K. V. സബ്സ്റ്റേഷൻ കുട്ടനാടു്, പള്ളം പൂവൻതുരുത്തു് സബ്സ്റ്റേഷനിൽനിന്നുമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോമറുകൾ

പട്ടിക

ട്രാൻസ്ഫോർമർ ഇരിക്കുന്ന സ്ഥലത്തിന്റെ പേർ

		സ്ഥാപിതശേഷി K. V. A.
1.	കണ്ണൻകുടുക്ക	150 K. V. A.
2.	കാവാലം സൗത്തു്	100 ,,
3.	മംഗലം കായൽ സൗത്തു് (800 ന്റെ തറ)	63 ,,
4.	മംഗലം കായൽ സൗത്തു് (പെട്ടത്തറ)	100 ,,
5.	മംഗലം കായൽ വെസ്റ്റ്	100 ,,
6.	മംഗലം കായൽ നോർത്തു്	63 ,,
7.	മംഗലം നോർത്തു്	100 ,,
8.	മംഗലം ഈസ്റ്റ്	50 ,,
9.	രാജപുരം വെസ്റ്റ് (1500 ൽ തറ)	63 ,,
10.	രാമരാജപുരം വെസ്റ്റു് (ചാലേച്ചിറ)	63 ,,
11.	രാജപുരം വെസ്റ്റ്	50 ,,
12.	രാജരാമപുരം നോർത്തു് (സ്വാമിച്ചിറ)	63 ,,
13.	രാജരാമപുരം നോർത്തു്	63 ,,
14.	രാജരാമപുരം, ചെറുകര കായൽ നോർത്തു്	63 ,,
15.	രാജരാമപുരം കൈനടിക്കായൽ സൗത്തു്	50 ,,
16.	രാജപുരം സൗത്തു് (മുട്ടംപുറം)	100 ,,
17.	പനയ്ക്കൽ പാടം	100 ,,
18.	കൊമ്പുപുരയ്ക്കൽ	63 ,,
19.	കോതകരിത്തറ	100 ,,
20.	കോയിമ്പിണ്ടംകരി	63 ,,
21.	പത്തിൽമുട്ടു്	160 ,,
22.	കോഴിമ്പാൻ തെക്കു്	100 ,,

23.	മണിയങ്കരി ഈസ്റ്റ്	100 K.V.A.
24.	മണിയങ്കരി വെസ്റ്റ്	100 ,,
25.	ഇടമ്പാടി	63 ,,
26	തട്ടാശ്ശേരി ഈസ്റ്റ്	100 ,,
27.	ഗവ. L P. S. കാവാലം	100 ,,

(പ്രവർത്തിക്കാൻ തുടങ്ങിയില്ല)

K. S E B. ഓഫീസ് രേഖ

പമ്പിങ്ങ് ഫോർമർ ഉൾപ്പെടെ.

ആകെയുള്ള വൈദ്യുത ലൈനുകൾ

H. T. — 38 Km.

L. T. — 114 Km.

തെരുവുവിളക്കുകൾ

40 W. – 210 എണ്ണം

ട്യൂബ് സെറ്റ് - 20 (40 W x 2)

തെരുവിളക്കിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക – 2435 രൂ.

നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	–	2420
വ്യാപാരം	–	210
വ്യവസായം	–	40
കാർഷികം	–	57

പ്രശ്നങ്ങൾ ഗ്രാമസഭയിൽനിന്ന്

1 സന്ധ്യാ സമയങ്ങളിൽ വോൾട്ടേജ് വളരെ താഴുന്നു,

2 പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ വൈദ്യുത തടസം

3 മഴക്കാലങ്ങളിൽ തുടരെത്തുടരെയുള്ള വൈദ്യുത തടസം.

4 കാർഷിക മേഖലയിൽ പമ്പിംഗ് സമയത്ത് പലപ്പോഴും വൈദ്യുതി മുടങ്ങുന്നു.

5 തെരുവിളക്കുകൾ പലതും പ്രകാശിക്കുന്നില്ല.

6 അപേക്ഷ സമർപ്പിച്ചിട്ടും പഞ്ചായത്തിൽ 10 ഓളം കുടുംബങ്ങളിൽ ഇനിയും വൈദ്യുതി കിട്ടാനുണ്ട്.

7 വൈദ്യുത മോഷണവും വൈദ്യുതി ഉപയോഗിച്ചുള്ള മീൻപിടുത്തവും.

8 വൈദ്യുതലാഭമുള്ള കോംപാക്റ്റ് ഫ്ളൂറസെന്റ് വിളക്ക്, ഇലക്ട്രോണിക്സ് ചോക്ക് മുതലായവയ്ക്ക് വളരെ ചിലവ് കൂടുതലാണ്.

9 പാചകത്തിനുള്ള മണ്ണെണ്ണ വിഹിതപ്പുകയ്ക്ക് ദക്ഷത വളരെ കുറവാണ്.

ഈ പ്രദേശത്തെ വൈദ്യുതക്ഷാമം പരിഹരിക്കുന്നതിന് K. S. E. B. അധികൃതരുടെ നിർദ്ദേശങ്ങൾ

1. 110/60 K. V. സബ്സ്റ്റേഷൻ കൃഷ്ണപുരത്തു സ്ഥാപിക്കുക.
2. മാവേലി റോഡ്സൈഡിൽനിന്നും മാടാംപാക്ക വരെ 1.2 K.M. 11 K V ലൈൻ വലിച്ച് കാവാലം ഭാഗത്തേയ്ക്ക് പോകുന്ന ഫീഡർ ലഭ്യമാക്കുക.
3. മണിമലശ്ശേരി 11 k v ലൈനിൽനിന്നും 2 k m 11 K V ലൈൻ കാവാലം ചെറുകര റോഡിൽ കൂടി വലിച്ച് ചെറുകര S. N. D. P. ട്രാൻസ്ഫോർമറുമായി കൂട്ടി യോജിപ്പിക്കുക.
4. കൃഷ്ണപുരം 11 k v ലൈനിൽനിന്നും 1.2 k m 11 k v ലൈൻ വലിച്ച് (പുതിയ റോഡുവഴി) ഗവ. L. P G. S. ലെ ട്രാൻസ്ഫോർമർ സ്റ്റേഷനുമായി ബന്ധിപ്പിക്കുക.
5. കരിയിൽപാടം ട്രാൻസ്ഫോർമറിൽനിന്നും 1.5 k m 11 k v ലൈൻ കിഴക്കോട്ട് വലിച്ച് ശ്രീമൂലം കായലിലെ വടക്കെ ബണ്ടിലെ 11 k v ലൈനിലേയ്ക്ക് കേന്ദ്രീകരിക്കുക
6. വോൾട്ടേജ് ക്ഷാമമുള്ള സ്ഥലത്തെ സിംഗിൾ ഫെയിസ് ലൈനുകൾ 3 ഫെയിസ് ലൈനുകൾ ആക്കുക. 3-ാം വാർഡിലെ ഇടയാടി ഫോർമറിൽനിന്നും വരുന്ന ലൈൻ മണിയങ്കരി ഫോർമർ ലൈനിലെ വോൾട്ടേജ് കുറവുള്ള ഭാഗവുമായി ബന്ധിപ്പിക്കുക.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പുതിയതായി സ്ഥാപിക്കേണ്ട

ഫോർമറുകൾ	കപ്പാസിറ്റി
കന്നമ്മ L. M. S. സ്കൂളിനു സമീപം	100 K V A
ലിസിയോപ്പള്ളിയ്ക്കു സമീപം	100 K V A
മണിമലശ്ശേരി ജംഗ്ഷനു സമീപം (കിഴക്കുംപുറം ഫോർമറിൽനിന്നും 11 K V ലൈൻ വലിച്ച് വെളിയനാട് സ്കൂളിനു സമീപം)	100 K V A
	100 K V A

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ലൈൻ ടച്ചിംങ്ങുകൾ K S E B യുമായി സഹകരിച്ച് ചെയ്യുക.
2. വൈദ്യുതി ദുർവ്യയം തടയുക, കേടായ മീറ്ററുകൾ മാറ്റിവയ്ക്കുക.
3. ഊർജ്ജം കൂടുതലായി ഉപയോഗിക്കുന്ന ഹീറ്ററുകൾ ബാംബുകൾ എന്നിവയുടെ ഉപയോഗം നാട്ടിൽ കുറയ്ക്കാനുള്ള പരിപാടി നടപ്പിലാക്കുക.

4. വൈദ്യുത മോഷണവും വൈദ്യുതി ഉപയോഗിച്ചുള്ള മീൻപിടുത്തവും തടയുവാൻ ജീവനക്കാരെ സഹായിയ്ക്കുക.

5. സ്ലാബ് സമ്പ്രദായം മാറ്റി ഉപയോഗിക്കുന്ന കറൻറിനുള്ള ചാർജ് അടയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുക.

6. ജെട്ടികളുടെ സമീപം വഴിവിളക്കുകൾ ഇല്ലാത്ത പ്രദേശത്തു് സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

7. വൈദ്യുത ചെലവു് കുറവുള്ള തരം ബൾബുകൾ ട്യൂബുകൾ, ഇലക്ട്രോണിക്സ് ചോക്ക്, മോട്ടോറുകൾക്കു് കപ്പാസിറ്ററുകൾ മുതലായവയ്ക്കു് പഞ്ചായത്തുകൂടി സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.

8. കയർ പിരിയിൽ പരിശീലനം കഴിഞ്ഞവർക്കു് റാട്ടു് പ്രവർത്തിപ്പിക്കുവാൻ വൈദ്യുതി കണക്ഷൻ കൊടുക്കുക.

9. അപകടകരമായ പോസ്റ്റുകൾ ഉടൻ മാറ്റുക. കഴിവതും പൊതു വഴിയിലേയ്ക്കാക്കുക.

10. വഴിവിളക്കുകൾക്കായുള്ള പുതിയ നിർദ്ദേശങ്ങൾ

i. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത മുഴുവൻ സ്ഥലത്തും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

ii. പുത്തൻ തോട്ടപ്പാലം മുതൽ മണിയററോഡിലും വഴി മൂലേശേരി നിലവുന്തറ പടഹാരം വഴി ചെമ്പുന്തറ തട്ടാശേരി മുതൽ പുത്തൻ തോട്ടവരെ (റോഡുവഴി) എടയാടി മുതൽ വാക്കിശേരി വരെ.

iii. കണ്ണൻകുട്ടിക്ക മുതൽ ആര്യാമ്പാക്കൽ വരെ

iv. N. S. S. H. S. ജെട്ടി മുതൽ ഗ്രൗണ്ട് വരെ (2 എണ്ണം) മൂലേശേരി മുതൽ ആറാറിറമ്പുവഴി N S S വരെ

v. പുതിയ P W D റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

11. കാവാലം ഇലക്ട്രിസിറ്റി ആഫീസിൻറെ പരിധിയിൽ നീലമ്പേരൂർ പഞ്ചായത്തിലെ ഉപഭോക്താക്കളെ കൂടി ഉൾപ്പെടുത്തി കാവാലം ഇലക്ട്രിക്കൽ പുഞ്ച സെക്ഷൻ ആഫീസ് ആരംഭിക്കുക. ഇതുമൂലം ഇവിടത്തെ കാർഷിക മേഖലയിലെയും വൈദ്യുതി വിതരണം കാര്യക്ഷമമാകും

12 വൈദ്യുത തകരാറുകൾപെട്ടെന്നു് ഹരിഹരിക്കുന്നതിനുവേണ്ടി കാവാലം ഇലക്ട്രിസിറ്റി ആഫീസിനു് വാഹനം അനുവദിക്കുക.

13 വാർഡ് അടിസ്ഥാനത്തിൽ വൈദ്യുത ഉപഭോക്താക്കളുടെ ഓരോ സമിതി രൂപീകരിച്ചു് K. S. E. B. ഉദ്യോഗസ്ഥനുമായി സഹകരിച്ചുകൊണ്ടു് വൈദ്യുതിയുടെ ധൂർത്തു്, മോഷണം എന്നിവയ്ക്കെതിരെയും വൈദ്യുതി ഉപയോഗം കുറയ്ക്കാനുള്ള നടപടികൾ എന്നിവയെക്കുറിച്ചും ബോധവല്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ വൈദ്യുതവിതരണം സുഗമമാക്കുന്നതിനു് ട്രിപ്പിംഗുകൾ വെട്ടലുകൾ മുതലായവ കർമ്മ പദ്ധതികൾക്കും രൂപം നൽകണം.

മാർക്കറ്റ്

കാവാലം പഞ്ചായത്തിലെ പ്രധാന വിഭവങ്ങൾ- നെല്ല്, വൈക്കോൽ, നാളികേരം, മത്സ്യം എന്നിവയാണ്. കന്നുകാലി വളർത്തൽ പ്രധാന തൊഴിലായി സ്വീകരിച്ചിരിയ്ക്കുന്നവരിൽ നിന്നും പാൽ വാങ്ങുവാൻ പര്യാപ്തമായ സംവിധാനമില്ല. അതുപോലെ തന്നെ കന്നുകാലികളുടെ വിസർജ്ജ്യ വസ്തുക്കൾ അമൂല്യമായ ജൈവവളമാക്കി മാറ്റാനും കഴിയാത്തത് പ്രധാനമായും മാർക്കറ്റിംഗിന്റെ തകരാറുമൂലമാണ്. ശരിയായ മാർക്കറ്റിംഗിനാവശ്യമായ അടിസ്ഥാന ഘടകമായ ഗതാഗത പ്രശ്നമാണ് ആദ്യമായി പരിഹരിക്കേണ്ടത്. ഓർക്കിഡ് കൃഷി, മുല്ലപ്പൂ കൃഷി, കൂൺ കൃഷി തുടങ്ങിയവയ്ക്ക് ഏറ്റവും യോജിച്ച കാലാവസ്ഥയാണ് ഇവിടെയുള്ളതെങ്കിലും ഇവിടെയും പ്രശ്നം മാർക്കറ്റിംഗ് തന്നെ. പ്രധാന വില്ലൻ ഗതാഗത പ്രശ്നവും. ആയതിനാൽ കാവാലം പഞ്ചായത്തിന്റെ സമഗ്രവികസനത്തിനു ഗതാഗതസൗകര്യം ഉണ്ടാക്കുക എന്നതാണ്. അതിൽക്കൂടി മാർക്കറ്റിംഗ് രംഗം ശക്തിപ്പെടുത്താൻ കഴിയും.

വാർഡ് - 1.

തൊണ്ട് ധാരാളമായി ലഭിക്കുന്ന ഈ വാർഡിൽ കയർ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനു സാധ്യത വളരെയാണ്. നാളികേരം, കയർ ഉത്പന്നങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പൊതുമാർക്കറ്റ് ഈ വാർഡിൽ സ്ഥാപിക്കേണ്ടതാണ്.

വാർഡ് - 2.

ഈ വാർഡിലെ പ്രധാന ഉല്പന്നങ്ങൾ, നാളികേരം, പച്ചക്കറികൾ, വാഴക്കുല, പച്ചക്കപ്പ തുടങ്ങിയ കാർഷിക വിഭവങ്ങളാണ്. മതിയായ മാർക്കറ്റിംഗ് സൗകര്യം തട്ടാശ്ശേരി ജംഗ്ഷനിൽ ആരംഭിച്ചാൽ ഈ വാർഡിന്റെ വികസനത്തിനു സഹായകരമാകുന്നതാണ്.

വാർഡ് - 3.

നാളികേരം പ്രധാനവിളയായി ലഭിക്കുന്ന ഈ വാർഡിൽ പൊതുമേഖലയിലോ - സഹകരണമേഖലയിലോ നാളീകേര സംസ്കരണ വിതരണ കേന്ദ്രം സ്ഥാപിക്കണം. മാവേലിസ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവ ആരംഭിക്കേണ്ടതു വളരെ പ്രധാനമാണ്.

''അന്തിച്ചന്ത'' ഇവിടെആരംഭിച്ചാൽ വളരെ വിജയ സാദ്ധ്യതയുള്ളതാണ്.

വാർഡ് - 4.

പൊതുമാർക്കറ്റ് ആരംഭിക്കണം. കാവാലം പഞ്ചായത്തിന്റെ സിരാകേന്ദ്രമായ മൂലേശ്ശേരി ജംഗ്ഷനിൽ പലചരക്കുകട അടക്കമുള്ള കാർഷിക വിഭവ മാർക്കറ്റ് ആരംഭിക്കണം.

വാർഡ് - 5.

കുറ്റിക്കാട്ട് ജംഗ്ഷനിൽ പൊതുമാർക്കറ്റ് നിർമ്മിക്കണം.

വാർഡ് - 6.

ആഴ്ചയിൽ രണ്ടുദിവസമെങ്കിലും പ്രവൃത്തിക്കുന്ന മത്സ്യ-മാംസ-പച്ചക്കറി മാർക്കറ്റുകൾ കോണത്തുചിറയിൽ സ്ഥാപിക്കണം.

വാർഡ് - 7.

പ്രധാനമായും പച്ചക്കറി കൃഷി നടക്കുന്ന ഒരുവാർഡാണ് 7-ാം വാർഡ്. പച്ചക്കറികൾ വിപണന സാധ്യതയില്ലാത്തതിനാൽ കർഷകർക്കു വൻ നഷ്ടമുണ്ടാകുന്നു. ആയതിനാൽ തച്ചാറ ജംഗ്ഷനിൽ ഒരു പച്ചക്കറി മാർക്കറ്റ് ആരംഭിക്കണം.

വാർഡ് - 8.

വളരെയധികം നെൽകൃഷിയുള്ള ഒരു വാർഡാണ് 8-ാം വാർഡ്- അതുപോലെതന്നെ ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികളും, കക്കാത്തൊഴിലാളികളും ധാരാളമുള്ള പ്രദേശമാണിത്. ഇവിടെ യാതൊരു വിധത്തിലുമുള്ള മാർക്കറ്റിംഗ് കേന്ദ്രം ഇല്ലാത്തത് കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും പ്രയാസം ഉണ്ടാക്കുന്നു. ആയതിനാൽ ഈ വാർഡിൽ ഒരു നെല്ലു സംഭരണ-വിതരണ കേന്ദ്രം, മത്സ്യ - കക്കാ ഇറച്ചി മാർക്കറ്റ് - മത്സ്യത്തൊഴിലാളികൾക്കു ആവശ്യമായ വല തുടങ്ങിയവ വാങ്ങുന്നതിനു ഒരു ''വ്യാസാ'' സ്റ്റോർ, ജൈവവളം ഡിപ്പോ, ഉണക്കപ്പുല്ല് ശേഖരിച്ചു കാലിത്തീറ്റ നിർമ്മാണ കേന്ദ്രം - ഡയറിയൂണിറ്റ് എന്നിവ ആരംഭിക്കേണ്ടതാണ്.

SKETCH OF KUTTANAD DEVELOPMENT AUTHORITY

Scale 1CM: 2.5K.M



ഗതാഗതം

